CARMEL INTERNATIONAL PUBLISHING HOUSE

# CATALOGUE 2023

# MALAYALAM TITLES

**CARMEL INTERNATIONAL PUBLISHING HOUSE**
Cotton Hill, Trivandrum-695 014, Kerala, India.
**Phone : 0471-2327253, Fax: 0471-2328191**
**Mobile : 094470 37580 WhatsApp 9446037253**
e-mail: ciphindia@gmail.com
www.carmelpublication.com

# MALAYALAM SECTION

## St. John of the Cross



### കർമ്മെലമലയേറ്റം ഇരുണ്ടരാത്രി

**വിശുദ്ധ യോഹന്നാൻക്രൂസ്**
**വിവ. ഫാ. ഹെർമൻ, ഒ.സി.ഡി.**

CIPH 144C

Pp: 508, ₹450.00

വി. യോഹന്നാൻ ക്രൂസിന്റെ അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ ആദ്ധ്യാത്മികജീവിത പുരോഗതിയുടെ വിവിധ തലങ്ങളെ പ്രതീകാത്മകമായി ചിത്രീകരിക്കുകയാണ്, മൗതിക ദൈവശാസ്ത്രത്തിൽ അതുല്യസ്ഥാനമുള്ള ഈ ഗ്രന്ഥത്തിൽ. സ്നേഹസായൂജ്യം പ്രാപിക്കുവാൻ താത്പര്യമുള്ളവർക്കെല്ലാം ഈ പുസ്തകം പ്രയോജനകരവും ആവശ്യവുമാണെന്നതിൽ തർക്കമില്ല.



### സ്നേഹഗീതം

**വിശുദ്ധ യോഹന്നാൻക്രൂസ്**
**വിവ. ഫാ. ഹെർമൻ, ഒ.സി.ഡി.**

CPC 31

Pp:284, ₹57.00

ബുദ്ധിക്കും വാക്കിനും അതീതമായ ദൈവമനുഷ്യബന്ധത്തെ ആവിഷ്ക്കരിക്കുവാൻ കവിക്ക് പ്രതീകങ്ങളെ ആശ്രയിക്കാതെ തരമില്ല. ആത്മമണവാളനായ യേശുവിനോട് ഐക്യം പ്രാപിക്കാനുള്ള എരിയുന്ന ആകാംക്ഷമൂലം യാതനെ അനുഭവിക്കുന്ന മനുഷ്യാത്മാവിന്റെ (വധുവിന്റെ) പ്രണയാർദ്രവും സ്നിഗ്ദ്ധ മധുരവുമായ ഒരു ആദ്ധ്യാത്മികവിലാപവും ലയനിർവൃതിയുമാണ് കമനീയമായ 'സ്നേഹഗീതം'.



### സ്നേഹജ്വാല

**വിശുദ്ധ യോഹന്നാൻക്രൂസ്**
**വിവ. ഫാ. ഹെർമൻ, ഒ.സി.ഡി.**

CIPH 306

Pp:142, ₹85.00

ഭൗതികശാസ്ത്രവിശാരദനും സ്പെയിനിലെ ആസ്ഥാനകവിയുമായിരുന്ന വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ ഈ ഗ്രന്ഥം ദൈവൈക്യത്തിന്റെ പരമോന്നതപദവിയിലെ ജീവിതവിവരണമാണ്.



### ലഘുകൃതികൾ

**വിശുദ്ധ യോഹന്നാൻക്രൂസ്**
**വിവ. ഫാ. ഹെർമൻ, ഒ.സി.ഡി.**

CPC 32

Pp:140, ₹55.00

പുണ്യപൂർണത പ്രാപിക്കുന്നതിനുവേണ്ട ഉപദേശങ്ങൾ, മുദ്രാവാക്യങ്ങൾ, ആത്മീയസൂക്തങ്ങൾ, കത്തുകൾ, കവിതകൾ, മുക്തകങ്ങൾ തുടങ്ങിയവയാണ് ഇതിന്റെ ഉള്ളടക്കം.




## കുരിശിന്റെ വിശുദ്ധ യോഹന്നാൻ

**ശൂന്യതയിൽ** ദൈവത്തെ കണ്ടെത്തിയ സ്നേഹോപാസകൻ
റിച്ചാർഡ് പി. ഹാർഡി
വിവ. ഡോ. ലൂക്ക് വരിക്കമാക്കൽ, ഒ.സി.ഡി.
(പരിഷ്ക്കരിച്ച മൂന്നാം പതിപ്പ്)

CIPH 246A
818787655100
pp 128; ₹100.00

വി. യോഹന്നാൻക്രൂസിന്റെ ആദ്ധ്യാത്മിക പഠനങ്ങൾ മനസ്സിലാക്കുന്നതിനുപകരിക്കത്തക്കവിധം പൂർണ്ണമായ പശ്ചാത്തലം ഒരുക്കുന്ന ഒരു പുസ്തകമാണിത്.




## മിസ്റ്റിക്കുകളുടെ മിസ്റ്റിക്ക് വി. യോഹന്നാൻ ക്രൂസ്

ജീവിതവും പഠനങ്ങളും
ഫാ. ജസ്റ്റിൻ അവണൂപറമ്പിൽ, ഒ.സി.ഡി.

CIPH 261A
pp 184; ₹125.00

നാലു നൂറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും ആത്മീയലോകത്ത് ഇന്നും ഒരു പ്രകാശഗോപുരംപോലെ ഉയർന്നുനിൽക്കുന്ന മിസ്റ്റിക് കവിയും ദൈവശാസ്ത്രജ്ഞനുമായ വി. യോഹന്നാൻ ക്രൂസിനെക്കുറിച്ച് തികഞ്ഞ ഗവേഷണപാടവത്തോടെ തയ്യാറാക്കിയ ഗ്രന്ഥം.




## ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക്

വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ സ്നേഹഗീതം
25 പ്രതിബിംബങ്ങളിലൂടെ
ഫാ. ജസ്റ്റിൻ അവണൂപറമ്പിൽ, ഒ.സി.ഡി.

CIPH 381
pp 125; ₹200.00

നാലു നൂറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും ആത്മീയലോകത്ത് ഇന്നും ഒരു പ്രകാശഗോപുരംപോലെ ഉയർന്നുനിൽക്കുന്ന മിസ്റ്റിക് കവിയും ദൈവശാസ്ത്രജ്ഞനുമായ വി. യോഹന്നാൻ ക്രൂസിനെക്കുറിച്ച് തികഞ്ഞ ഗവേഷണപാടവത്തോടെ തയ്യാറാക്കിയ ഗ്രന്ഥം.




## ആത്മാവാം ദൈവമേ

വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ ജീവിതത്തിലൂടെ
മേരി എഫ്രേംസ്

OUT OF STOCK

CIPH 422
pp 79; ₹100.00

വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ ജീവിതത്തിലൂടെ ഒരു യാത്ര.

## St. Teresa of Avila



### വിശുദ്ധ അമ്മത്രേസ്യയുടെ ആത്മകഥ

വിവ. മോൺ. തോമസ് മൂത്തേടൻ

**CIPH 156B**

pp 504; ₹450.00

ഒരു ആത്മകഥ എന്നതിലുപരി, അല്ലെങ്കിൽ അഭിലാഷങ്ങൾ തുറന്നെഴുതുന്ന ഒരു ഡയറി എന്നതിലുപരി വി. അമ്മത്രേസ്യയുടെ ഈ ഗ്രന്ഥം ആന്തരികജീവിതത്തിന്റെ അതിഭൗതിക യാഥാർത്ഥ്യങ്ങളെ ആവിഷ്കരിക്കുന്ന ഒന്നാണ്.



### ആഭ്യന്തരഹർമ്മ്യം

വി. അമ്മത്രേസ്യ

വിവ. ഫാ. ഹെർമൻ ഒ.സി.ഡി.

**CPC 87A**

Pp: 352; ₹150.00

ISBN 8187655070

തിരുസഭയുടെ മൗതികപ്രബോധകയായ ആവിലായിലെ വിശുദ്ധ അമ്മത്രേസ്യ രചിച്ച ഈ വിശ്വപ്രസിദ്ധകൃതി, മൗതിക രഹസ്യങ്ങൾ അന്വേഷിക്കുന്നവർക്കുള്ള ആധികാരികമായ ആധ്യാത്മിക ഗ്രന്ഥമാണ്.



### സുകൃതസരണി

വി. അമ്മത്രേസ്യ

വിവ: ഫാ. ഹെർമൻ ഒ.സി.ഡി.

**CPC 76A**

pp 256; ₹135.00

ISBN 8187655 429

ആധ്യാത്മിക പാതയിൽ സഞ്ചരിക്കുന്നവർക്ക്, വ്യക്തിപരമായ വിശുദ്ധീകരണത്തിനുവേണ്ടി ആത്മാർത്ഥമായി യത്നിക്കുന്നവർക്ക്, ഏറ്റവും ഉചിതമെന്നു കരുതപ്പെടുന്ന, ആത്മാവിന്റെ അനുദിനഭോജനം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഒരു കൃതിയാണിത്.




### മഠസ്ഥാപനചരിതം

വിശുദ്ധ അമ്മത്രേസ്യ

വിവ. മോൺ. തോമസ് മൂത്തേടൻ

**CIPH 258**

pp 272; ₹145.00

വി. അമ്മത്രേസ്യാ മഠങ്ങൾ സ്ഥാപിച്ചതിനു പിന്നിലുള്ള പ്രാർത്ഥനകളും യത്നങ്ങളും പ്രണിധാനജീവിതവുമാണ് 'മഠസ്ഥാപനചരിത'ത്തിൽ.



## അമ്മത്രേസ്യായുടെ ആദ്ധ്യാത്മികതയിലേക്ക്

ഡോ. അഗസ്റ്റിൻ വാലുമ്മേൽ, ഒ.സി.ഡി.

CIPH 276

pp 96; ₹60.00

ISBN 818765533ഃ

വിശുദ്ധ അമ്മത്രേസ്യയുടെ കാഴ്ചപ്പാടിലും അനുഭവത്തിലുമുള്ള പ്രാർത്ഥനയെ സംബന്ധിച്ചുള്ളതാണ് അഞ്ചാം അധ്യായം. അമ്മത്രേസ്യയുടെ സ്വായത്തമായ മൗതിക വിജ്ഞാനീയ മണ്ഡലത്തെക്കുറിച്ച് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ ഈ ലഘു ഗ്രന്ഥം വായനക്കാരെ സഹായിക്കും.



## ആത്മസൂക്തങ്ങൾ

വിശുദ്ധ അമ്മത്രേസ്യ

CIPH 297

pp 214; ₹145.00

ലോകശൂന്യതയുടെ അന്ധകാരത്തിൽനിന്നും ദൈവൈക്യപ്രാപ്തിക്കായുള്ള പാതയിൽ വെളിച്ചംവീശുന്ന ആദ്ധ്യാത്മികസൂക്തകങ്ങൾ... വിശ്വാസവും എളിമയും പ്രാർത്ഥനയും സഹനവും... ജീവിതംവഴി അർത്ഥപൂർണ്ണമാക്കിയ ആത്മീയപ്രബോധകയുടെ ആത്മദർശനങ്ങൾ.. ആത്മീയയാത്രയിൽ ഒരുപിടി പുണ്യങ്ങൾ അഭ്യസിക്കുവാൻ... ആത്മീയോപദേഷ്ടാക്കൾക്കൊരു പ്രബോധനഗ്രന്ഥം.



## ആവിലായിലെ വിശുദ്ധ അമ്മത്രേസ്യ ജീവിതവും പ്രബോധനങ്ങളും

ഡോ. പീറ്റർ ചക്യത്ത്

CIPH 341

pp 240; ₹180.00

വേദപാരംഗതയായ ആവിലായിലെ വിശുദ്ധ അമ്മത്രേസ്യയെക്കുറിച്ചുള്ള സമഗ്രപഠനമാണ് ഈ ഗ്രന്ഥം. അമ്മത്രേസ്യയുടെ ചരിത്രപശ്ചാത്തലത്തിലേക്കും ബൗദ്ധികരൂപീകരണത്തിലേക്കും വെളിച്ചം വീശുന്നതോടൊപ്പം ത്രേസ്യയുടെ ഓരോ കൃതിയെക്കുറിച്ചും ആഴമേറിയതും വിപുലവുമായ പഠനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാർത്ഥനാജീവിതത്തെക്കുറിച്ചുള്ള അമ്മത്രേസ്യയുടെ പ്രബോധനങ്ങളും വിശുദ്ധ ത്രേസ്യയുടെ ക്രിസ്തുദർശനവും പ്രേഷിതാഭിമുഖ്യവും ലളിതമായ ഭാഷയിൽ വിശദീകരിക്കുന്നു.



## നിവേശിത ധ്യാനനിർലീനത

**ഡോ. അഗസ്റ്റിൻ വാലുമ്മേൽ, ഒ.സി.ഡി.**

CIPH 183

pp 64; ₹40.00

പ്രാർത്ഥനയെക്കുറിച്ചുള്ള വിശുദ്ധ അമ്മത്രേസ്യയുടെ പ്രബോധനങ്ങളിലേയ്ക്കു തുറക്കുന്ന ഒരു ജാലകമാണ് ഈ കൃതി.

# St. Therese of Lisieux




## നവമാലിക

വിശുദ്ധ കൊച്ചുത്രേസ്യയുടെ ആത്മകഥ
വിവർത്തനം. ഫാ. ഹെർമൻ ഒ.സി.ഡി.

CIPH 154G

pp 368; ₹380.00

ISBN 9789380483023

സ്വർഗ്ഗത്തിലേക്കുള്ള കുറുക്കുവഴി നമ്മെ പഠിപ്പിക്കുന്ന അതിവിശിഷ്ട ഗ്രന്ഥമാണ്, വിശുദ്ധ കൊച്ചുത്രേസ്യയുടെ ആത്മകഥയായ 'നവമാലിക'. തിരുസഭയുടെ വേദപാരംഗതയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ ഹ്രസ്വവും ലളിതവുമായ ജീവിതത്തിന്റെ, വിശുദ്ധിയുടെ ഉള്ളറകളിലേയ്ക്കു പ്രവേശിക്കുവാൻ പ്രചോദനം നൽകുന്ന കൃതി.



## വിശുദ്ധ ചെറുപുഷ്പത്തിന്റെ അന്തിമ വചസ്സുകൾ

വിവ: ഡോ. പാട്രിക് മൂത്തേരിൽ, ഒ.സി.ഡി.

CPC 49

pp 308; ₹85.00

എങ്ങനെ ഒരു വിശുദ്ധ സഹിക്കുന്നു, സ്നേഹിക്കുന്നു, മരിക്കുന്നു എന്നു ദർശിക്കാൻ കഴിയുന്ന ഈ പുസ്തകത്തിൽ വി. കൊച്ചുത്രേസ്യായുടെ മരണപത്രിക വായനക്കാരനു കാണാം.



## സ്നേഹയജ്ഞം

വി. ചെറുപുഷ്പത്തിന്റെ ആദ്ധ്യാത്മിക വസ്തുനിഷ്ഠത
ഫാ. വിക്ടർ സയൺ
വിവ: ഫാ. പാട്രിക് മൂത്തേരിൽ, ഒ.സി.ഡി.

CPC 42

pp 220; ₹65.00

ലിസ്യൂവിലെ ചെറുപുഷ്പത്തെക്കുറിച്ചുള്ള ഏറ്റവും അഗാധവും വസ്തുനിഷ്ഠവുമായ ഒരു 'തെരേസ്യൻ ക്ലാസിക്ക്'. ഏതു കർമ്മമണ്ഡലത്തിലും സാഹചര്യത്തിലും ആത്മീയത അഭ്യസിക്കുന്നതിനും നിലനിറുത്തുന്നതിനും കഴിയുമെന്ന് വി. കൊച്ചുത്രേസ്യയിലൂടെ സമർത്ഥിക്കുന്ന ഗ്രന്ഥം.



## ഹൃദയത്തുടിപ്പുകൾ

വിവർത്തനം
ഫാ. ഹെർമൻ, ഒ.സി.ഡി.
സിസ്റ്റർ ഹംബെലിൻ, സി.എം.സി.
സമ്പാദകൻ: ഫാ. പാട്രിക് മൂത്തേരിൽ, ഒ.സി.ഡി.

CIPH 462

pp 214; ₹250.00

ആധുനികകാലത്തെ ഏറ്റവും വലിയ വിശുദ്ധയായ ലിസ്യൂവിലെ ചെറുപുഷ്പം ഒന്നാംതരം ഒരു മിസ്റ്റിക് കവയിത്രിയാണ്. അവളുടെ ഹൃദയം ശരിക്കു മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർ അവൾ രചിച്ചിട്ടുള്ള ആത്മകഥയോടൊപ്പം അവളുടെ കവിതകളും ഏകാങ്കങ്ങളുംകൂടി വായിച്ചുപഠിക്കണം. അതിന് നമുക്ക് വളരെ സഹായകമാണ് ഈ "ഹൃദയത്തുടിപ്പുകൾ."



## പ്രാർത്ഥനാസരണിയിൽ വിശുദ്ധ ചെറുപുഷ്പത്തോടൊത്ത്

ഫാ. വിക്ടർ സയൺ

വിവ: ഫാ. പാടിക് മൂത്തേരിൽ, ഒ.സി.ഡി.

CIPH 61A

pp 100; ₹130.00

“ദൈവരാജ്യം നമ്മുടെ ഉള്ളിലാണ്” (ലൂക്കാ 17:21) എന്ന വചനത്തിന്റെ അവഗാഹവും അനുഭവനിഷ്ഠവുമായ ജ്ഞാനത്തിലേക്ക് അടുപ്പിക്കുന്ന വി. കൊച്ചുത്രേസ്യയുടെ പ്രാർത്ഥനകളെ പ്രതിപാദിക്കുന്നതാണ് ഈ ലഘു ഗ്രന്ഥം.



## ലിസ്യൂവിലെ സ്നേഹോദ്യാനം

ഫാ. ജോസഫ് മറ്റം, ഒ.സി.ഡി.

CIPH 279

pp 64; ₹35.00

ISBN 8187655364

വി. കൊച്ചുത്രേസ്യായുടെ ആധ്യാത്മികവളർച്ചയ്ക്കു സ്വന്തം കുടുംബത്തിന്റെ സംഭാവന എന്തായിരുന്നു എന്നതാണ് ഈ ചെറിയ ഗ്രന്ഥത്തിന്റെ പ്രതിപാദ്യവിഷയം.



## വിശുദ്ധ കൊച്ചുത്രേസ്യയുടെ കത്തുകൾ

വിവ: പാടിക് മൂത്തേരിൽ

CIPH 272A

pp 568; ₹700.00

ISBN 9789380483641

വിശുദ്ധ കൊച്ചുത്രേസ്യായുടെ കത്തുകളുടെ ബൃഹത്സമാഹാരം. ഈ കത്തുകളെയെല്ലാം ഏഴു ഘട്ടങ്ങളിലായി തിരിച്ചിരിക്കുന്നു.



## കൊച്ചുത്രേസ്യയുടെ ദൈവവിളി

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

CPC 134

pp 248; ₹40.00

ദൈവത്തിന്റെ സജീവമായ ഇടപെടലിന്റെ അനുഭവം പങ്കുവയ്ക്കുന്ന കൊച്ചുത്രേസ്യായുടെ “ഒരു ആത്മാവിന്റെ ചരിത്രം” വായിക്കുന്നവർക്ക് ഒരു പുതിയ അനുഭവലോകമാണ് തുറന്നുകിട്ടുക. ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതകഥയുടെ സംക്ഷിപ്തരൂപം.



## വിശുദ്ധ കൊച്ചുത്രേസ്യയുടെ മൗതിക പുഷ്പങ്ങൾ

വിവ: ഫാ. പാടിക് മൂത്തേരിൽ, ഒ.സി.ഡി.

CPC 77

pp 132; ₹60.00

വിശുദ്ധ കൊച്ചുത്രേസ്യ രചിച്ച ഇരുപത്തിയൊന്നു പ്രാർത്ഥനകളും ഇതര ലഘുകൃതികളുമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.



## വിശുദ്ധ കൊച്ചുത്രേസ്യയുടെ കത്തുകൾ (Vol.II)

വിവ: പാടിക് മൂത്തേരിൽ

**CIPH 396A**

pp 568; ₹650.00

വിശുദ്ധ കൊച്ചുത്രേസ്യായുടെ കത്തുകളുടെ ബൃഹത്സമാഹാരം. ഈ കത്തുകളെയെല്ലാം ഏഴു ഘട്ടങ്ങളിലായി തിരിച്ചിരിക്കുന്നു.



## ചെറുപുഷ്പോപാസന

ഫാ. ഡോ. ജോർജ് കല്ലടാന്തിയിൽ CST

**CIPH 481**

pp 176; ₹180.00

ഈ ഗ്രന്ഥം വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതവും വ്യക്തിത്വവും ദർശനങ്ങളും ഒരു ധ്യാനമായി വായനക്കാരിലേക്ക് എത്തിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതത്തെ വിശുദ്ധ ഗ്രന്ഥത്തോടും സഭാപ്രബോധനങ്ങളോടും ചേർത്ത് സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരു അന്വേഷകന്റെ കൗതുകത്തോടെ ഫാ. കല്ലടാന്തിയിൽ നടത്തുന്ന ആത്മീയയാത്രയാണിത്. തന്നോടൊപ്പം വായനക്കാരെയും ചെറുപുഷ്പ ആദ്ധ്യാത്മികതയുടെ പടവുകൾ കയറാൻ പ്രേരിപ്പിക്കുന്ന രചനാവൈഭവം. ലാളിത്യത്തിന്റെ തെരേസിയൻ വഴികളെ അതിലേറെ ലളിതമായി വരച്ചുകാട്ടുന്ന ഈ ഗ്രന്ഥം ആത്മീയനവീകരണത്തിന്റെ പുതിയ വഴികൾ തേടുന്ന എല്ലാവർക്കും നല്ലൊരു മാർഗദീപമായിരിക്കും.''



## ചെറുപുഷ്പരചനകൾക്ക് ഒരാമുഖം

ഫാ. ജസ്റ്റിൻ അവണൂപറമ്പിൽ OCD

**CIPH 523**

pp 212; ₹250.00

സാർവ്വത്രികസഭയുടെ വേദപാരംഗതയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ കൃതികളെപ്പറ്റിയുള്ള വിശദമായ വിവരണവും പഠനവും.



## ചെറുപുഷ്പം: ആത്മീയശിശുത്വത്തിന്റെ പാത

ഫാ. ജെയിംസ് മുണ്ടയ്ക്കൽ

**CIPH 583**

Pp.200; ₹230.00

ISBN 978-93-90096-43-5

ആദ്ധ്യാത്മികശിശുത്വത്തിന്റെ രഹസ്യം നമുക്ക് വിശദീകരിച്ചുതരുവാൻ, ആധുനികലോകത്തിന് രക്ഷയിലേക്കുള്ള വഴി സുനിശ്ചിതമാക്കാൻ, സ്വർഗ്ഗത്തിൽനിന്നയച്ച ദൈവവചനമായ ചെറുപുഷ്പത്തിന്റെ (പതിനൊന്നാം പീയൂസ് പാപ്പ) പ്രസക്തവചനങ്ങൾ ആദ്ധ്യാത്മികശിശുത്വത്തിന്റെ പാത എന്ന ഈ ചെറുഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നു. ക്രൈസ്തവആദ്ധ്യാത്മികതയുടെ കാതലായ ആദ്ധ്യാത്മിക ശിശുത്വത്തിലേക്കുള്ള ഉണർത്തുപാട്ടാണ് ചെറുമയുടെ ഈ പുസ്തകം.



## വിശുദ്ധ കൊച്ചുത്രേസ്യാ

ആത്മീയസരണിയിൽ നമ്മുടെ ഗുരുനാഥ

സി. ഡോ. സിൽവിയ മാത്യു എം.എൽ.എഫ് (എഡിറ്റർ)

CIPH 543

Pp. 264 ₹300.00

ISBN 978-93-91296-88-9

വിശുദ്ധ കൊച്ചുത്രേസ്യയെപ്പറ്റിയുള്ള 22 പ്രൗഢലേഖനങ്ങൾ.

## St. Edith Stein



### എഡിത്ത് സ്റ്റൈൻ

വി. തെരേസ ബെനഡിക്ട, ഒ.സി.ഡി.
ഡോ. സഖറിയാസ് കരിയിലക്കുളം, ഒ.സി.ഡി.
Revised Edition

CIPH 536

Pp.80; ₹100.00
ISBN 978-93-91296-77-3

സത്യത്തെ തേടുന്നതുതന്നെ ഒരു പ്രാർത്ഥനയാണെന്നു പറഞ്ഞിട്ടുള്ള എഡിത്ത് സ്റ്റൈനിന്റെ ജീവിതത്തിലേക്കുള്ള ഒരെത്തിനോട്ടമാണ് ഈ പുസ്തകം.



### സ്ത്രീ
### വി. ഈഡിത്ത് സ്റ്റൈൻ

പരിഭാഷ: സിസ്റ്റർ ഡോ. പ്രസന്ന സി.എം.സി.

CPC 136

Pp.310; ₹135.00
ISBN 81-87655-94-1

സ്ത്രീ ദൗത്യത്തെക്കുറിച്ചും സ്ത്രീകളുടെ സമകാലീനപ്രശ്നങ്ങളെക്കുറിച്ചും 1930-കളിൽ ഈഡിത്ത് നല്കിയ പ്രഭാഷണങ്ങളുടെ സമാഹാരമാണ് 'സ്ത്രീ'



### ഒരു യഹൂദ കുടുംബത്തിലെ ജീവിതം
### വിശുദ്ധ ഈഡിത്ത് സ്റ്റൈനിന്റെ ആത്മകഥ

പരിഭാഷ: വിവർത്തനം: പ്രൊഫ. പി.സി. ചാക്കോ

CIPH 145

Pp. 583; ₹ 290.00

യാഥാസ്ഥിതിക യഹൂദകുടുംബത്തിൽ ജനിച്ചുവളർന്ന, തത്ത്വശാസ്ത്രത്തിൽ പഠനവും ഗവേഷണവും നടത്തി, ലോകപ്രശസ്ത തത്ത്വശാസ്ത്രജ്ഞൻ എഡ്മണ്ട് ഹുസ്റലിന്റെ ശിഷ്യയും സഹപ്രവർത്തകയും ആയിത്തീർന്ന്, വിഖ്യാതമായ അരഡസനോളം തത്ത്വശാസ്ത്രഗ്രന്ഥങ്ങളും അനേകം പ്രബന്ധങ്ങളും രചിച്ച് പ്രശസ്തയായിത്തീർന്ന ഒരു ജർമ്മൻ വനിതാരത്നം.

ഒരു യഹൂദകുടുംബത്തിലെ ജീവിതം ആത്മകഥകളിൽ വേറിട്ടുനിൽക്കുന്ന ഒരനുഭവമാണ്.

# St Elizabeth of the Trinity



## മഹത്വകീർത്തനം

വാഴ്ത്തപ്പെട്ട എലിസബത്ത്

ഫാ. സിറിയക് തെക്കേകൂറ്റ്, എം.സി.ബി.എസ്

Third Edition

**CPC 82A**

Pp.128; ₹55.00

ISBN 81-87655-09-7

പരിശുദ്ധ ത്രിത്വത്തിന്റെ വാഴ്ത്തപ്പെട്ട എലിസബത്തിന്റെ ചിന്തകളെക്കുറിച്ചും രചനകളെക്കുറിച്ചും ജീവിതത്തെക്കുറിച്ചുമുള്ള പഠനമാണ് ഈ ഗ്രന്ഥം.



## പരിശുദ്ധ ത്രിത്വത്തിന്റെ വാഴ്ത്തപ്പെട്ട എലിസബത്ത് ചില പഠനങ്ങൾ

ഫാ. സഖറിയാസ് കരിയിലക്കുളം, ഒ.സി.ഡി.

**CPC 133**

Pp.112; ₹55.00

ISBN 81-87655-88-7

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അനന്തമായ സ്നേഹത്താൽ സ്വയം കീഴടക്കപ്പെട്ട് ആ സ്നേഹത്താൽ സ്നേഹിക്കപ്പെട്ട് ത്രിത്വജീവിതത്തിലേക്ക് ഉൾച്ചേർന്ന ത്രിത്വത്തിന്റെ വാഴ്ത്തപ്പെട്ട എലിസബത്തിന്റെ ആദ്ധ്യാത്മികതയിലേക്ക് വെളിച്ചം വീശുവാൻ ഉതകുന്ന ഒരു ഗ്രന്ഥമാണിത്.

# GENERAL CARMELITE TITLES



## അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ

CPC 99A

ഫാദർ സെഡ്. എം. മുഴൂർ

Pp.324; ₹160.00

ISBN 81-87655-30-5

ജീവിതവ്യഗ്രതയ്ക്കും തിരക്കിനുമിടയിൽ നാം കൈവിട്ടുപോയ ദൈവൈക്യത്തിന്റെ സുന്ദരനിമിഷങ്ങൾ അരൂപിയുടെ മേലൊപ്പുള്ള ചാവറയച്ചനിൽ നാം ദർശിക്കുന്നു. സെഡ്. എം. മുഴൂർ അച്ചന്റെ ഈ ഗ്രന്ഥം അതിന് നമ്മെ സഹായിക്കുകയും ചെയ്യുന്നു.



## വിശുദ്ധ ചാവറയച്ചൻ ഗിരിശൃംഗത്തിലെ കാവൽവിളക്ക്

CIPH 301

സിസ്റ്റർ മരീന, സി.എം.സി.

Pp.182; ₹130.00

ആത്മീയമായ അന്വേഷണത്തിന്റെ ശൈലിയിൽ ചാവറയച്ചന്റെ ജീവിതവും പ്രവർത്തനശൈലിയും അപഗ്രഥനതലത്തിൽ സമന്വയിപ്പിക്കുന്ന ഈ ഗ്രന്ഥം ആത്മീയാന്വേഷകർക്കും ചാവറഭക്തർക്കും ഒരു മുതൽക്കൂട്ടാണ്.



## കർമ്മെലസഭയിലെ വിശുദ്ധർ

CPC 104

ഡോ. സഖറിയാസ് കരിയിലക്കുളം, ഒ.സി.ഡി.

Pp. 104; ₹50.00

ISBN 81-87655-38-0

ഡോ. സഖറിയാസ് കരിയിലക്കുളം രചിച്ച ഈ ഗ്രന്ഥത്തിൽ നിഷ്പാദുക കർമ്മെലീത്താ സഭയിലെ വിശുദ്ധപദവിയിലെത്തിയവരും നാമകരണ നടപടികൾ ആരംഭിച്ചിട്ടുള്ളവരുമായ 42 പുണ്യാത്മാക്കളുടെ ജീവിതം ഹ്രസ്വമായി വിവരിക്കുന്നു.



## കാർമ്മെലിലെ ഉജ്ജ്വലതാരം ദൈവദാസി മദർ വെറോണിക്ക

CPC 146

സിസ്റ്റർ മരിയ അമല ഏ.സി.

Pp. 104; ₹50.00

ISBN 978-81-90613-17-0

സ്ത്രീവിദ്യാഭ്യാസത്തിന്റെ മധ്യസ്ഥ എന്നു വിശേഷിപ്പിക്കാവുന്ന ദൈവദാസി മദർ വെറോണിക്കയുടെ സവിശേഷതകളായ ദൈവഹിതത്തോടുള്ള വിധേയത്വം, ദൃഢമായ ദൈവവിശ്വാസം, സഹനങ്ങളേറ്റു വാങ്ങുന്നതിലുള്ള വീരോചിതമായ ശക്തി, ജ്വലിക്കുന്ന ദൈവസ്നേഹം എന്നീ ഗുണങ്ങൾ കുട്ടികൾക്കും മുതിർന്നവർക്കും ഒരേപോലെ അനുഭവവേദ്യമാക്കുകയാണ്, "കാർമ്മെലിലെ ഉജ്ജ്വലതാരം ദൈവദാസി മദർ വെറോണിക്ക" എന്ന ഈ ലഘുഗ്രന്ഥം.



## ലയം

ജീവചരിത്രനോവൽ

ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

CIPH 250

Pp. 632 ₹290.00

വിശ്വാസജീവിതത്തിന്റെ ആകാശങ്ങളിൽ നക്ഷത്രശോഭ ചൊരിഞ്ഞുനിൽക്കുന്ന വിശുദ്ധരെന്ന നിലയിൽ സ്പെയിനിലെ വിശുദ്ധ ത്രേസ്യയും ജർമ്മനിയിലെ വിശുദ്ധ ഈഡിത്ത് സ്റ്റൈനും ചരിത്രത്തിന്റെ സുവർണ്ണസ്മൃതികളിൽ അനശ്വരമായ ചൈതന്യം പ്രസരിപ്പിച്ചുകൊണ്ട് കാലത്തിനൊപ്പം സഞ്ചരിക്കുന്നു. ആഖ്യാനകലയുടെ ലാളിത്യവും സൗന്ദര്യവും ഈ നോവലിനെ ഹൃദയസ്പൃക്കായ ഒരു കലാസൃഷ്ടിയാക്കിത്തീർത്തിരിക്കുന്നു. കഥാപാത്രങ്ങളുടെ ജീവിതത്തിലെ ഗഹനതയാർന്ന നിമിഷങ്ങളിൽ ധ്യാനത്തിന്റെയും തപസ്സിന്റെയും ആഴമേറിയ അനുഭവങ്ങൾ സൃഷ്ടിച്ച് ആധ്യാത്മികതയുടെ ഹൃദയലാവണ്യംകൊണ്ട് അലങ്കരിച്ച ഈ നോവലിന്റെ ദാർശനികഭംഗിയാണ് വായനക്കാരെ ഏറെ ആകർഷിക്കുന്നത്.



## ഭരണങ്ങാനത്തെ കെടാവിളക്കും ലിസ്യൂവിലെ റോസാപ്പൂവും

ഡോ. എബ്രഹാം കൊറ്റനല്ലൂർ സി.എസ്.ടി.

CIPH 167B

Pp. 120; ₹75.00

978-93-80483-15-3

വിശുദ്ധ കൊച്ചുത്രേസ്യായുടെ ആദ്ധ്യാത്മികതയുടെ പശ്ചാത്തലത്തിൽ ഭാരതചെറുപുഷ്പം എന്ന് വിഖ്യാതയായി മാറിയിരിക്കുന്ന വിശുദ്ധ അൽഫോൻസായുടെ ആത്മീയധാരകളിലേക്കുള്ള എത്തിനോട്ടമാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യ ഉള്ളടക്കം.



## ഫാ. അദെയോദാത്തൂസ്, ഒ.സി.ഡി. - ചില ഓർമ്മക്കുറിപ്പുകൾ

ഫാ. ജെയിംസ് റ്റി. ഞാറയ്ക്കാട്ട്

CIPH 153

Pp. 128; ₹64.00

ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.-ചില ഓർമ്മക്കുറിപ്പുകൾ എന്ന ഈ പുസ്തകം വരച്ചുകാട്ടുന്നത് ക്രൈസ്തവമൂല്യങ്ങളെ മുറുകെപിടിച്ചുകൊണ്ടുള്ള ഫാ. അദെയോദാത്തൂസിന്റെ ജീവിതാനുഭവങ്ങളാണ്. ഈ പുസ്തകം വെറുമൊരു ഓർമ്മക്കുറിപ്പല്ല. മറിച്ച് ഒരു മിഷണറിയുടെ ജീവിതമാണ്.



## മുതിയാവിള വലിയച്ചൻ അഥവാ ഫാ. അദെയോദാത്തൂസ്, ഒ.സി.ഡി.

ഫാ. ഡോ. സഖറിയാസ് കരിയിലക്കുളം ഒ.സി.ഡി.

CPC139

Pp. 40; ₹15.00

മിഷൻ പ്രവർത്തനം എന്നത് കേവലം മതബോധനം മാത്രമല്ലെന്നും അതു മഹത്തായ മനുഷ്യസേവനം കൂടിയാണെന്നും നമ്മെ പഠിപ്പിച്ച മനുഷ്യസ്നേഹിയായ മിഷനറിയായിരുന്നു മുതിയാവിള വലിയച്ചൻ എന്ന ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.



## ഞാൻ കണ്ട വിശുദ്ധൻ ആർച്ച്ബിഷപ്പ് ബെൻസിഗർ

CPC131

ഫാ. ബർണർഡിൻ വല്ലാത്തറ, ഒ.സി.ഡി.

Pp. 288; ₹125.00

ISBN 81-876558-5-2

ആർച്ച്ബിഷപ്പ് ബെൻസിഗറിന്റെ ജീവചരിത്രമാണി ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. ഒരു മിഷണറിയായി ഭാരതത്തിലെത്തിയ ബെൽജിയം സ്വദേശിയായ കർമ്മെലീത്താ സന്യാസവൈദികൻ, മൂന്നു പതിറ്റാണ്ടുകൾ ദീർഘിച്ച മെത്രാൻ ശുശ്രൂഷയിലൂടെ കേരള സഭയ്ക്കും ഭാരതസഭയ്ക്കു മുഴുവനും അഭിമാനവും അനുഗ്രഹവുമായി മാറിയ ജീവചരിത്രസ്വഭാവമുള്ള ഈ പുസ്തകം, പിതാവിനോടൊത്തു ജീവിക്കുന്നതിനു ഭാഗ്യം ലഭിച്ച ബഹു. ബർണർഡിൻ വല്ലാത്തറ, ഒ.സി.ഡി. രചിച്ചതാണ്.




## സെയ്ന്റ് ജോസഫ്

CIPH 464

ഫാ. ആന്റണി ഒ.സി.ഡി. പുല്ലിച്ചിറ

Pp. 235; ₹190.00

യേശുവിന്റെ ''വളർത്തുപിതാവായ'' ജോസഫിനെപ്പറ്റി സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നതിൽ കൂടുതലായി എന്തെങ്കിലും അറിയാൻ സാദ്ധ്യതയുണ്ടോ? ''അപ്പോക്രിഫൽ'' സുവിശേഷങ്ങളും ഐതിഹ്യങ്ങളും പാരമ്പര്യവും മദ്ധ്യശതക കലാസൃഷ്ടികളും ജോസഫിനെക്കുറിച്ച് എന്തു പറയുന്നു? അദ്ദേഹം ദാവീദിന്റെ പുത്രനാകുന്നതെങ്ങനെ? നിത്യകന്യാവ്രതം സ്വീകരിച്ച ഒരുവളുമായി ബോധപൂർവ്വം നടത്തിയ വിവാഹം വാസ്തവമാകുമോ? ''വളർത്തുപിതാവ്'' എന്നതിലുപരി ജോസഫിന്റെ പിതൃത്വത്തിൽ എന്തെങ്കിലുമുണ്ടോ? മനുഷ്യകുലപരിത്രാണത്തിൽ അദ്ദേഹം നല്കിയ സഹകരണത്തിന്റെ സ്വഭാവമെന്ത്? സ്വർഗ്ഗസ്ഥരുടെ നിരയിൽ മാദ്ധ്യസ്ഥശക്തിയിലും മഹിമയിലും അദ്ദേഹത്തിന്റെ സ്ഥാനമെവിടെ? ജോസഫിനോടുള്ള ഭക്തിയുടെ ചരിത്രം എങ്ങനെ? - എന്നുതുടങ്ങി വി. ജോസഫിനെസ്സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ട എല്ലാ മുഖ്യവിഷയങ്ങളും ചരിത്രപരവും ശാസ്ത്രീയവും ദൈവശാസ്ത്രപരവുമായ പശ്ചാത്തലത്തിൽ ഗ്രന്ഥകാരൻ ലളിതസുന്ദരമായ ഭാഷയിൽ അവതരിപ്പിക്കുകയാണ് ഈ കൃതിയിൽ.



## തുഷാരം

### ദൈവദാസൻ ബിഷപ്പ് ജെറോമിന്റെ ജീവിതസരണിയിലൂടെ

CIPH 473

എഡിറ്റർ: സിസ്റ്റർ ജെസ്സി തോമസ്, എം.എസ്.എസ്.റ്റി

Pp. 144; ₹160.00

ദൈവദാസനായ ബിഷപ്പ് ജെറോം ഫെർണാണ്ടസിനെക്കുറിച്ച് എം.എസ്.എസ്.റ്റി. സന്ന്യാസിനി സമൂഹാംഗങ്ങൾ എഴുതിയ പതിനാലു ലേഖനങ്ങൾ സമാഹരിച്ച്, സിസ്റ്റർ ജെസ്സി തോമസ്സ് എം.എസ്.എസ്.റ്റി. തയ്യാറാക്കിയതാണ് ഈ ചെറുഗ്രന്ഥം. ജെറോം പിതാവിന്റെ വ്യക്തിത്വത്തെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചും, പിതാവ് രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കുന്നതിനുമുമ്പേ പ്രാവർത്തികമാക്കിയ സാംസ്കാരികാനുരൂപണത്തെക്കുറിച്ചും, പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും അരികുജീവിതങ്ങളോടുമുള്ള പക്ഷംചേരലിനെക്കുറിച്ചും ഈ പുസ്തകം ചർച്ചചെയ്യുന്നു.



## വിൻസെന്റ് മരിയ അച്ചന്റെ പൗരസ്ത്യ ഇന്ത്യയിലേക്കുള്ള യാത്ര

CIPH OTH9

വിവർത്തകൻ
ഫാ. പാടിക് മൂത്തേരിൽ ഒ.സി.ഡി.

Pp. 733; ₹1000.00

പൗരസ്ത്യ ഇന്തയിയലേക്കുള്ള ബഹു. വിൻസെന്റ് മരിയ അച്ചന്റെ യാത്രകളുടെ സമ്പൂർണ്ണ വിവരണം. വായനയുടെ സൗകര്യാർത്ഥവും വിഷയക്രമമനുസരിച്ചും പുസ്തകത്തെ അഞ്ചുഭാഗങ്ങളാക്കി വിവരിക്കുകയാണിവിടെ.



## പൗരസ്ത്യ ഇന്ത്യയിലെ ക്രൈസ്തവസമൂഹങ്ങൾ

CIPH OTH10

(INDIA ORIENTALIS CHRISTIANA)
വി. ബർത്തലോമിയുടെ പൗളിനോസ് പാതിരി
വിവർത്തകൻ: ഫാ. പാടിക് മൂത്തേരിൽ ഒ.സി.ഡി.

Pp. 280; ₹500.00

സഭകളുടെ ആരംഭം - മെത്രാന്മാരുടെ പരമ്പര - മിഷനുകൾ - ശീശ്മകൾ - വേദഞെരുക്കങ്ങൾ - രാജാക്കന്മാർ - സമുന്നത വ്യക്തികൾ തുടങ്ങിയ വിഷങ്ങളെപ്പറ്റി നിഷ്പാദുക കർമ്മെലീത്താ സഭാംഗമായ വി. ബർത്തലോമിയുടെ പൗളിനോസ് പാതിരിയുടെ വിശദമായ പ്രതിപാദനം



## തെക്കൻ കേരളത്തിന്റെ വിശ്വാസദീപം ദൈവദാസൻ അദെയോദാത്തൂസ്

CIPH 530

Pp. 168 ₹200.00

ഫാ. മൈക്കിൾ ഒ.സി.ഡി.

ദൈവദാസൻ അദെയോദാത്തൂസ് എന്ന വല്യച്ചനുമായി ബാല്യം മുതൽ സെമിനാരിയിൽ ചേരുന്നതുവരെ അടുത്തിടപഴകിയിട്ടുള്ള വ്യക്തിയാണ് മുതിയാവിള ഇടവകക്കാരനായ ഗ്രന്ഥകാരൻ. വല്ല്യച്ചന്റെ ജന്മനാടായ ബെൽജിയം സന്ദർശിക്കുകയും വിലപ്പെട്ട രേഖകളും ചിത്രങ്ങളും ശേഖരിക്കുകയും ചെയ്തതിനാൽ വല്ല്യച്ചനെക്കുറിച്ചുള്ള ജീവചരിത്രത്തിന്റെ പ്രഥമ സ്രോതസ്സായി മാറുന്ന ഈ ഗ്രന്ഥത്തിൽ കാലഘട്ടത്തിന്റെ സാമൂഹിക സാംസ്കാരിക പ്രേഷിത പശ്ചാത്തലവും കൂടി പ്രതിഫലിക്കുന്നു.

# PAPAL DOCUMENTS

## POPE FRANCIS



**വിശ്വാസത്തിന്റെ വെളിച്ചം** (Lumen Fidei)
ഫ്രാൻസീസ് മാർപാപ്പ
വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.
OUT OF STOCK
Pp. 80 ₹40.00
CIPH 237A1

വിശ്വാസത്തെക്കുറിച്ചുള്ള ഫ്രാൻസീസ് മാർപാപ്പയുടെ പ്രഥമ ചാക്രികലേഖനം.



**സുവിശേഷത്തിന്റെ ആനന്ദം**
(The Joy of the Gospel)
ഫ്രാൻസീസ് മാർപാപ്പ
വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.
Pp. 304 ₹150.00
CIPH 244C

ഇന്നത്തെ ലോകത്തിലെ സുവിശേഷപ്രഘോഷണത്തെക്കുറിച്ച് മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായവിശ്വാസികൾക്കുമായി ഫ്രാൻസീസ് മാർപാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ആഹ്വാനം.



**ആനന്ദത്തിന്റെ സാക്ഷികൾ**
(Witnesses of Joy)
OUT OF STOCK
ഫ്രാൻസീസ് മാർപാപ്പ
വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.
Pp. 40 ₹20.00
CIPH 264A

സന്യസ്തവർഷത്തോടനുബന്ധിച്ച് പരിശുദ്ധപിതാവ് പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനം.



**അങ്ങേയ്ക്ക് സ്തുതി**
(Laudato si')
ഫ്രാൻസീസ് മാർപാപ്പ
വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.
Pp. 288 ₹140.00
CIPH 290A1

പരിസ്ഥിതിയെ സംബന്ധിച്ച് ഫ്രാൻസീസ് മാർപാപ്പ പുറപ്പെടുവിച്ച ചാക്രികലേഖനം.



**ആനന്ദിച്ച് ആഹ്ലാദിക്കുവിൻ**
ഫ്രാൻസീസ് മാർപാപ്പ
Pp. 144 ₹100.00
CIPH 358B

ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് ഫ്രാൻസീസ് മാർപാപ്പയുടെ അപ്പസ്തോലിക ഉദ്ബോധനം.




## സ്നേഹത്തിന്റെ ആനന്ദം

(Amoris Laetitia - The Joy of Love)

ഫ്രാൻസീസ് മാർപാപ്പ

CIPH 315B

Pp. 352 ₹180.00

മെത്രാന്മാർക്കും, വൈദികർക്കും ഡീക്കന്മാർക്കും സമർപ്പിതജീവിതം നയിക്കുന്നവർക്കും ക്രൈസ്തവരായ വിവാഹിതദമ്പതികൾക്കും എല്ലാ അല്മായ വിശ്വാസികൾക്കും കുടുംബത്തിലെ സ്നേഹത്തെക്കുറിച്ച് ഫ്രാൻസീസ് മാർപാപ്പയുടെ സിനഡനന്തര അപ്പസ്തോലിക ആഹ്വാനം.




## കാരുണ്യത്തിന്റെ മുഖം

ഫ്രാൻസീസ് മാർപാപ്പ

CIPH 285A

OUT OF STOCK

Pp. 64 ₹30.00

കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള പരിശുദ്ധപിതാവിന്റെ പ്രബോധനം.




## കാരുണ്യവും കഷ്ടതയും

**(Misericordia et Misera)** (അപ്പസ്തോലിക ലേഖനം)

ഫ്രാൻസീസ് മാർപാപ്പ

CIPH 328

OUT OF STOCK

Pp. 48 ₹30.00

കാരുണ്യവർഷത്തോടനുബന്ധിച്ച് പരിശുദ്ധപിതാവ് പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനം.




## കുടുംബത്തെ ആഘോഷമാക്കുക

ഫ്രാൻസീസ് മാർപാപ്പ

CIPH 325B

OUT OF STOCK

Pp. 224 ₹260.00

കുടുംബങ്ങൾക്കുവേണ്ടിയുള്ള 2014 ഒക്ടോബറിലെയും 2015 ഒക്ടോബറിലെയും രണ്ടു സിനഡുകളുടെ ഇടവേളയിൽ ഫ്രാൻസീസ് മാർപാപ്പ നല്കിയ 35 പ്രബോധനങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.




## പ്രത്യാശയുടെ പരിപോഷണം

ഫ്രാൻസീസ് മാർപാപ്പ

CIPH 349

Pp. 184 ₹150.00

ക്രൈസ്തവപ്രത്യാശയെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ഫ്രാൻസീസ് മാർപാപ്പയുടെ 37 പ്രബോധനപരമ്പരയുടെ സമാഹാരം.



## പുരോഹിതന്റെ ഹൃദയകാതൽ

ഫ്രാൻസീസ് മാർപാപ്പ

**CIPH 362**

Pp. 88 ₹75.00

ഒരു പുരോഹിതൻ അടിയുറച്ച ലക്ഷ്യബോധമുള്ളവനായിരിക്കണം. ഈ ലക്ഷ്യബോധം അവനെ പൗരോഹിത്യധർമ്മത്തിലേക്കും ഉത്തരവാദിത്തത്തിലേക്കും നയിക്കുന്നു. പൗരോഹിത്യത്തെക്കുറിച്ചുള്ള ഫ്രാൻസീസ് മാർപാപ്പയുടെ വിചിന്തനങ്ങളാണ് ഇതിന്റെ ഉള്ളടക്കം.



## ക്രിസ്തു ജീവിക്കുന്നു

**Christus Vivit (Christ is Alive)**

ഫ്രാൻസീസ് മാർപാപ്പ

OUT OF STOCK

**CIPH 392A**

Pp. 216 ₹110.00

2018 ഒക്ടോബർ 3 മുതൽ 28 വരെ നടന്ന മെത്രാന്മാരുടെ സിനഡിന്റെ പതിനഞ്ചാമത്തെ സാധാരണ പൊതുസമ്മേളനത്തിനോടനുബന്ധിച്ച് മറുപടിയായി തയ്യാറാക്കിയ ഫ്രാൻസീസ് മാർപാപ്പയുടെ സിനഡനന്തര അപ്പോസ്തോലിക ഉദ്ബോധനമാണ് ക്രിസ്തു ജീവിക്കുന്നു. ഇത് എല്ലാ യുവജനങ്ങളോടും സർവ്വ ദൈവജനത്തോടും അഭിസംബോധന ചെയ്യുന്നു.



(ഫ്രത്തെല്ലി തുത്തി)

## നാം സോദരർ

ഫ്രാൻസീസ് മാർപാപ്പ

**CIPH 432**

Pp. 304 ₹190.00

ഫ്രാൻസിസ് മാർപാപ്പയുടെ മൂന്നാമത്തെ ചാക്രികലേഖനമായ ഫ്രത്തെല്ലി തുത്തി (നാം സോദരർ) 'സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും' കുറിച്ച് പ്രതിപാദിക്കുന്നു. ചാക്രികലേഖനം കൂടുതൽ മനുഷ്യ സാഹോദര്യവും ഐക്യദാർഢ്യവും ആവശ്യപ്പെടുന്നു, മാത്രമല്ല യുദ്ധങ്ങൾ നിരസിക്കാനുള്ള അഭ്യർത്ഥനയുമാണ്. സമകാലിക സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളിൽ ഈ പ്രമാണം ശ്രദ്ധ കേന്ദ്രീകരിക്കുന്നു, ഒപ്പം എല്ലാ രാജ്യങ്ങൾക്കും 'വലിയ മനുഷ്യകുടുംബ'ത്തിന്റെ ഭാഗമാകാൻ കഴിയുന്ന സാഹോദര്യത്തിന്റെ അനുയോജ്യമായ ഒരു ലോകം നിർദ്ദേശിക്കുന്നു.



## പിതൃഹൃദയത്തോടെ

ഫ്രാൻസീസ് മാർപാപ്പ

## രക്ഷകന്റെ പാലകൻ

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

**CIPH 440A**

Pp. 96 ₹120.00

യൗസേപ്പു പിതാവിനെക്കുറിച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പുറത്തിറക്കിയ **രക്ഷകന്റെ പാലകൻ** എന്ന അപ്പസ്തോലിക ഉദ്ബോധനത്തിന്റെയും ഫ്രാൻസീസ് മാർപാപ്പ 2020ൽ പുറപ്പെടുവിച്ച **പിതൃഹൃദയത്തോടെ** എന്ന അപ്പസ്തോലിക ലേഖനത്തിന്റെയും സമാഹാരം.



അപ്പസ്തോലിക ലേഖനം

**ഞാൻ അത്യധികം ആഗ്രഹിച്ചു**

**(Desiderio Desideravi)**

ഫ്രാൻസീസ് മാർപാപ്പ

CIPH 513

Pp. 64 ₹70.00

ആരാധനക്രമത്തെക്കുറിച്ച് പരിശുദ്ധപിതാവ് പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനം



അപ്പസ്തോലിക ലേഖനം

**മനുഷ്യന്റെ മഹത്വവും ദുരിതവും**

(Sublimitas Et Miseria Hominis)

ഫ്രാൻസിസ് മാർപാപ്പ

CIPH 587

Pp.44; ₹70.00

ISBN 978-93-90096-52-7

വിശ്വാസികളെയും അവിശ്വാസികളെയും ഒരുപോലെ ആകർഷിച്ച തത്വചിന്തകനാണ് ബ്ലെയ്സ് ദി പാസ്കൽ. വിശ്വാസത്തെയും യുക്തിയെയും സമം ചേർത്ത് ആത്മീയതയുടെ ആഴങ്ങളിലേക്ക് അദ്ദേഹം അവരെ കൊണ്ടുപോയി. ജീവിതം ക്ഷണികമാണെന്നും നന്മ പ്രവൃത്തികളിലൂടെ നിത്യ ജീവിതത്തിനായി ഒരുങ്ങണമെന്നും അദ്ദേഹം നമ്മെ ഓർമിപ്പിക്കുന്നു



അപ്പസ്തോലിക ലേഖനം

**സ്നേഹം സകലത്തിന്റെയും അടിസ്ഥാനം**

ഫ്രാൻസീസ് മാർപാപ്പ

CIPH 553

Pp. 48₹60.00

ISBN 978-93-91296-91-9

വിശുദ്ധന്റെ നാലാം ചരമവാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച അപ്പസ്തോലിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ ഫ്രാൻസിസ് ഡി സെയിൽസിന്റെ മജിസ്റ്റീരിയത്തെക്കുറിച്ച് പ്രതിഫലിപ്പിക്കുന്നു.

# Documents by Various Congregations



## നല്ല സമരിയാക്കാരൻ (Samaritanus Bonus)

CIPH 492

ആപത്സന്ധിയിലും അത്യാസന്ന നിലയിലുമുള്ള രോഗികളെ കരുതൽ

**വിശ്വാസതിരുസംഘം**

Pp. 88 ₹90.00

ഗുരുതരാവസ്ഥയിലുള്ളവരെയും, ജീവിതാവസാനത്തോട് അടുക്കുന്നവരെയും പരിചരിക്കുന്നതിനെ ചുറ്റിപ്പറ്റിയുള്ള മുള്ളുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കോൺഗ്രിഗേഷൻ ഫോർ ദി ഡോക്ട്രിൻ ഓഫ് ദി ഫെയ്ത്ത് (വിശ്വാസതിരുസംഘം) പുറപ്പെടുവിച്ച ലേഖനം.

## L'OSSERVATORE ROMANO SERIES



1

### കത്തോലിക്കാ വിദ്യാഭ്യാസവും അധ്യാപനവും

ഫ്രാൻസീസ് മാർപാപ്പ

OUT OF STOCK

CIPH 397A

Pp. 216 ₹150.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ ഒസ്സെർവത്തോരെ റൊമാനോയിൽ പ്രസിദ്ധീകരിച്ച കത്തോലിക്കാവിദ്യാഭ്യാസത്തെയും അധ്യാപനത്തെയും ആധാരമാക്കി ഫ്രാൻസീസ് മാർപാപ്പ നല്കിയ പ്രഭാഷണങ്ങളുടെ സമാഹാരം.



2

### പരിശുദ്ധാത്മാവ്

ഫ്രാൻസീസ് മാർപാപ്പ

CIPH 398

Pp. 216 ₹150.00

ഒസ്സെർവത്തോരെ റൊമാനോയിൽ പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പ്രഭാഷണങ്ങളുടെ സമാഹാരം.



3

### സന്യാസജീവിതം

ഫ്രാൻസീസ് മാർപാപ്പ

CIPH 405A

Pp. 216 ₹220.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ സന്യാസജീവിതത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



4

### ഉണ്ണീശോയുടെ വരവിനായ്

ഫ്രാൻസീസ് മാർപാപ്പ

CIPH 406A

Pp. 216 ₹140.00

ആഗമനകാലത്തെക്കുറിച്ചുള്ള ഫ്രാൻസീസ് മാർപ്പായുടെ ലേഖനസമാഹാരം.



5

### നിത്യജീവന്റെ കവാടം

ഫ്രാൻസീസ് മാർപാപ്പ

CIPH 407A

Pp. 216 ₹90.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ നിത്യജീവനെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## കൂദാശകൾ

ഫ്രാൻസീസ് മാർപാപ്പ

CIPH 408A

Pp. 216 ₹150.00

6

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ ഏഴ് കൂദാശകളെക്കുറിച്ച്- ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, കുർബ്ബാന, കുമ്പസാരം, രോഗീലേപനം, വിവാഹം, തിരുപ്പട്ടം- പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പ, ബെനഡിക്ട് പതിനാറാമൻ മാർപാപ്പ, കർദ്ദിനാൾമാർ തുടങ്ങിയവർ പ്രസിദ്ധീകരിച്ച പ്രഭാഷണങ്ങളുടെ സമാഹാരം.



## ദൈവവചനം

ഫ്രാൻസീസ് മാർപാപ്പ

CIPH 411A

Pp. 216 ₹140.00

7

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ ദൈവവചനത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## നോമ്പുകാലം കൃപയുടെ കാലം

ഫ്രാൻസീസ് മാർപാപ്പ

CIPH 420A

Pp. 216 ₹180.00

8

നോമ്പുകാലത്തെക്കുറിച്ചുള്ള ഫ്രാൻസീസ് മാർപാപ്പയുടെ ലേഖനങ്ങളുടെ സമാഹാരം.



## കുമ്പസാരത്തിലെ അത്ഭുതം

ഫ്രാൻസീസ് മാർപാപ്പ

CIPH 443A

Pp. 216 ₹150.00

9

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ കുമ്പസാരത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## പരിശുദ്ധ കുർബ്ബാന

ഫ്രാൻസീസ് മാർപാപ്പ

10

CIPH 444A

Pp. 136 ₹130.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ ദിവ്യകാരുണ്യത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## കോവിഡ് 19: അനുഭവങ്ങൾ പാഠങ്ങൾ

ഫ്രാൻസീസ് മാർപാപ്പ

11

CIPH 448A

Pp. 136 ₹170.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ കോവിഡ് 19 മഹാമാരിയെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## നമുക്കും വിശുദ്ധരാകാം

ഫ്രാൻസീസ് മാർപാപ്പ

12

CIPH 452

Pp. 136 ₹150.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ വിശുദ്ധിയെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## കൃപയുള്ള കുടുംബങ്ങൾ

ഫ്രാൻസീസ് മാർപാപ്പ

13

CIPH 463A

Pp. 152 ₹170.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ കുടുംബത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## ദൈവത്തിന്റെ അമ്മ എന്റെയും അമ്മ

ഫ്രാൻസീസ് മാർപാപ്പ

14

CIPH 485

Pp. 176 ₹160.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച, ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## ദൈവനിയോഗം

ഫ്രാൻസീസ് മാർപാപ്പ

15

CIPH 484

Pp. 128 ₹130.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ പ്രസിദ്ധീകരിച്ച, ഫ്രാൻസീസ് മാർപാപ്പയുമായി വിവിധ മാധ്യമപ്രവർത്തകർ നടത്തിയ അഞ്ച് അഭിമുഖങ്ങളുടെ സമാഹാരം.



## മൂല്യങ്ങൾ ജീവിതത്തിന്

ഫ്രാൻസീസ് മാർപാപ്പ

16

CIPH 509

Pp. 152 ₹160.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ ജീവിതമൂല്യങ്ങളെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## പ്രാർത്ഥനയിൽ വളരാം

17

CIPH 533

ഫ്രാൻസീസ് മാർപാപ്പ

Pp. 176 ₹200.00

ISBN 978-93-91296-67-4

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ പ്രാർത്ഥനയെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## വാർദ്ധക്യത്തിന്റെ അർത്ഥവും മൂല്യവും

18

CIPH 552

Pp. 104 ₹130.00

ഫ്രാൻസീസ് മാർപാപ്പ

ISBN 978-93-91296-93-3

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ വാർദ്ധക്യത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## വിവേകവും വിവേചനവും

ഫ്രാൻസീസ് മാർപാപ്പ

19

CIPH 572

Pp.88; ₹120.00

ISBN 978-93-90096-37-4

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ വിവേചനത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## സംരക്ഷകനായ വിശുദ്ധ യൗസേപ്പിതാവ്

ഫ്രാൻസിസ് മാർപാപ്പ

20

CIPH 592

Pp.128; ₹150.00

ISBN 978-93-90096-56-5

ദൈവപുത്രന്റെ വളർത്തു പിതാവും സംരക്ഷകനുമായ കേവലം ഒരു മനുഷ്യനായ യൗസേപ്പിന്റെ ജീവിത മാതൃകയും ദൈവാനുഭവവും ആഴത്തിൽ മനസ്സിലാക്കാൻ ഈ ഗ്രന്ഥം സഹായിക്കുന്നു.



## ലോകത്തെ സൗഖ്യപ്പെടുത്തുക

ഫ്രാൻസീസ് മാർപാപ്പ

CIPH 470A

Pp. 112 ₹100.00

കോവിഡ് 19 മഹാമാരിയുടെ ഏറ്റവും രൂക്ഷമായ സമയം 2020. മാർച്ച് 27ന് ഫ്രാൻസിസ് മാർപാപ്പ ലോകമെമ്പാടും പടർന്ന കോവിഡ് 19 മഹാമാരിയെ അവസാനിപ്പിക്കണമേ എന്ന നിയോഗത്തോടുകൂടിയ പ്രാർത്ഥനാശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. ഇതോടനുബന്ധിച്ച് മാർപാപ്പ നല്കിയ മതബോധനത്തിന്റെ പരിഭാഷ. കകർദ്ദിനാൾ പീറ്റർ കൊദ്വാ ടർക്ക്സന്റെ ആമുഖവും ചേർത്തിട്ടുണ്ട്.



## കുരിശിന്റെ വഴി ധ്യാനിച്ചു പ്രാർത്ഥിക്കാം

ഫ്രാൻസീസ് മാർപാപ്പ

CIPH 418

Pp. 96 ₹70.00

ഫ്രാൻസീസ് മാർപാപ്പ നയിച്ച കുരിശിന്റെ വഴിയിലെ (3 വർഷത്തെ) ധ്യാനങ്ങളും വിചിന്തനങ്ങളുമാണ് ഉള്ളടക്കം.

## POPE BENEDICT XVI



### ദൈവം സ്നേഹമാകുന്നു

ചാക്രിക ലേഖനം
ബെനഡിക്ട് പതിനാറാമൻ മാർപാപ്പ
വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

Pp. 80 ₹30.00

CPC 128C

ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പ്രഥമ ചാക്രികലേഖനമാണ് 'ദൈവം സ്നേഹമാകുന്നു'. 2005 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഈ ചാക്രികലേഖനത്തിൽ ദൈവത്തിന്റെ സ്നേഹത്തോട് മനുഷ്യൻ പ്രതികരിക്കുന്നതിൽ ഉണ്ടാവേണ്ട നവ്യമായ ശക്തിയും പ്രതിജ്ഞാബദ്ധതയും ഉയർത്തിയെടുക്കാൻ അടിസ്ഥാനപരമായ കാര്യങ്ങൾ വിശദീകരിക്കുന്നു.



### പ്രത്യാശയിൽ രക്ഷ

ചാക്രിക ലേഖനം
ബെനഡിക്ട് പതിനാറാമൻ മാർപാപ്പ
വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

Pp. 104 ₹40.00
9788190613132

CPC 143B

മെത്രാന്മാർക്കും വൈദികർക്കും ഡീക്കന്മാർക്കും സന്ന്യാസിനീസന്ന്യാസിമാർക്കും അല്മായ വിശ്വാസികളെല്ലാവർക്കും ക്രിസ്തീയ പ്രത്യാശയെക്കുറിച്ച് പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ചാക്രികലേഖനം.



### സത്യത്തിൽ സ്നേഹം

ചാക്രിക ലേഖനം
ബെനഡിക്ട് പതിനാറാമൻ മാർപാപ്പ
വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

Pp. 144 ₹50.00

CIPH 147A

സ്നേഹത്തിലും സത്യത്തിലുമുള്ള മനുഷ്യന്റെ സമഗ്രമായ വികസനത്തെക്കുറിച്ച് പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമന്റെ ചാക്രികലേഖനം സത്യത്തിൽ സ്നേഹം.



### കർത്താവിന്റെ വചനം

ബെനഡിക്ട് പതിനാറാമൻ മാർപാപ്പ
വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

Pp. 224 ₹75.00

CIPH 178A

ദൈവവചനത്തെക്കുറിച്ചുള്ള സർവതലസ്പർശിയായ ഒരു പ്രബോധനരേഖയാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ 'കർത്താവിന്റെ വചനം.' രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ദൈവവചനം' എന്ന പ്രമാണരേഖയ്ക്കുശേഷം ദൈവവചനത്തെ സംബന്ധിച്ചു ലഭിക്കുന്ന ഏറ്റവും ആധികാരികവും, സമഗ്രവുമായ പ്രബോധനരേഖകൂടിയാണ് ഇത്.



## വിശ്വാസത്തിന്റെ കവാടം

OUT OF STOCK

**CIPH 203B**

ബെനഡിക്ട് പതിനാറാമൻ മാർപാപ്പ
വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

Pp. 56 ₹35.00

വിശ്വാസവർഷത്തോടനുബന്ധിച്ച് (2012-2013) ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനം. വിശ്വാസതിരുസംഘം പുറപ്പെടുവിച്ച വിശ്വാസവർഷത്തിനുവേണ്ടിയുള്ള അജപാലന നിർദ്ദേശങ്ങളടങ്ങിയ 22 പേജുള്ള മാർഗരേഖയും അനുബന്ധമായി ചേർത്തിരിക്കുന്നു.



## അധികാരത്തിന്റെ ശുശ്രൂഷയും അനുസരണവും

**CPC 149A**

വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

Pp. 96 ₹40.00
9788190613132

സമർപ്പിതജീവിതസമൂഹങ്ങൾക്കും അപ്പസ്തോലികജീവിതം നയിക്കുന്ന സംഘടനകൾക്കും വേണ്ടിയുള്ള തിരുസംഘം 2008-ൽ പുറപ്പെടുവിച്ച സമർപ്പിതർക്കുവേണ്ടിയുള്ള പ്രബോധനരേഖ. ഈ ചെറു പ്രബോധനത്തിൽ ദൈവഹിതത്തിനായുള്ള അന്വേഷണവും സമർപ്പണവും, അധികാരവും അനുസരണവും സമൂഹജീവിതത്തിൽ, പ്രേഷിതദൗത്യത്തിൽ എന്നീ മൂന്ന് ഭാഗങ്ങളുണ്ട്.

## POPE JOHN PAUL II



### പരിശുദ്ധ കന്യകാമറിയത്തിന്റെ ജപമാല

അപ്പസ്തോലിക ലേഖനം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

വിവ. ടി. ദേവപ്രസാദ്

Pp. 80 ₹35.00

CIPH 197A

ജോൺപോൾ രണ്ടാമൻ മാർപാപ്പ തന്റെ, ശുശ്രൂഷയുടെ ഇരുപത്തിയഞ്ചാം വർഷം ആരംഭിക്കുന്ന 2002-ൽ രചിച്ച അപ്പസ്തോലിക ലേഖനമാണ് 'പരിശുദ്ധ കന്യകാമറിയത്തിന്റെ ജപമാല'.



### രക്ഷകന്റെ പാലകൻ

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

വിവ. ടി. ദേവപ്രസാദ്

OUT OF STOCK

Pp. 48 ₹25.00

CIPH 174A

ക്രൈസ്തവജനത കൂടുതൽ തീക്ഷ്ണതയോടെ വി. യൗസേപ്പിലേക്കു തിരിയുകയും പ്രത്യാശയോടെ അവിടുത്തെ സംരക്ഷണം നേടുകയും ചെയ്യട്ടെ. രക്ഷാകര പദ്ധതിയിൽ പങ്കാളിയും ശുശ്രൂഷകനും ആവുന്നതിന് അദ്ദേഹം സ്വീകരിച്ച ലളിതവും പക്വവുമായ വഴികൾ അവരുടെ നേത്രങ്ങൾക്കുമുമ്പിൽ പ്രകാശിക്കട്ടെ.



### സഭയും വിശുദ്ധ കുർബാനയും

ചാക്രിക ലേഖനം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

ടി. ദേവപ്രസാദ്

Pp. 48 ₹30.00

CPC 100C

സഭയിൽ വിശുദ്ധ കുർബാനയുടെ സ്ഥാനത്തെക്കുറിച്ച് എല്ലാ വിശ്വാസികൾക്കുമായി പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച ചാക്രികലേഖനമാണ് സഭയും വിശുദ്ധ കുർബാനയും.



### നാഥാ ഞങ്ങളോടൊത്തു വസിച്ചാലും

അപ്പസ്തോലിക ലേഖനം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

OUT OF STOCK

Pp. 88 ₹20.00

CPC 108A

2004 ദിവ്യകാരുണ്യ വർഷത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയ അപ്പസ്തോലികലേഖനമാണ് 'നാഥാ ഞങ്ങളോടൊത്തു വസിച്ചാലും'. ദിവ്യകാരുണ്യനാഥനു ചുറ്റും ഒന്നായിരിക്കുന്ന ഒരു നവീകൃത തിരുസഭയെയാണ് മാർപാപ്പ ഈ ലേഖനത്തിൽ ഹ്രസ്വമായി വിശദീകരിക്കുന്നത്.



## റോമൻ ചിത്രഫലകത്രയം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ
പരിഭാഷ: ഒ.എൻ.വി. കുറുപ്പ്

CPC 135

Pp. 40 ₹90.00

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ കവിതാസമാഹാരമാണിത്. അനന്തവും അനാദിയുമായ കാരുണ്യത്തിന്റെ അദൃശ്യസാന്നിദ്ധ്യത്തിലേക്കുള്ള അന്വേഷണവുമെല്ലാം മൂന്നു ഭാഗങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആർട്ട് പേപ്പറിൽ വർണ്ണചിത്രങ്ങളോടെ മനോഹരമായി രൂപകല്പനചെയ്ത ഈ കൊച്ചുഗ്രന്ഥത്തിലെ കവിതകൾ പരിഭാഷപ്പെടുത്തിയിരിക്കുന്നത് മലയാളത്തിന്റെ പ്രിയ കവി ജ്ഞാനപീഠ ജേതാവായ ഒ.എൻ.വി. കുറുപ്പ്.



## ദാനവും രഹസ്യവും

ജോൺ പോൾ രണ്ടാമൻ മാർപാപ്പ
വിവ: ഫാ. പാഡിക് മുത്തേരിൽ ഒ.സി.ഡി.

CIPH 390

Pp. 102 ₹90.00

സാർവത്രിക സഭയുടെ പരമാചാര്യനും ഒരു കാലഘട്ടത്തിന്റെ പ്രവാചകസാന്നിദ്ധ്യവുമായിരുന്ന വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ആത്മകഥയുടെ ആദ്യഭാഗമാണ് ദാനവും രഹസ്യവും.



## കുടുംബം ഒരു പങ്കാളിത്തം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ
വിവ: ഫാ. പാഡിക് മുത്തേരിൽ ഒ.സി.ഡി.

CIPH 254

Pp. 192 ₹75.00

കുടുംബങ്ങൾക്കുവേണ്ടി ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1981 നവംബർ 22ന് പുറപ്പെടുവിച്ച അപ്പസ്തോലിക ഉദ്ബോധനം



## കർത്താവിന്റെ ദിവസം

അപ്പസ്തോലിക ലേഖനം
ജോൺപോൾ രണ്ടാമൻ മാർപാപ്പ

CIPH 595

Pp. 152; ₹150.00
ISBN 978-93-90096-80-0

ഞായറാഴ്ചയെ വെറുമൊരു ആഘോഷ ദിനമാക്കിയും വിശുദ്ധ കുർബാന ആഘോഷത്തെ ഒരു ആചരണം മാത്രമാക്കി മാറ്റുന്ന പ്രവണത നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ ഈ അപ്പസ്തോലിക ലേഖനത്തിന് വളരെ പ്രാധാന്യമുണ്ട്. ഓരോ വിശ്വാസിയും അറിഞ്ഞിരിക്കേണ്ട ഞായറാഴ്ച കടമയെക്കുറിച്ചുള്ള വ്യക്തമായ ഉപദേശങ്ങളാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം. അതുകൊണ്ടുതന്നെ വിശ്വാസസമൂഹം ഇത് നിർബന്ധമായും വായിച്ചിരിക്കണം.

## BOOKS ON PRAYER




### മാനസിക പ്രാർത്ഥന

ഡോ. അഗസ്റ്റിൻ വാലുമ്മേൽ, ഒ.സി.ഡി.
Third Edition

CIPH 339

Pp. 96; ₹70.00

ISBN 81-87655-02-x

മാനസിക പ്രാർത്ഥന അനുദിനജീവിതത്തിൽ അഭ്യസിക്കേണ്ടത് എങ്ങനെയെന്നും അതിന്റെ വിവിധവശങ്ങളെക്കുറിച്ചും ലളിതമായ ഭാഷയിൽ വിശകലനം ചെയ്യുകയാണ് ഈ ഗ്രന്ഥത്തിൽ!



### ധ്യാനസരണി

ഫാ. അദെയോദാത്തൂസ്, ഒ.സി.ഡി.
എഡിറ്റർ: ഫാ. പാടിക് മൂത്തേരിൽ ഒ.സി.ഡി.
First Edition

CIPH 322

Pp.72; ₹40.00

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ബൽജിയത്തുനിന്നും കേരളത്തിലെത്തിയ മഹാനായ കർമ്മെലീത്താ മിഷണറിയായിരുന്നു മുതിയാവിള വലിയച്ചൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന അദെയോദാത്തൂസച്ചൻ. ദൈവത്തിങ്കലേക്കുള്ള നമ്മുടെ ആത്മാവിന്റെ ഉയർച്ചയായ പ്രാർത്ഥനയുടെ പടവുകളെ തന്റെ ആത്മീയമക്കൾക്കുവേണ്ടി തികച്ചും പ്രായോഗികമായ രീതികളിലൂടെ മനോഹരമായി വരച്ചുകാട്ടുകയാണ് ധ്യാനസരണി എന്ന ഗ്രന്ഥത്തിലൂടെ.




### പ്രാർത്ഥനയുടെ മാർഗദീപങ്ങൾ

(ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനയെക്കുറിച്ചുള്ള വിചിന്തനങ്ങൾ)
വിവർത്തനം: ഫാ. ജൂഡിറ്റ് പയസ്

CIPH 472

Pp.183; ₹180.00

2020 മെയ് മാസം തുടങ്ങി 2021 ജൂൺ മാസം വരെ പ്രാർത്ഥന എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഫ്രാൻസീസ് മാർപാപ്പ നൽകിയ 38 ബുധനാഴ്ചകളിലെ മതബോധനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നാലാംഭാഗം പ്രാർത്ഥനയെക്കുറിച്ച് പ്രതിപാദിക്കുന്നു. ഈ നാലാം ഭാഗത്തെ ഒരു സാധാരണക്കാരന് മനസ്സിലാകത്തക്കവിധം വിവരിക്കുകയാണ് ഫ്രാൻസിസ് പാപ്പ.

# Books on CHRIST



## ക്രിസ്തുവിന്റെ ജീവചരിത്രം

ഫുൾട്ടൻ ജെ. ഷീൻ
വിവ: ഡോ. സെഡ്. എം. മുഴൂർ CMI

OUT OF STOCK

**CPC113**

Pp. 570; ₹240.0

ISBN 81-87655-62-3

വിശ്വോത്തരഗ്രന്ഥകാരനായ ഫുൾട്ടൻ ജെ. ഷീൻ രചിച്ച 'ലൈഫ് ഓഫ് ക്രൈസ്റ്റി'ന് ഡോ. സെഡ്. എം. മുഴൂർ നൽകിയ ഭാഷാന്തരം ആണ് ക്രിസ്തുവിന്റെ ജീവചരിത്രം. ദിവ്യഗുരുവിനെ അടുത്തറിയാനും രക്ഷകനായി സ്വീകരിക്കാനും, സുവിശേഷങ്ങളുടെ ഇടനാഴിയിലൂടെ ഈശോയുടെ കൈപിടിച്ചുനടന്ന് മഹത്വത്തിൽ പ്രവേശിക്കുവാനും ഈ ഗ്രന്ഥം സഹായിക്കും.



## ക്രിസ്തു എന്റെ അനുഭവം

ജെ. എൻ.എം. വൈൻഗാർഡ്
വിവ: ഡോ. സെഡ്. എം. മുഴൂർ
Third Edition

**CPC 112**

Pp. 288; ₹120.00

ISBN 81-87655-61-5

ക്രിസ്തുവിനെ എനിക്ക് യഥാർത്ഥത്തിൽ കാണാൻ കഴിഞ്ഞിട്ടുണ്ടോ, ഇല്ലയോ? നിത്യം ജീവിക്കുന്ന ക്രിസ്തുവിനെ ആത്മാവിന്റെ ആഴത്തിൽ അറിയുവാനും ആ അറിവ് അനുഭവമാക്കി മാറ്റുവാനും അതു സഹജർക്കു പങ്കുവയ്ക്കുവാനും സഹായിക്കുന്ന കൃതി.



## ദൈവപുത്രനായ ക്രിസ്തു

പ്രൊഫ. പി.ടി. ചാക്കോ
Third Edition

**CPC 24**

Pp. 74; ₹90.00

ISBN 81-87655-61-5

യേശു ജീവിച്ചിരുന്നപ്പോഴെന്നപോലെ ഇന്നും അവിടുത്തെ ദൈവത്വം വെല്ലുവിളിക്കപ്പെടുകയും വിവാദവിഷയമാവുകയും ചെയ്യുന്നുണ്ട്. ദൈവപുത്രനായ അവിടുത്തെ വെറും "തച്ചന്റെ മകൻ" മാത്രമായി തരംതാഴ്ത്താൻ ശ്രമിക്കുന്നവരോടുള്ള ഒരു യഥാർത്ഥ വിശ്വാസിയുടെ പ്രതികരണമാണ് ഈ പുസ്തകം.



## യേശുക്രിസ്തു - കർത്താവും രക്ഷകനും

വാൾട്ടർ കാസ്പർ
വിവ. പ്രൊഫ. പി.ടി. ചാക്കോ

**CPC 16**

Pp. 332; ₹35.00

ISBN 81-87655-61-5

ബൈബിൾ, ക്രൈസ്തവ പാരമ്പര്യം, സഭയുടെ പ്രബോധനം എന്നീ ദൈവശാസ്ത്ര സ്രോതസ്സുകളിൽക്കൂടി ലഭിക്കുന്ന ക്രിസ്തുവിജ്ഞാനീയത്തെ സമകാലിക ശാസ്ത്രീയ ചിന്താശകലങ്ങളുടെ സഹായത്തോടെ മനസ്സിലാക്കാൻ ശ്രമിക്കുകയാണ് കാസ്പർ.



## ചരിത്രപുരുഷനായ ക്രിസ്തു

റിച്ചിയോത്തി

വിവ. തോമസ് നടയ്ക്കൽ

CIPH 210

Pp. 915; ₹450.00

ISBN 81-87655-01-1

പ്രസിദ്ധ ബൈബിൾപണ്ഡിതനും ചരിത്രകാരനുമായ റിച്ചിയോത്തിയുടെ 'ചരിത്രപുരുഷനായ ക്രിസ്തു' ക്രിസ്തുവിന്റെ ജീവചരിത്രങ്ങളിൽവച്ച് ഏറ്റവും നല്ല ഗ്രന്ഥമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ഈ ഗ്രന്ഥത്തിലുണ്ട്. സുന്ദരമായ നോവലോ ചെറുകഥയോ പോലെ റിച്ചിയോത്തിയുടെ ഈ പുസ്തകം നിങ്ങൾക്ക് വായിക്കാൻ കഴിയും.




## ക്രിസ്തുവിജ്ഞാനീയം

ഡോ. ബഞ്ചമിൻ ദാസൻ കുഴിയാർ

പരിഭാഷ: പി.എം. ദേവ്

CIPH 375

Pp. 80; ₹70.00

നസറത്തുകാരനായ യേശുവിൽ ദൈവത്തിന്റെ മാനുഷികമുഖം അനാവരണം ചെയ്യപ്പെടുന്നു. യേശുവിന്റെ ഓരോ പെരുമാറ്റവും മനുഷ്യരോടുള്ള ദൈവത്തിന്റെ നിലപാടിനെയാണ് വെളിപ്പെടുത്തുന്നത്. നസറത്തുകാരനായ യേശുവിൽ, ദൈവവും മനുഷ്യനും തമ്മിൽ സംഘർഷമില്ല. ക്രിസ്തു യഥാർത്ഥ കൂദാശയാണ്. യേശുവിന്റെ ജീവിതം ദൈവിക ഇടപെടലിന്റെ സജീവമായ ദൃഷ്ടാന്തകഥയത്രേ.




## നിത്യജീവിതം

(മനുഷ്യാന്ത്യം, ലോകാവസാനം, അനന്ത ജീവിതം)

ഫാ. ആന്റണി പുല്ലിച്ചിറ, ഒ.സി.ഡി.

CPC 124

Pp. 304; ₹135.00

81-87655-73-9

ഈശ്വരന്റെ അസ്തിത്വത്തിലും അതുപോലെ ആത്മാവിന്റെ മരണാനന്തരജീവിതത്തിലുമുള്ള വിശ്വാസം കുറഞ്ഞുവരികയോ നഷ്ടപ്പെടുകയോ ചെയ്തിരിക്കുന്ന ഇക്കാലത്ത് ക്രിസ്തീയ ജീവിതത്തിലും വിശ്വാസത്തിലും ഉറച്ചുനില്ക്കാൻ വഴികാട്ടുന്ന ഗ്രന്ഥം. യുഗാന്ത്യദർശനം, നിത്യത്വം, ലോകാന്ത്യസംഭവങ്ങൾ, പൊതുവിധി, പുതുലോകസൃഷ്ടി, സ്വർഗ്ഗസൗഭാഗ്യം, കാൾ റാണരുടെയും അഗസ്റ്റിന്റെയും വീക്ഷണങ്ങൾ എന്നിങ്ങനെ 16 അധ്യായങ്ങൾ ഈ പുസ്തകത്തിലുണ്ട്.



## ശ്രീയേശുവിജയം

മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള

CPC 23

Pp.590; ₹70.00

മലയാളത്തിലെ, ബൈബിൾ അധിഷ്ഠിതമായ ആദ്യ മഹാകാവ്യം. ലാളിത്യം കൊണ്ടും പ്രതിപാദ്യവൈശിഷ്ട്യംകൊണ്ടും മലയാളികളുടെ മനംകവർന്ന ആദ്യത്തെ ജനകീയ മഹാകാവ്യം - അതാണു ശ്രീയേശുവിജയം. കട്ടക്കയത്തെ മഹാകവികളുടെ നിരയിലേക്ക് ഉയർത്തിയ കൃതികൂടിയാണ് ശ്രീയേശുവിജയം.



## ശ്രീയേശുഘോഷം OUT OF STOCK

(സുവിശേഷ കാവ്യം)

ജെ. കളത്തിലാൻ

CIPH 222

Pp. ₹175.00

വിശുദ്ധ ഗ്രന്ഥത്തിന്റെ കേന്ദ്രബിന്ദുവായ ഈശോനാഥനെ സുവിശേഷകന്മാർ ലോകത്തിനുമുന്നിൽ സവിശേഷമായി വെളിപ്പെടുത്തിയിട്ടുണ്ട്. ആ നാലു സുവിശേഷങ്ങളും കാവ്യത്തിലൂടെ ഈ പുസ്തകത്തിൽ പ്രതിഫലിപ്പിക്കുന്നു.

# Books on Saints



## അനുദിന വിശുദ്ധർ

മോൺ. തോമസ് മൂത്തേടൻ
(പരിഷ്ക്കരിച്ച പതിപ്പ്)

CIPH 155M

Pp.600; ₹390.00
ISBN 978-93-80483-33-7

പുണ്യചരിതർ, ക്രിസ്തുവിന്റെ ജീവിതത്തെ പല വർണ്ണങ്ങളിൽ പകർത്തുന്ന ഒരു പട്ടുകുപ്പായമാണെന്നു പറയാം. അവരെ അനുദിനജീവിതത്തിൽ സ്നേഹിതരായി ലഭിക്കുന്ന നന്മയാണ് 'അനുദിനവിശുദ്ധർ' എന്ന ഗ്രന്ഥം വഴി നമുക്കു കൈവരുന്നത്. ഓരോ ദിവസവും ഒന്നോ രണ്ടോ വിശുദ്ധരുടെ ജീവചരിത്രം സംക്ഷിപ്തമായി ആരാധനാക്രമമനുസരിച്ച് ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നു. കൂടാതെ ആണ്ടുവട്ടത്തിലെ മറ്റ് തിരുനാളുകളെപറ്റിയുള്ള വിവരണവും ഇതിലുണ്ട്.



## അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ

ഫാദർ സെഡ്. എം. മുഴൂർ

CPC 99A

Pp.324; ₹160.00
ISBN 81-87655-30-5

ജീവിതവ്യഗ്രതയ്ക്കും തിരക്കിനുമിടയിൽ നാം കൈവിട്ടുപോയ ദൈവൈക്യത്തിന്റെ സുന്ദരനിമിഷങ്ങൾ അരൂപിയുടെ മേലൊപ്പുള്ള ചാവറയച്ചനിൽ നാം ദർശിക്കുന്നു. സെഡ്. എം. മുഴൂർ അച്ചന്റെ ഈ ഗ്രന്ഥം അതിന് നമ്മെ സഹായിക്കുകയും ചെയ്യുന്നു.



## വിശുദ്ധ ചാവറയച്ചൻ ഗിരിശൃംഗത്തിലെ കാവൽവിളക്ക്

സിസ്റ്റർ മരീന, സി.എം.സി.

CIPH 301

Pp.182; ₹130.00

ആത്മീയമായ അന്വേഷണത്തിന്റെ ശൈലിയിൽ ചാവറയച്ചന്റെ ജീവിതവും പ്രവർത്തനശൈലിയും അപഗ്രഥനതലത്തിൽ സമന്വയിപ്പിക്കുന്ന ഈ ഗ്രന്ഥം ആത്മീയാന്വേഷകർക്കും ചാവറഭക്തർക്കും ഒരു മുതൽക്കൂട്ടാണ്.



## ദിവ്യകാരുണ്യത്തിന്റെ കൊച്ചുവിശുദ്ധർ കൊച്ചുനെല്ലിയും ഇമെൽഡായും

ഫാ. സഖറിയാസ് വരിക്കമാക്കൽ

CIPH 240A

Pp.72; ₹50.00

ജീവന്റെ അപ്പമായ ദിവ്യകാരുണ്യത്തിനായി ദാഹിച്ച രണ്ടു കുഞ്ഞുവിശുദ്ധാത്മാക്കൾ. മരിക്കുമ്പോൾ കൊച്ചുനെല്ലിക്ക് നാലരവയസ്സും ഇമെൽഡ ലംബെർത്തിനിക്ക് 11 വയസ്സും പ്രായം. രണ്ടുപേരുടെയും പാവനശരീരം ഇപ്പോഴും അഴിയാതെയിരിക്കുന്നു. ദിവ്യകാരുണ്യനാഥനോടുള്ള അവരുടെ ശക്തിയും സ്നേഹവും ഏവരെയും അതിശയിപ്പിക്കും. അവരുടെ ചെറു ജീവിതകഥയ്ക്ക് ഇന്ന് ഏറെ പ്രസക്തിയുണ്ട്.



## യേശുവിനെ പ്രണയിച്ച കൊച്ചുസുന്ദരി വാഴ്ത്തപ്പെട്ട ക്യാര ബദാനോ ലൂച്ചെ

ഡോ. സഖറിയാസ് കരിയിലക്കുളം, ഒ.സി.ഡി.

CIPH 207B

Pp.88; ₹90.00

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ യുവജനങ്ങൾക്ക് ക്രൈസ്തവ ജീവിതത്തിന്റെ ഉദാത്ത മാതൃക നൽകാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു വിശുദ്ധയായ വാഴ്ത്തപ്പെട്ട ക്യാര ബദാനോ ലൂച്ചെയുടെ ജീവിതത്തെ ആസ്പദമാക്കി ഡോ. സഖറിയാസ് കരിയിലക്കുളം ഒ.സി.ഡി. രചിച്ചതാണ് ഈ പുസ്തകം.



## സ്വീഡനിലെ വിശുദ്ധ ബ്രിജിറ്റ്

എം.ജി. രാജേശ്വരി അമ്മാൾ

OUT OF STOCK

CIPH 216

Pp.160; ₹85.00

മിസ്റ്റിക്കും പ്രവാചകയും തീർത്ഥാടകയും കർമ്മധീരയുമായ സ്വീഡനിലെ വിശുദ്ധ ബ്രിജിറ്റിന്റെ ജീവചരിത്രത്തിന്റെ ഒരു സ്വതന്ത്രവിവർത്തനം. ദൈവമനുഷ്യബന്ധത്തിന്റെ അഗാധതലങ്ങൾ അനാവരണം ചെയ്യുന്നതോടൊപ്പം, 14-ാം നൂറ്റാണ്ടിലെ, സ്വീഡനിലെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ചരിത്രംകൂടി ഈ ഗ്രന്ഥം സമ്യക്കായി അവതരിപ്പിക്കുന്നു.



## യേശുവിന്റെ ധീരസാക്ഷികൾ

ഫാ. സക്കറിയാസ് വരിയ്ക്കമാക്കൽ ഒസിഡി.

CIPH 352

Pp.128; ₹110.00

ISBN 978-81-937142-1-8

സഭയിലെ ഏതാനും രക്തസാക്ഷികളെ അറിയാനുള്ള ഒരു ശ്രമമാണ് ഗ്രന്ഥകർത്താവ് ഈ കൃതിയിലൂടെ നടത്തുന്നത്. വിശ്വാസത്തെ ഒരു നിധിപോലെ സൂക്ഷിച്ച ഇവർ, അതിനായി ജീവൻവെടിഞ്ഞ ഈ സഹോദരർ നമുക്കും വെല്ലുവിളി ഉയർത്തുകയാണ് അവരെ അനുകരിക്കുവാൻ.



## വിശുദ്ധ ജെർമെയിൻ താഴ്‌വരയിലെ ലില്ലിപ്പൂവ്

ഫാ. സഖറിയാസ് വരിയ്ക്കമാക്കൽ, ഒ.സി.ഡി.

Fourth Edition

CIPH 198C

Pp. 64; ₹50.00

എഴുത്തും വായനയുമറിയാത്ത, രോഗങ്ങൾ, ദാരിദ്ര്യം, തിരസ്കരണം, പീഡനങ്ങൾ എന്നിവയെ വീരോചിതമായ ക്ഷമയോടെ, ഉദാത്തമായ ക്രിസ്തീയ സ്നേഹത്തിൽ ദൈവതൃക്കരങ്ങളിൽനിന്നു സ്വീകരിച്ച് അവ തന്റെ സ്നേഹസമർപ്പണ പുഷ്പങ്ങളായി സ്രഷ്ടാവിനു തിരികെ നൽകിയ ഒരു പുണ്യവതിയുടെ കഥ.....



## കർമ്മെലസഭയിലെ വിശുദ്ധർ

ഡോ. സഖറിയാസ് കരിയിലക്കുളം, ഒ.സി.ഡി.

CPC 104

Pp. 104; ₹50.00

ISBN 81-87655-38-0

ഡോ. സഖറിയാസ് കരിയിലക്കുളം രചിച്ച ഈ ഗ്രന്ഥത്തിൽ നിഷ്പാദുക കർമ്മെലീത്താ സഭയിലെ വിശുദ്ധപദവിയിലെത്തിയവരും നാമകരണ നടപടികൾ ആരംഭിച്ചിട്ടുള്ളവരുമായ 42 പുണ്യാത്മാക്കളുടെ ജീവിതം ഹ്രസ്വമായി വിവരിക്കുന്നു.



## കാർമ്മെലിലെ ഉജ്ജ്വലതാരം ദൈവദാസി മദർ വെറോണിക്ക

സിസ്റ്റർ മരിയ അമല എ.സി.

CPC 146

Pp. 104; ₹50.00

ISBN 978-81-90613-17-0

സ്ത്രീവിദ്യാഭ്യാസത്തിന്റെ മധ്യസ്ഥ എന്നു വിശേഷിപ്പിക്കാവുന്ന ദൈവദാസി മദർ വെറോണിക്കയുടെ സവിശേഷതകളായ ദൈവഹിതത്തോടുള്ള വിധേയത്വം, ദൃഢമായ ദൈവവിശ്വാസം, സഹനങ്ങളേറ്റു വാങ്ങുന്നതിലുള്ള വീരോചിതമായ ശക്തി, ജ്വലിക്കുന്ന ദൈവസ്നേഹം എന്നീ ഗുണങ്ങൾ കുട്ടികൾക്കും മുതിർന്നവർക്കും ഒരേപോലെ അനുഭവവേദ്യമാക്കുകയാണ്, "കാർമ്മെലിലെ ഉജ്ജ്വലതാരം ദൈവദാസി മദർ വെറോണിക്ക" എന്ന ഈ ലഘുഗ്രന്ഥം.



## പൗലോസ് അപ്പസ്തോലൻ

OUT OF STOCK

റിച്ചിയോത്തി

വിവ: ഫാ. തോമസ് നടയ്ക്കൽ

CPC 117

Pp. 740; ₹290.00

ISBN 81-87655-66-6

പ്രസിദ്ധ ഇറ്റാലിയൻ ബൈബിൾ പണ്ഡിതനും ബൈബിൾ ചരിത്രകാരനുമായ ജൂസെപ്പേ റിച്ചിയോത്തിയുടെ വിശ്രുത ഗ്രന്ഥമാണ് മലയാളത്തിൽ ഫാ. തോമസ് നടയ്ക്കൽ പരിഭാഷ ചെയ്തിരിക്കുന്നത്.

ക്രിസ്ത്യാനിയായ പൗലോസിന്റെ ആദ്യ വർഷങ്ങൾ വിശദീകരിച്ചുകൊണ്ട് സെലൂക്യയിലേക്കും സൈപ്രസിലേക്കുമുള്ള ആദ്യത്തെ മിഷനറി യാത്രയും സുവിശേഷ പ്രഘോഷണവും ശേഷം രണ്ടാമത്തെയും മൂന്നാമത്തെയും മിഷനറി യാത്രകളും വിവരിക്കുന്നു. ജറുസലേമിലെ ജയിൽവാസം, കേസറിയായിലെ കാരാഗൃഹവാസം, റോമിലേക്കുള്ള യാത്ര, കപ്പലപകടം, റോമിലെ കാരാഗൃഹവാസം, അവസാനവർഷങ്ങൾ എന്നിങ്ങനെ പൗലോസ് അപ്പസ്തോലന്റെ ജീവചരിത്രം പൂർണമാക്കുന്നു.



## വിശുദ്ധ ഫൗസ്തീന

ശിശിരത്തിൽ ഒരു വസന്തം

ഫാ. സഖറിയാസ് വരിയ്ക്കമാക്കൽ, ഒ.സി.ഡി.

Pp. 176; ₹200.00

CIPH 163F

ദൈവകാരുണ്യത്തിന്റെ പ്രവാചിക, പ്രേഷിത, ദൈവസായൂജ്യം നേടിയ ഉന്നത മിസ്റ്റിക്, തന്റെ അനുഭവങ്ങൾ സുന്ദരമായി ആവിഷ്ക്കരിച്ച എഴുത്തുകാരി, മനുഷ്യമനസ്സുകളെ പ്രകാശിപ്പിച്ച്, മനുഷ്യചേതനയെ തട്ടിയുണർത്തി, മനുഷ്യഹൃദയത്തെ വിമലീകരിച്ച് വിശുദ്ധമാക്കാൻ ദൈവം ഈ കാലഘട്ടത്തിൽ തിരഞ്ഞെടുത്ത വിശുദ്ധ ഫൗസ്തീനയുടെ ത്യാഗോജ്ജ്വലമായ ജീവിതകഥയാണിത്.



## പടയാളി

ചാൾസ് ദെ. ഫുക്കോ

മൈക്കിൾ കരൂജ്

വിവ. മോൺ തോമസ് മൂത്തേടൻ

OUT OF STOCK

Pp. 256; ₹25.00

CPC 4

പ്രഭുകുടുംബത്തിൽ ജനിച്ച ചാൾസ് സൈനികശിക്ഷണംനേടി. ഐഹിക സൗഭാഗ്യങ്ങളുപേക്ഷിച്ച് ട്രാപിസ്റ്റു സന്യാസിയായി. സഹാറ മരുഭൂമിയിൽ ക്രൈസ്തവേതര സഹോദരങ്ങളുടെ സേവനത്തിലേർപ്പെട്ടിരുന്ന ചാൾസ് വധിക്കപ്പെട്ടു. ഒരു ഉത്തമ ക്രിസ്തുശിഷ്യന്റെ ജീവിത സാക്ഷാത്ക്കാരം.



## വിശുദ്ധ റീത്താ

ഷാരോണിലെ പനിനീർപ്പൂവ്

ഫാ. സഖറിയാസ് വരിയ്ക്കമാക്കൽ, ഒ.സി.ഡി.

Pp. 120; ₹85.00

CIPH 199A

"അസാധ്യകാര്യങ്ങളുടെ വിശുദ്ധ" എന്ന അപരനാമത്തിലറിയപ്പെടുന്ന വിശുദ്ധ റീത്തയുടെ ജീവചരിത്രമാണീ പുസ്തകം. വിശുദ്ധ റീത്തയുടെ സ്നേഹനിർഭരവും ത്യാഗോജ്ജ്വലവുമായ വിശുദ്ധ ജീവിതത്തിലേക്ക് ഒന്നെത്തിനോക്കുവാനും അതുവഴി ആദ്ധ്യാത്മികതയുടെ ഉത്തുംഗതലത്തിലേക്ക് ലക്ഷ്യംവയ്ക്കുന്നവർക്ക് ഒരു പ്രചോദനവും വഴികാട്ടിയും സഹായിയുമായിത്തീരുവാൻ ഈ പുസ്തകം സഹായിക്കുന്നു.



## അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ്

വിവ: ഫാ. തോമസ് നടയ്ക്കൽ

OUT OF STOCK

Pp. 70; ₹40.00

CIPH 165

കത്തോലിക്കാസഭയുടെ മതപീഡനകാലത്തുനിന്നു നമുക്കു കിട്ടിയിട്ടുള്ള അമൂല്യ നിധിയാണ് അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ ഏഴു ലേഖനങ്ങൾ.



## ഭരണങ്ങാനത്തെ കെടാവിളക്കും ലിസ്യൂവിലെ റോസാപ്പൂവും

OUT OF STOCK

**CIPH 167B**

ഡോ. എബ്രഹാം കൊറ്റനല്ലൂർ സി.എസ്.ടി.

Pp. 120; ₹75.00

978-93-80483-15-3

വിശുദ്ധ കൊച്ചുത്രേസ്യായുടെ ആദ്ധ്യാത്മികതയുടെ പശ്ചാത്തലത്തിൽ ഭാരതചെറുപുഷ്പം എന്ന് വിഖ്യാതയായി മാറിയിരിക്കുന്ന വിശുദ്ധ അൽഫോൻസായുടെ ആത്മീയധാരകളിലേക്കുള്ള എത്തിനോട്ടമാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യ ഉള്ളടക്കം.



## ഫാ. അദെയോദാത്തൂസ്, ഒ.സി.ഡി. - ചില ഓർമ്മക്കുറിപ്പുകൾ

**CIPH 153**

ഫാ. ജെയിംസ് റ്റി. ഞാറയ്ക്കാട്ട്

Pp. 128; ₹64.00

ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.-ചില ഓർമ്മക്കുറിപ്പുകൾ എന്ന ഈ പുസ്തകം വരച്ചുകാട്ടുന്നത് ക്രൈസ്തവമൂല്യങ്ങളെ മുറുകെപിടിച്ചുകൊണ്ടുള്ള ഫാ. അദെയോദാത്തൂസിന്റെ ജീവിതാനുഭവങ്ങളാണ്. ഈ പുസ്തകം വെറുമൊരു ഓർമ്മക്കുറിപ്പല്ല. മറിച്ച് ഒരു മിഷണറിയുടെ ജീവിതമാണ്.



## മുതിയാവിള വലിയച്ചൻ അഥവാ ഫാ. അദെയോദാത്തൂസ്, ഒ.സി.ഡി.

**CPC139**

ഫാ. ഡോ. സഖറിയാസ് കരിയിലക്കുളം ഒ.സി.ഡി.

Pp. 40; ₹15.00

മിഷൻ പ്രവർത്തനം എന്നത് കേവലം മതബോധനം മാത്രമല്ലെന്നും അതു മഹത്തായ മനുഷ്യസേവനം കൂടിയാണെന്നും നമ്മെ പഠിപ്പിച്ച മനുഷ്യസ്നേഹിയായ മിഷനറിയായിരുന്നു മുതിയാവിള വലിയച്ചൻ എന്ന ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.



## ഞാൻ കണ്ട വിശുദ്ധൻ ആർച്ച്ബിഷപ്പ് ബെൻസിഗർ

**CPC131**

ഫാ. ബർണർഡിൻ വല്ലാത്തറ, ഒ.സി.ഡി.

Pp. 288; ₹125.00

ISBN 81-876558-5-2

ആർച്ച്ബിഷപ്പ് ബെൻസിഗറിന്റെ ജീവചരിത്രമാണീ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. ഒരു മിഷണറിയായി ഭാരതത്തിലെത്തിയ ബെൽജിയം സ്വദേശിയായ കർമ്മെലീത്താ സന്യാസവൈദികൻ, മൂന്നു പതിറ്റാണ്ടുകൾ ദീർഘിച്ച മെത്രാൻ ശുശ്രൂഷയിലൂടെ കേരള സഭയ്ക്കും ഭാരതസഭയ്ക്കു മുഴുവനും അഭിമാനവും അനുഗ്രഹവുമായി മാറിയ ജീവചരിത്രസ്വഭാവമുള്ള ഈ പുസ്തകം, പിതാവിനോടൊത്തു ജീവിക്കുന്നതിനു ഭാഗ്യം ലഭിച്ച ബഹു. ബർണർഡിൻ വല്ലാത്തറ, ഒ.സി.ഡി. രചിച്ചതാണ്.




## ക്രിസ്തുവിന്റെ പരിമളം

ഫാ. സക്കറിയാസ് വരിയ്ക്കമാക്കൽ, ഒ.സി.ഡി.

OUT OF STOCK

CIPH 365

Pp. 88; ₹70.00

ക്രിസ്തുവിന്റെ സൗന്ദര്യവും, വിശുദ്ധിയുടെ പരിമളവും, രക്തസാക്ഷിത്വത്തിന്റെ മഹത്വവുംകൊണ്ട് അലങ്കരിക്കപ്പെട്ടിട്ടുള്ള അനേകായിരം വിശുദ്ധർ സഭയിലുണ്ട്. അവർ നമ്മെ വിസ്മയിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. യേശുവിനുവേണ്ടി ജീവനർപ്പിച്ച അവരിൽ ചിലരുടെ വീരസാക്ഷ്യമാണു ഗ്രന്ഥത്തിന്റെ ഉള്ളടക്കം.




## മാതൃസ്നേഹത്തിന്റെ കൈയൊപ്പ്

(വിശുദ്ധ ജാന്ന)

സിബി മൈക്കിൾ

CIPH 317

Pp. 132; ₹100.00

വിശുദ്ധ ജാന്ന മൊള്ളയുടെ ജീവചരിത്രം. വിശുദ്ധ ജാന്നയുടെ മുപ്പത്തിയൊൻപതു വർഷത്തെ ഇഹലോകജീവിതം അനുവാചകരെ നല്ലൊരു മാതൃകാപരമായ ജീവിതം നയിക്കുവാൻ പ്രചോദിപ്പിക്കുന്നതാണ്. വിശുദ്ധ ജാന്നയുടെ ഇളയമകളായ ജാന്ന എമ്മാനുവേല മൊള്ളയുടെ ഒരു ആശംസാകുറിപ്പും പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.




## ചെണ്ടിലെ ചെമ്പനീർ

സിസ്റ്റർ സിസ്സി ജോസ്

OUT OF STOCK

CPC 150

Pp. 184; ₹80.00

ISBN 978-81-906131-8-7

പടയാളിയായി ജീവിതമാരംഭിച്ച് ക്രിസ്തുവിന്റെ ധീരപടയാളിയും ആത്മീയതയുടെ ഉത്തമമാതൃകയുമായി അവതീർണ്ണ വചനത്തിന്റെ കാൽപ്പാടുകളിൽ ചരിച്ച് വിശുദ്ധിയുടെ കാൽവരി കയറിയ മനുഷ്യനായിരുന്ന ധന്യനായ ഫാ. ഫെലിക്സ് പ്രിനേത്തിയുടെ ജീവിതകഥ.




## ഇരുട്ടിന്റെ വിശുദ്ധ

കൊൽക്കത്തയിലെ മദർ തെരേസ

ഫാ. ജസ്റ്റിൻ അവണൂപറമ്പിൽ, ഒ.സി.ഡി.

OUT OF STOCK

CIPH 320A

Pp. 112; ₹90.00

തിരുസഭയുടെ ചരിത്രത്തിൽ ഇതിനുമുമ്പ് ഏതെങ്കിലും ഒരു വിശുദ്ധനോ വിശുദ്ധയോ ജീവിച്ചിരിക്കുമ്പോൾതന്നെ ഇതുപോലെ ലോകം മുഴുവനും അറിയപ്പെടുകയും ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തതായി അറിവില്ല. ലോകം മുഴുവനും അറിയുന്ന കൊൽക്കത്തയിലെ വിശുദ്ധ മദർ തെരേസയുടെ അധികമാരാലും അറിയപ്പെടാത്ത, എന്നാൽ ഏവരും അറിഞ്ഞിരിക്കേണ്ട, ഒരു ചരിത്രത്തെ അനാവരണം ചെയ്യുന്ന ഈ ഗ്രന്ഥം അനുവാചകലോകത്തിനു നല്കുന്നത് വേറിട്ടൊരനുഭവമാണ്.



## ഫുൾട്ടൻ ജെ. ഷീനിന്റെ ജീവിതം

ജോസ് വഴുതനപ്പിള്ളി

OUT OF STOCK

Pp. 80 ₹60.00

CIPH 337

തിരുസഭയുടെ ചരിത്രത്തിൽ വർണ്ണപ്പകിട്ടുള്ള ഒരു അധ്യായം വിരചിച്ച മഹനീയ വ്യക്തിയായിരുന്നു ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ. പ്രഘോഷണവരം സിദ്ധിച്ച, സ്വജീവിതംകൊണ്ട് തിരുസ്സഭയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച, മാധ്യമങ്ങളുടെ വിശുദ്ധൻ എന്നു ഭാവിയിൽ വിളിക്കപ്പെടേണ്ട ഫുൾട്ടന്റെ ജീവിതം ഭംഗിയായി വരച്ചുകാട്ടുന്ന പുസ്തകം. ഫുൾട്ടൻ ജെ. ഷീനിനെ അടുത്തറിഞ്ഞവരുടെ അനുഭവങ്ങളിലൂടെ ആ അസാധാരണവ്യക്തിത്വത്തെ അപഗ്രഥിക്കുന്ന ഒരു സമ്പൂർണ്ണ ജീവിതകഥയാണിത്.



## വിശുദ്ധ മരിയ എലിസബത്ത് ഹെസ്സൽബ്ലാഡ്

മാർഗരറ്റ് ജാദർ

വിവർത്തനം: എം.ജി. രാജേശ്വരി അമ്മാൾ

Pp. 168 ₹110.00

CIPH 316

ദൈവപരിപാലനയുടെ വിസ്മയപരമ്പരയാണ് വിശുദ്ധ മരിയ എലിസബത്തിന്റെ ജീവിതത്തിൽ ഉടനീളം കാണാവുന്നത്. യാഥാസ്ഥിതിക പ്രൊട്ടസ്റ്റന്റ് കുടുംബത്തിൽ ജനിച്ച് ആഴമേറിയ കത്തോലിക്കാവിശ്വാസത്തിലേക്ക് നയിച്ച് ദൈവം വൻകാര്യങ്ങൾ വിശുദ്ധജീവിതത്തിലൂടെ പ്രാവർത്തികമാക്കിയ വിശുദ്ധയുടെ ജീവചരിത്രം.



## ലയം

ജീവചരിത്രനോവൽ

ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

Pp. 632 ₹290.00

CIPH 250

വിശ്വാസജീവിതത്തിന്റെ ആകാശങ്ങളിൽ നക്ഷത്രശോഭ ചൊരിഞ്ഞുനിൽക്കുന്ന വിശുദ്ധരെന്ന നിലയിൽ സ്പെയിനിലെ വിശുദ്ധ ത്രേസ്യയും ജർമ്മനിയിലെ വിശുദ്ധ ഈഡിത്ത് സ്റ്റൈനും ചരിത്രത്തിന്റെ സുവർണ്ണസ്മൃതികളിൽ അനശ്വരമായ ചൈതന്യം പ്രസരിപ്പിച്ചുകൊണ്ട് കാലത്തിനൊപ്പം സഞ്ചരിക്കുന്നു. ആഖ്യാനകലയുടെ ലാളിത്യവും സൗന്ദര്യവും ഈ നോവലിനെ ഹൃദയസ്പൃക്കായ ഒരു കലാസൃഷ്ടിയാക്കിത്തീർത്തിരിക്കുന്നു. കഥാപാത്രങ്ങളുടെ ജീവിതത്തിലെ ഗഹനതയാർന്ന നിമിഷങ്ങളിൽ ധ്യാനത്തിന്റെയും തപസ്സിന്റെയും ആഴമേറിയ അനുഭവങ്ങൾ സൃഷ്ടിച്ച് ആധ്യാത്മികതയുടെ ഹൃദയലാവണ്യംകൊണ്ട് അലങ്കരിച്ച ഈ നോവലിന്റെ ദാർശനികഭംഗിയാണ് വായനക്കാരെ ഏറെ ആകർഷിക്കുന്നത്.



## പാവങ്ങളുടെ പ്രിയപ്പെട്ടവൾ

(സിസ്റ്റർ റാണിമരിയയുടെ ചരിത്രം)

സിസ്റ്റർ എലൈസ് മേരി എഫ് സി സി

CIPH 412

Pp. 240 ₹220.00

മധ്യകേരളത്തിലെ ഒരു സാധാരണ കുടുംബത്തിൽ പിറന്ന് ഗ്രാമനന്മയിൽ വളർന്ന ഒരു ബാലിക, സന്ന്യാസിയായിത്തീർന്ന് ആഗോള കത്തോലിക്കാസഭയുടെ അഭിമാനതാരമായി മാറിയ ആശ്ചര്യകരമായ കഥയാണ് പാവങ്ങളുടെ പ്രിയപ്പെട്ടവൾ എന്ന പുസ്തകത്തിന്റെ ഉള്ളടക്കം.




## വിശ്വസ്തനായ വിതക്കാരൻ

മോൺ. ജോസഫ് കുഴിഞ്ഞാലിലിന്റെ ജീവചരിത്രം

സിസ്റ്റർ ഫിലിപ് നേരി ഡി എം

OUT OF STOCK

CIPH 438

Pp. 240 ₹170.00

തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ക്ഷണം സ്വീകരിച്ച്, സുവിശേഷവേലക്കായി തെക്കൻ മിഷനിലേക്ക് കടന്നുവന്ന കർമ്മയോഗി. സാന്നിധ്യംകൊണ്ടും ശുശ്രൂഷവഴിയും ആയിരങ്ങളെ ദൈവത്തിങ്കലേക്ക് ആനയിച്ച ധീരമിഷണറി. തൊട്ടതെല്ലാം പൊന്നാക്കി അനേകരെ സഭയിലേക്ക് ആകർഷിച്ചു. പ്രാർത്ഥനയുടെ ബിൻബലത്താൽ രോഗികളെ സുഖപ്പെടുത്തി. നിർമ്മലവും, ലളിതവും, കർമ്മനിരവുമായ ഒരു ജീവിതത്തിന്റെ ചരിത്രഗ്രന്ഥം.




## വിപ്ലവകാരിയായ മിഷനറി

മോൺ. ജോസഫ് കുഴിഞ്ഞാലിലിന്റെ ജീവിതം - ഒരു പഠനം

എഡിറ്റർ: സിസ്റ്റർ സോഫിയ പോൾ ഡി എം

OUT OF STOCK

CIPH 441

Pp. 239 ₹230.00

പരീക്ഷകളെയും പ്രയാസങ്ങളെയും അതിജീവിക്കാൻ പോരുന്ന കരുത്തുറ്റ വിശ്വാസം മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചനെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ധീര ക്രിസ്തു സാക്ഷിയാക്കി. ഈ കർമ്മയോഗിയെ, നിർവ്വചനങ്ങൾക്കപ്പുറം നിറസാന്നിധ്യമായി ജനഹൃദയങ്ങളിൽ നിക്ഷേപിക്കാൻ ബഹു. വല്യച്ചന്റെ ധന്യജീവിതത്തെ അക്ഷരത്താളുകളിൽ പകർത്തിയ ലേഖനങ്ങളാണ് ഗ്രന്ഥത്തിന്റെ പ്രതിപാദ്യവിഷയം.




## വിശുദ്ധ ജോൺ മരിയ വിയാനി

ഒരു പുനർവായന

ഫാ. ഡെന്നിസ് മണ്ണൂർ

CIPH 458

Pp. 72 ₹90.00

പരീക്ഷകളെയും പ്രയാസങ്ങളെയും അതിജീവിക്കാൻ പോരുന്ന കരുത്തുറ്റ വിശ്വാസം മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചനെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ധീര ക്രിസ്തു സാക്ഷിയാക്കി. ഈ കർമ്മയോഗിയെ, നിർവ്വചനങ്ങൾക്കപ്പുറം നിറസാന്നിധ്യമായി ജനഹൃദയങ്ങളിൽ നിക്ഷേപിക്കാൻ ബഹു. വല്യച്ചന്റെ ധന്യജീവിതത്തെ അക്ഷരത്താളുകളിൽ പകർത്തിയ ലേഖനങ്ങളാണ് ഗ്രന്ഥത്തിന്റെ പ്രതിപാദ്യവിഷയം.




## വിശുദ്ധ ദേവസഹായം

**ഭാരതത്തിന്റെ പ്രഥമ അല്മായ രക്തസാക്ഷി**
**സി. എയ്ഞ്ചൽ തെരേസ് ഡി.എം**

Pp. 88 ₹100.00

CIPH 500

അധികം ആരാലും അറിയപ്പെടാത്തവനും ക്രിസ്തുവിലുള്ള വിശ്വാസത്തിന് ജീവരക്തംകൊണ്ട് പ്രതിസ്നേഹം പ്രകടിപ്പിച്ചവനും ഭാരതത്തിന്റെ പ്രഥമ അത്മായരക്തസാക്ഷിയുമായ വിശുദ്ധ ദേവസഹായത്തെ ആസ്വാദ്യനും അനുകരണീയനുമായി അവതരിപ്പിക്കുകയാണ് ബഹു. സി. എയ്ഞ്ചൽ തെരേസ്.




## രക്തതാരകം

**വിശുദ്ധ ദേവസഹായം പിള്ളയുടെ ജീവചരിത്രം**
**ആൾഡ്രിൻ റ്റി എം**

Pp. 120 ₹130.00

CIPH 501

ഇത് അത്മായ വിശുദ്ധന്റെ ജീവിതമാണ്. ക്രൈസ്തവവിശ്വാസത്തിനായി സ്വജീവൻ ബലിയർപ്പിച്ച ഒരു വിശുദ്ധന്റെ ജീവിതം. അദ്ദേഹത്തിന്റെ വിശ്വാസചൈതന്യം മാതൃകയാക്കുവാൻ ഈ പുസ്തകം ഉപകരിക്കും.




## മുള്ളിൽ വിരിഞ്ഞ പൂവ്

മദർ ബെർണ്ണാർഡയുടെ ജീവചരിത്രം
**സിസ്റ്റർ ടീസ ജേക്കബ് എച്ച്. സി**

Pp. 78 ₹100.00

CIPH 525

ഹോളിക്രോസ്സ് സഭാസ്ഥാപകയായ മദർ ബെർണ്ണാർഡയുടെ ജീവചരിത്രം ലഘുവായും സംക്ഷിപ്തമായും ചരിത്ര രേഖകളെ വിശകലനം ചെയ്ത് അർത്ഥവത്തായി അവതരിപ്പിച്ചിരിക്കുന്നു




## തെക്കൻ കേരളത്തിന്റെ വിശ്വാസദീപം ദൈവദാസൻ അദെയോദാത്തൂസ്

Pp. 168 ₹200.00

**ഫാ. മൈക്കിൾ ഒ.സി.ഡി.**

CIPH 530

ദൈവദാസൻ അദെയോദാത്തൂസ് എന്ന വല്യച്ചനുമായി ബാല്യം മുതൽ സെമിനാരിയിൽ ചേരുന്നതുവരെ അടുത്തിടപഴകിയിട്ടുള്ള വ്യക്തിയാണ് മുതിയാവിള ഇടവകക്കാരനായ ഗ്രന്ഥകാരൻ. വല്ല്യച്ചന്റെ ജന്മനാടായ ബെൽജിയം സന്ദർശിക്കുകയും വിലപ്പെട്ട രേഖകളും ചിത്രങ്ങളും ശേഖരിക്കുകയും ചെയ്തതിനാൽ വല്ല്യച്ചനെക്കുറിച്ചുള്ള ജീവചരിത്രത്തിന്റെ പ്രഥമ സ്രോതസ്സായി മാറുന്ന ഈ ഗ്രന്ഥത്തിൽ കാലഘട്ടത്തിന്റെ സാമൂഹിക സാംസ്കാരിക പ്രേഷിത പശ്ചാത്തലവും കൂടി പ്രതിഫലിക്കുന്നു.




## സഹനവഴിയിൽ

(വി. ദേവസഹായം - സ്മരണീയ വ്യക്തികളും തീർത്ഥാടനകേന്ദ്രങ്ങളും)

രതീഷ് ഭജനമഠം

CIPH 588

Pp.104; ₹130.00

ISBN 978-93-90096-58-9

ഭാരതത്തിലെ പ്രഥമ അൽമായ വിശുദ്ധനും വേദസാക്ഷിയുമായ, പഴയ തിരുവിതാംകൂർ രാജ്യത്തെ ദേവസഹായവുമായി ബന്ധപ്പെട്ട സ്മരണീയരായ വ്യക്തികൾ, തീർത്ഥാടനകേന്ദ്രങ്ങൾ, നാമകരണനടപടികൾ, രചനകൾ, കാവ്യങ്ങൾ, നേമം മിഷൻ എന്നിവയെക്കുറിച്ചാണ് 'സഹനവഴിയിൽ' എന്ന ഗ്രന്ഥത്തിൽ സംക്ഷിപ്തമായി പ്രതിപാദിച്ചിരിക്കുന്നത്.




## പുഴുവിൽനിന്ന് പൂമ്പാറ്റയിലേക്ക്

ഫാ. അദെയാദോത്തൂസ് അച്ചന്റെ ജീവചരിത്രം

ഡോ. കുര്യൻ ആലുങ്കൽ ഒ സി ഡി

CIPH 580

Pp.64; ₹20.00

ISBN 978-93-90096-46-6

യൂറോപ്പിൽ ജനിച്ച് കർമ്മെലീത്താ സഭയിൽ വൈദികനായശേഷം മിഷനറിയായ അദെയോദാത്തൂസ് എന്ന മുതിയാവിള വല്യച്ചന്റെ ധന്യജീവിതത്തിലേക്കുള്ള ഒരു കൈത്തിരിയാണ് ഈ പുസ്തകം. അധ്യാപകനിൽ നിന്ന് ആടുകളുടെ മണമുള്ള ഇടയനായി മാറിയ അച്ചന്റെ ശുശ്രൂഷാജീവിതം പുഴുവിൽനിന്ന് പൂമ്പാറ്റയിലേക്കുള്ള രൂപാന്തരീകരണം പോലെയാണ്. കുട്ടികൾക്ക് കൗതുകകരമായ വനയാത്രയിലൂടെ ഒരു കാലഘട്ടത്തെ ഈ രചന പുനരാവിഷ്കരിക്കുന്നു.




## रक्ततारक

संत देवसहायम पिल्लै की जीवनी

मूलग्रंथकार : आलड्रिन टी.एम

अनुवादक : राजपुष्पम पीटर

CIPH 566

Pp.98; ₹130.00

ISBN 978-93-90096-30-5

**यह लोकधर्मी विशुद्ध की जीवनी है। ख्रीस्तीय विश्वास केलिए स्वजीवन बलि अर्पण किए एक विशुद्ध का जीवन। उनके विश्वास चैतन्य को नमूना बनाने के लिए यह पुस्तक लाभदायक होगी।**

# BIBLICAL STUDIES



## ദൈവവചനം ജീവിച്ചവർ

സഭാപിതാക്കന്മാരും ദൈവവചനവും

ഡോ. എമ്മാനുവൽ കണിയാംപറമ്പിൽ, ഒ.സി.ഡി.

OUT OF STOCK

CPC 152

Pp. 104 ₹70.00

ISBN 9788190613194

തിരുസഭയുടെ ആദിമ കാലഘട്ടത്തിൽ ജീവിച്ച സഭാപിതാക്കന്മാരുടെ മാതൃകയിൽ ദൈവവചനം വായിക്കുകയെന്നത് നമ്മെ ദൈവവചനത്തിന്റെ ആഴങ്ങൾ തേടാൻ വളരെയധികം പ്രചോദിപ്പിക്കുന്നു. ദൈവവചനത്തിലേക്ക് ആകർഷിക്കപ്പെടാൻ സഭാപിതാക്കന്മാരുടെ വചനചിന്തകൾ തികച്ചും പര്യാപ്തമാണ്. അവരോടൊപ്പം ദൈവവചനം ധ്യാനിക്കാൻ സഹായിക്കുന്ന ഒരു പുസ്തകമാണിത്.



## ബൈബിൾ കഥാരൂപത്തിൽ

ഡോ. ജെ. കട്ടയ്ക്കൽ

CPC 25

Pp. 150 ₹20.00

ഏറ്റവും ലളിതവും രസനിഷ്യന്ദികളുമായ കഥകളുടെ രൂപത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകം വായനക്കാർക്ക് വിശുദ്ധഗ്രന്ഥത്തിലേക്കുള്ള ഒരു വാതായനമാണ്. കഥാരൂപത്തിലവത രിപ്പിക്കുന്നതോടൊപ്പംതന്നെ, ബൈബിൾ ചരിത്രപരവും ദൈവനിവേശിതവുമാണെന്നുള്ള സത്യം ഇതിൽ ആവരണം ചെയ്തിരിക്കുന്നു.



## വചനസുഹൃത്ത്

ഫാ. തോമസ് കുളങ്ങര

തോമസ് സി.ജി

OUT OF STOCK

CIPH 234A1

Pp. 264 ₹260.00

നമ്മുടെ അനുദിനജീവിതത്തിലെ വിവിധ സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും അന്വേഷണങ്ങൾക്കും യോജിച്ചവിധം വചനസുഹൃത്തായ ക്രിസ്തുവിനെ സന്നിഹിതമാക്കുവാൻ, അവനോടൊപ്പം യാത്ര ചെയ്യുവാൻ, ഈ വചനഗ്രന്ഥം ഉപകരിക്കും. ജീവിതസന്ധികളായ നൂറ്റിപ്പതിനാല് വിഷയങ്ങൾക്ക് അനുയോജ്യമായ ജീവന്റെ വചനങ്ങളാണീ ഗ്രന്ഥത്തിൽ ചേർത്തുവച്ചിരിക്കുന്നത്.



## വേദഘോഷമാല

ജെ. കളത്തിലാൻ

CIPH 255

Pp. 272 ₹170.00

ബൈബിൾ പഴയനിയമത്തെ കാവ്യഭാഷയിലാക്കിയിരിക്കുന്നു പ്രസ്തുത ഗ്രന്ഥത്തിൽ. വൃത്തഭദ്രവും ആലങ്കാരികവുമായ ലളിതസുന്ദരപദാവലികളാൽ മെനഞ്ഞെടുത്തതാണ് ഈ കാവ്യം.



## മർക്കോസിന്റെ സുവിശേഷം

ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

CIPH 243

Pp. 488 ₹275.00

സുവിശേഷവ്യാഖ്യാനത്തിൽ ഉപയോഗിക്കുന്ന ആധുനിക സങ്കേതങ്ങളെ അവലംബിച്ചു തയ്യാറാക്കിയ വ്യാഖ്യാനഗ്രന്ഥമാണിത്. സുവിശേഷത്തിന്റെ പൊതുവായ സവിശേഷതകളും സുവിശേഷത്തിന്റെ ദൈവശാസ്ത്ര ഉൾക്കാഴ്ചകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഏറെക്കാലത്തെ പ്രബോധനപരിചയവും ബൈബിൾവിജ്ഞാനീയ ചിന്തയും ഈ ഗ്രന്ഥത്തെ സമ്പന്നമാക്കിയിട്ടുണ്ട്.



## ബൈബിൾ അടുത്തറിയാൻ

OUT OF STOCK

ലോറൻസ് കുലാസ്

CIPH 223B

Pp. 80 ₹50.00

ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണെന്ന് വി. ജെറോം പറയുമ്പോൾ ബൈബിളിനെക്കുറിച്ചുള്ള അറിവ് ക്രിസ്തുവിനെക്കുറിച്ചുള്ള അറിവായി 'ബൈബിൾ അടുത്തറിയാൻ' എന്ന ഗ്രന്ഥത്തിലൂടെ ലോറൻസ് കുലാസച്ചൻ അവതരിപ്പിക്കുന്നു. മനസ്സിലെ അജ്ഞതയുടെ ഇരുൾ അകറ്റാൻ പറയ്ക്ക് മീതെ കൊളുത്തിവച്ച വിളക്കുപോലെയാണ് ഈ പുസ്തകം.



## ബൈബിൾ എളുപ്പം മനസ്സിലാക്കാൻ

OUT OF STOCK

ഫാ. തോമസ് നടയ്ക്കൽ

CIPH 177

Pp. 64 ₹60.00

ബൈബിൾ ചരിത്രം സംക്ഷിപ്തമായി അവതരിപ്പിച്ചിരിക്കുന്നു. ഉല്പത്തി മുതൽ പുതിയനിയമം അവസാനത്തെ പുസ്തകംവരെയുള്ള കാര്യങ്ങൾ ചരിത്രപശ്ചാത്തലത്തിൽ ഏവർക്കും അനായാസം മനസ്സിലാക്കാൻ പറ്റുംവിധത്തിൽ ഈ ലഘുകൃതിയിൽ നല്കിയിരിക്കുന്നു. സാധാരണ വായനക്കാർക്കും കുട്ടികൾക്കും വലിയ സഹായിയായിരിക്കും ഈ ലഘുഗ്രന്ഥം. വിശുദ്ധനാട്ടിലെ ബഹുവർണ്ണ മാപ്പും ഒപ്പം ചേർത്തിട്ടുണ്ട്.



## സമാഗമം

വചനപ്രഘോഷണസഹായി

ഫാ. അഗസ്റ്റിൻ പുന്നോലിൽ ഒ.സി.ഡി.

CIPH 426

Pp. 296 ₹300.00

വിശുദ്ധഗ്രന്ഥത്തെക്കുറിച്ച് പഠിക്കുന്നതിനും ധ്യാനിക്കുന്നതിനും അതിലുപരി വചനപ്രഘോഷണസഹായത്തിനായി ഉപയോഗിക്കുന്നതിനും ഉപകരിക്കുന്ന ഒരു അതുല്യ സൃഷ്ടി.



## ബൈബിളിലൂടെ ഒരു തീർത്ഥയാത്ര

സിസ്റ്റർ ക്രിസ്റ്റിൻ

Vol I Pp. 232 ₹140.00
Vol II Pp. 232 ₹140.00

CIPH 281 282

ഉത്പത്തി മുതൽ വെളിപാടുവരെയുള്ള ബൈബിളിലെ എഴുപത്തിമൂന്നു പുസ്തകവും ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയങ്ങളാണ്. ചോദ്യം, വിചിന്തനം, പ്രാർത്ഥന എന്ന പുസ്തകത്തിലെ അവതരണരീതി ബൈബിളിന്റെ ആഴങ്ങളിലേക്ക് കടക്കുവാനും വിശുദ്ധഗ്രന്ഥസന്ദേശങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും അനുവാചകരെ സഹായിക്കും. രണ്ടുവാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിരിക്കുന്നു.



## ഒന്നാകാം സ്നേഹത്തിൽ

ഫാ. ജോർജ് കുളങ്ങര

Pp. 256 ₹160.00

CIPH 267

ഐക്യത്തിന്റെ ആത്മീയതയ്ക്ക് ഭാരതീയമായ ഒരാഖ്യാനം നൽകാനാണ് ഇവിടെ ശ്രമിക്കുന്നത്. ക്രൈസ്തവജീവിതത്തിലെ അടിസ്ഥാനപരമായ ചില വിഷയങ്ങളെ ഐക്യത്തിന്റെ വീക്ഷണകോണിലൂടെ ഈ ഗ്രന്ഥത്തിൽ മനനധ്യാനവിധേയമാക്കുന്നു. ദൈവവചനങ്ങളിലധിഷ്ഠിതമായ ഒരു ചിന്താരീതിയും ജീവിതശൈലിയും ഇവിടെ ഉയിർക്കൊള്ളുന്നു.



## വേദഘോഷമാല (രാജഘോഷം)

(ബൈബിൾ പഴയനിയമകാവ്യം)

ജെ. കളത്തിലാൻ

Pp. 264 ₹210.00

CIPH 351

സാമുവൽ ന്യായാധിപൻ സാവൂളിനെ ഇസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യുന്നതുമുതലുള്ള എല്ലാ രാജാക്കന്മാരുടെയും അന്യരാജാക്കന്മാരുടേയും ഭരണകാലത്തുള്ള പ്രധാന കഥാപാത്രങ്ങളും സംഭവങ്ങളും കാലക്രമമനുസരിച്ച് കാവ്യരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു.



## വചനം ആഗ്നേയവാൾ

പ്രൊഫ. ബി. ദേവദാസൻ

Pp. 134 ₹95.00

CIPH 304

മനുഷ്യന്റെ ആന്തരിക മണ്ഡലത്തിൽ പ്രവേശിച്ച് പാപം മുറിവേൽപിച്ചു. മനുഷ്യനേറ്റ ആഴമേറിയ മുറിവുണക്കാൻ അവനെ സഹായിക്കുന്ന ഒരു അമൂല്യഗ്രന്ഥമാണ് വചനം ആഗ്നേയവാൾ. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പ്രബോധനങ്ങളെ ആസ്പദമാക്കിയുള്ള ലഘുവായ ആവിഷ്ക്കാരമാണ് ഈ പുസ്തകം.




## മത്തായിയുടെ സുവിശേഷം

OUT OF STOCK

CIPH 323

പാഠവും പഠനവും

ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

Pp. 464 ₹310.00

ഗഹനമായ വിഷയത്തെ ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്ന ഗ്രന്ഥം. ശാസ്ത്രീയതയ്ക്ക് കോട്ടം തട്ടാതെ മത്തായിയുടെ സുവിശേഷത്തിന് ഇന്നുവരെയുള്ള പഠനത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനം നല്കുന്നു. സുവിശേഷത്തിന്റെ മുഴുവൻ വാക്യങ്ങളും വാക്കുകളും പഠനവിധേയമാക്കിയിരിക്കുന്നു. ആധുനികലോകത്തിന് സുവിശേഷത്തിന്റെ വെളിച്ചത്തിൽ ആധ്യാത്മിക നിർദ്ദേശം നല്കുന്ന ഗ്രന്ഥം. സുവിശേഷവ്യാഖ്യാനത്തോടൊപ്പം മത്തായിയുടെ പ്രധാനപ്പെട്ട ദൈവശാസ്ത്രദർശനങ്ങളും പഠനവിധേയമാക്കിയിട്ടുണ്ട്.




## കർത്താവിന്റെ വചനം

CIPH 178A

ബെനഡിക്ട് പതിനാറാമൻ മാർപാപ്പ

വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

Pp. 224 ₹75.00

ദൈവവചനത്തെക്കുറിച്ചുള്ള സർവതലസ്പർശിയായ ഒരു പ്രബോധനരേഖയാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ 'കർത്താവിന്റെ വചനം.' രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ദൈവവചനം' എന്ന പ്രമാണരേഖയ്ക്കുശേഷം ദൈവവചനത്തെ സംബന്ധിച്ചു ലഭിക്കുന്ന ഏറ്റവും ആധികാരികവും, സമഗ്രവുമായ പ്രബോധനരേഖകൂടിയാണ് ഇത്.




## ലൂക്കായുടെ സുവിശേഷം

OUT OF STOCK

CIPH 429

പാഠവും പഠനവും

ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

Pp. 408 ₹450.00

ചർച്ചാവേദികളിലും ഇന്ന് ലൂക്കായുടെ കൃതികൾക്ക് സവിശേഷപ്രാധാന്യമാണുള്ളത്. ആദിമസഭയുടെ ചിന്തയും വ്യാപാരവും മനസ്സിലാക്കാൻ ലൂക്കായുടെ ഗ്രന്ഥങ്ങൾക്കുള്ള സ്ഥാനം അതുല്യമാണ്. ലൂക്കാ അവതരിപ്പിക്കുന്ന യേശു സാമൂഹികപരിഷ്കർത്താവും സാർവജനീനയുടെ ശക്തനായ വക്താവും ദൈവകാരുണ്യത്തിന്റെ മനുഷ്യരൂപവുമാണ്. സുവിശേഷത്തിന്റെ ഓരോ പേജിലൂടെയും ഓരോ വാക്കിലൂടെയും ആ വിസ്മയപുരുഷൻ തെളിമയോടെ പ്രകാശിക്കുന്നു.




## ആത്മഭാഷണങ്ങൾ

### വാല്യം ഒന്ന് - സ്മൃതി

CIPH 460

ഡോ. സിസ്റ്റർ ഷാരോൺ സി.എം.സി.

Pp. 191 ₹340.00

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട സ്വന്തം മക്കളായ ഇസ്രായേൽ ജനതയുടെ ഹൃദയത്തുടിപ്പുകളാണ് പഞ്ചഗ്രന്ഥി. ദൈവകരുതലിന്റെയും ദൈവസംരക്ഷണത്തിന്റെയും അത്ഭുതകരമായ സംഭവകഥകൾ പ്രതിപാദിക്കുന്ന അപൂർവ്വനിക്ഷേപം. വിശ്വാസികൾക്കിത് എക്കാലവും ദൈവവാഗ്ദാനത്തിന്റെ മഴവില്ലുടമ്പടിയാണ്.



## ദൈവവചനം
ഫ്രാൻസീസ് മാർപാപ്പ

CIPH 411A

7

Pp. 216 ₹140.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ ദൈവവചനത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.




## ദൈവജനം
ഫാ. തോമസ് കുഴിനാപ്പുറം

CPC 84

Pp. 176 ₹75.00

ISBN 81-87655-13-5

തോമസ് കുഴിനാപ്പുറം അച്ചൻ രചിച്ച 'ദൈവജനം' എന്ന ഗ്രന്ഥം ദൈവമനുഷ്യബന്ധത്തിൽ നമ്മെ വളരുവാനും വളർത്തുവാനും സഹായകമാണ്. ദൈവശാസ്ത്ര, സഭാശാസ്ത്ര ദർശനങ്ങളും അനുഭവങ്ങളും പഠനങ്ങളും ഈ ഗ്രന്ഥത്തിൽ നിറഞ്ഞുനിൽക്കുന്നു. 'ദൈവജനം' എന്ന ഈ ലഘുഗ്രന്ഥം വിശ്വാസജീവിതത്തിന്റെ ബഹുവിധ അർത്ഥതലങ്ങൾ സമന്വയിപ്പിക്കുന്നു.




## ബൈബിളിലെ സ്ത്രീകൾ
ടി. ദേവപ്രസാദ്

CPC 103

Pp. 208 ₹95.00

ISBN 81-87655-35-6

ദൈവ-മനുഷ്യബന്ധത്തിൽ വിള്ളൽ വീഴ്ത്തുന്നതിനു നിമിത്തമായ ഏദനിലെ ആദ്യസ്ത്രീ ഹവ്വ മുതൽ ദൈവ-മനുഷ്യബന്ധം പുനഃസ്ഥാപിക്കുന്നതിന് നിമിത്തമായ നസറത്തിലെ മറിയംവരെ ബൈബിളിലെ സ്ത്രീകളെക്കുറിച്ചുള്ള ഒരു പത്രപ്രവർത്തകന്റെ അന്വേഷണമാണിത്.




## വചനവിളക്ക്
**വചനപ്രഘോഷകർക്ക് ഒരു സഹായി**

ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ

CIPH 483

Pp. 214 ₹220.00

ക്രൈസ്തവ ആദ്ധ്യാത്മിക ജീവിതത്തിന് നവോന്മേഷമേകാൻ, വിഷയാടിസ്ഥാനത്തിൽ പ്രചോദനാത്മകമായ ധാരാളം തിരുവചനങ്ങൾ കോർത്തിണക്കി, പൗരാണികവും ആനുകാലികവുമായ സംഭവങ്ങളും കഥകളും ഉൾച്ചേർത്ത് ധ്യാനത്തിനും വിചിന്തനത്തിനും വചനപ്രഘോഷണത്തിനും വിശ്വാസപരിശീലനത്തിനും പ്രയോജനപ്പെടുത്താവുന്ന രീതിയിലാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത്.




## ധ്യാനം ബൈബിളിലൂടെ

പന്തക്കുസ്താമുതൽ ആഗമനകാലംവരെയുള്ള സുവിശേഷങ്ങൾ

നോയെൽ ക്വെസോൺ

വാല്യം 2

പരിഭാഷ: ഡോ. ജോർജ് സഖറിയ

CIPH 489

Pp. 344 ₹320.00

വചനം നിത്യപ്രകാശത്തിന്റെ വാക്രൂപമാണ് 'ധ്യാനം ബൈബിളിലൂടെ' എന്ന ഈ കൃതി. യാന്ത്രികമായ വിശുദ്ധഗ്രന്ഥവായനയിൽ നിന്നു മോചിപ്പിച്ച് ധ്യാനത്തിന്റെ തലത്തിലേക്ക് ഉയർത്തി വാക്രൂപത്തിന്റെ പൊരുൾ തേടുവാൻ വായനക്കാരനെ സഹായിക്കുന്നു. ജീവിതസമസ്യകൾക്കപ്പുറം നിത്യസത്യമായ ആത്മാവിനെ അറിയുവാൻ ഇടയാക്കുന്നു. സന്യസ്തർക്കും സാധാരണ സത്യാന്വേഷകർക്കും ഒരുപോലെ ആകർഷകമായിത്തോന്നുന്ന ബോധധാരാരീതിയിൽ ക്രമീകരിച്ചിട്ടുള്ള വിചിന്തനങ്ങളിലൂടെ നിത്യസത്യമായ പ്രകാശത്തിലേക്ക് ഉണർത്തി 'നിത്യമായ ഇന്നിൽ' ജീവിയ്ക്കാൻ നമ്മെ പ്രാപ്തരാക്കും.




## ആത്മഭാഷണങ്ങൾ

**വാല്യം രണ്ട് - സമന്വയം**

ഡോ. സിസ്റ്റർ ഷാരോൺ സി.എം.സി.

CIPH 490

Pp. 227 ₹350.00

അനിശ്ചിതാവസ്ഥകളിൽനിന്ന് ദൈവനിശ്ചയങ്ങളിലേക്ക് സഞ്ചരിക്കുന്ന ഇസ്രായേൽ ജനതയുടെ ബാബിലോൺ വിപ്രവാസം വരെയുള്ള ചരിത്രം വ്യക്തമാക്കുന്ന ഈ ഗ്രന്ഥങ്ങൾ ദൈവഹിതത്തിന് കീഴ്‌വഴങ്ങുന്നതിന്റെ ആനന്ദവും സ്വാതന്ത്ര്യത്തിന്റെ സന്തോഷവും കോറിയിടുന്നുണ്ട്. ആത്മബോധത്തിന്റെ വിചാരമാതൃകകൾ കോറിയിടുന്നുണ്ട്.




## ലിത്തോസ്

**ഫാ. സിജോ കൊച്ചുമുണ്ടൻമലയിൽ**

CIPH 510

Pp. 144 ₹150.00

അപ്പസ്തോലപ്രവർത്തനങ്ങളിൽ വിവരിച്ചിട്ടുള്ള പത്രോസിന്റെ അഞ്ചുപ്രസംഗങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനമാണ് ഈ പുസ്തകം. വചനവ്യാഖ്യാനതലത്തിൽതന്നെ വളരെക്കുറച്ചുമാത്രം ഉപയോഗിച്ചിട്ടുള്ള പ്രഭാഷണകലയുടെ അനുക്രമങ്ങളാണ് ഈ പഠനത്തിന് ഉപയോഗിച്ചിരിക്കുന്നത്. യേശുവിലൂടെ നിറവേറിയ രക്ഷാകരപദ്ധതി ജനഹൃദയങ്ങളിലേക്ക് ആദ്യം എത്തിച്ചത് പത്രോസിന്റെ ഈ പ്രഭാഷണങ്ങൾ ആയിരുന്നല്ലോ. സഭയെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നവരും സഭാതനയരും ഒരുപോലെ പഠനവിഷയമാക്കേണ്ട അടിസ്ഥാനവിഷയങ്ങളാണ് ഈ പ്രഭാഷണങ്ങളിൽ അവതരിപ്പിച്ചിട്ടുള്ളത്.




## ബൈബിളിലെ പ്രവാചകന്മാർ

ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

CIPH 577

Pp.292; ₹350.00

ISBN 978-93-90096-38-1

യഹൂദ-ക്രൈസ്തവ മതജീവിതത്തിൽ - ആധ്യാത്മികജീവിതത്തിലും അതുല്യസ്ഥാനം വഹിക്കുന്ന ഒരു കൂട്ടം ആളുകളുണ്ട്. പ്രവാചകന്മാർ എന്നാണ് അവർ അറിയപ്പെടുന്നത്. ഇവർക്ക് തുല്യരായി ബൈബിളിന്റെ പഴയഭാഗത്തിൽ മറ്റാരുമില്ല. ദൈവത്തിന്റെ പദ്ധതികൾ നേരിട്ടറിഞ്ഞ് ആ പദ്ധതിപ്രകാരം ജനങ്ങളെ നയിച്ചവരാണ് ഈ പ്രവാചകന്മാർ. ഇവരെപ്പറ്റിയുള്ള ആഴമാർന്ന പഠനം ദൈവത്തെ അറിയാൻ അനുപേക്ഷണീയമാണ്. അത്തരമൊരു പഠനമാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവാചകന്മാരെപ്പറ്റിയുള്ള പൊതുവായ പഠനവും ഓരോ പ്രവാചകനെയും കുറിച്ചുള്ള സവിശേഷപഠനവും ഉൾക്കൊള്ളിച്ചിരിക്കുന്നു. ദൈവശാസ്ത്രവിദ്യാർത്ഥികൾക്കും അധ്യാപകർക്കും നല്ലൊരു റഫറൻസ് ഗ്രന്ഥമാണിത്.




## ധ്യാനം ബൈബിളിലൂടെ

ആഗമനകാലം മുതൽ പന്തക്കുസ്താവരെയുള്ള സുവിശേഷങ്ങൾ

നോയെൽ ക്വെസോൺ

വാല്യം 3

പരിഭാഷ: ഡോ. ജോർജ് സഖറിയ

CIPH 574

Pp. 298 ₹400.00

നിത്യപ്രകാശത്തിന്റെ വാക്‌രൂപമാണ് വചനം. യാന്ത്രികമായ വായനയിൽനിന്ന് വചനത്തെ മോചിപ്പിച്ച് ധ്യാനത്തിന്റെ തലത്തിലേക്ക് ഉയർത്തി, വാക്‌രൂപത്തിന്റെ പൊരുൾ തേടാൻ "ധ്യാനം ബൈബിളിലൂടെ" എന്ന ഈ കൃതി വായനക്കാരനെ സഹായിക്കുന്നു, ജീവിത സമസ്യകൾക്കപ്പുറം നിത്യസത്യമായ ആത്മാവിനെ അറിയുവാൻ ഇടയാക്കുന്നു. സന്യസ്തർക്കും ഏതൊരു സത്യാന്വേഷകർക്കും ഒരുപോലെ ആകർഷകമായ ബോധധാരാരീതിയിൽ ക്രമീകരിച്ചിട്ടുള്ള വിചിന്തനങ്ങളിലൂടെ നിത്യസത്യമായ പ്രകാശത്തിലേക്ക് ഉണർത്തി നിത്യമായ ഇന്നിൽ ജീവിക്കാൻ ഈ ഗ്രന്ഥം നമ്മെ പ്രാപ്തരാക്കും. എട്ടു വാല്യങ്ങളുള്ള കൃതിയുടെ മൂന്നാം വാല്യമാണിത്. ആഗമനകാലം മുതൽ പന്തക്കുസ്താവരെയുള്ള സുവിശേഷഭാഗങ്ങളെക്കുറിച്ചുള്ള വിചിന്തനം നിത്യസത്യത്തിന്റെ പൊരുളിലേക്ക് നയിക്കും.




## നമ്മുടെ മതത്തിന്റെ രഹസ്യം

ഫാ. സിജോ കൊച്ചുമുണ്ടൻമലയിൽ

CIPH 557

Pp. 78 ₹100.00

ISBN 978-93-91296-94-0

വിശുദ്ധ ഗ്രന്ഥം എഴുതപ്പെട്ട കാലത്തുള്ള വാക്യരീതിയും പദപ്രയോഗ പ്രത്യേകതകളും വാചക ഉപയോഗരീതികളും സൂക്ഷ്മതയോടെ തന്നെ മനസിലാക്കേണ്ടത്, ഏതു അർത്ഥതലങ്ങളിലാണ് ബൈബിളിൽ അതിന്റെ മാനുഷിക രചയിതാവ് പദങ്ങളും വാചകങ്ങളും ഉപയോഗിച്ചിട്ടുള്ളത് എന്ന് തിരിച്ചറിയാൻ ആവശ്യമാണ്. അത് സാധിതമായാൽ മാത്രമേ ദൈവം ഉദ്ദേശിക്കുന്ന വിധത്തിലും മാനുഷിക രചയിതാവ് പറയാൻ ആശിക്കുന്ന അർത്ഥത്തിലും വിശുദ്ധഗ്രന്ഥം വായിക്കാൻ നാം യോഗ്യത നേടുകയുള്ളൂ എന്നത് വ്യക്തമാണ്. ഇത്തരത്തിലുള്ള സഹായഗ്രന്ഥമാണ് "നമ്മുടെ മതത്തിന്റെ രഹസ്യം".

# ON EUCHARIST



## വാങ്ങി ഭക്ഷിക്കുവിൻ

ജെ.റ്റി. ജസീന്ത

CIPH 346

Pp. 96 ₹60.00

ISBN 978-81-933770-7-9

കത്തോലിക്കാ സഭയിൽ ദിവ്യബലിയുടെ ഘടനയെ അടിസ്ഥാനപ്പെടുത്തി അതിലെ വ്യത്യസ്തങ്ങളായ കർമ്മങ്ങളുടെ അർഥവും പ്രസക്തിയും വിശദീകരിക്കുന്ന ഗ്രന്ഥമാണിത്. ലളിതമായ വ്യാഖ്യാനത്തിലൂടെ ആഴമേറിയ കാര്യങ്ങൾ വിവരിക്കാൻ ഈ പുസ്തകത്തിന് സാധിക്കും.



## നാഥാ ഞങ്ങളോടൊത്തു വസിച്ചാലും

അപ്പസ്തോലിക ലേഖനം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

OUT OF STOCK

CPC 108A

Pp. 88 ₹20.00

2004 ദിവ്യകാരുണ്യ വർഷത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയ അപ്പസ്തോലികലേഖനമാണ് 'നാഥാ ഞങ്ങളോടൊത്തു വസിച്ചാലും'. ദിവ്യകാരുണ്യനാഥനു ചുറ്റും ഒന്നായിരിക്കുന്ന ഒരു നവീകൃത തിരുസഭയെയാണ് മാർപാപ്പ ഈ ലേഖനത്തിൽ ഹ്രസ്വമായി വിശദീകരിക്കുന്നത്.



## സഭയും വിശുദ്ധ കുർബാനയും

ചാക്രിക ലേഖനം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

ടി. ദേവപ്രസാദ്

OUT OF STOCK

CPC 100C

Pp. 48 ₹30.00

സഭയിൽ വിശുദ്ധ കുർബാനയുടെ സ്ഥാനത്തെക്കുറിച്ച് എല്ലാ വിശ്വാസികൾക്കുമായി പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച ചാക്രികലേഖനമാണ് സഭയും വിശുദ്ധ കുർബാനയും.



## പരിശുദ്ധ കുർബ്ബാന

ഫ്രാൻസീസ് മാർപാപ്പ

10

CIPH 444

Pp. 136 ₹130.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ ദിവ്യകാരുണ്യത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.




## അന്തർദാഹം

സിസ്റ്റർ ക്രിസ്പിൻ കളത്തിൽ, എസ്.ഡി.

OUT OF STOCK

**CIPH 161**

Pp. 135; ₹90.00

ISBN 978-93-80483-14-6

അന്തർദാഹം എന്ന ഗ്രന്ഥം അത്യുത്തമ സൗന്ദര്യത്തിന്റെ അസാധാരണവും അപൂർവ്വവുമായ ഒരു രചനയാണ്. ഇതിൽ സിസ്റ്റർ ക്രിസ്പിൻ സ്നേഹം, ആത്മദർശനം, ധ്യാനം, നിശ്ശബ്ദത, ശാന്തി എന്നിവയെക്കുറിച്ചുള്ള തന്റെ വിലപ്പെട്ട ഉൾക്കാഴ്ചകളിലൂടെ അനുവാചകരെ പ്രചോദിപ്പിക്കുന്നു. ആർദ്രതയുടെയും സൗമ്യതയുടെയും സ്നേഹത്തിന്റെയും യഥാർത്ഥ ജ്ഞാനത്തിനായി ദാഹിക്കുന്ന ഏതൊരു വ്യക്തിയെയും ഈ ഗ്രന്ഥം തൃപ്തിപ്പെടുത്തും.



## കർത്തൃപ്രാർത്ഥനാമാല

ഫാ. അബ്രഹാം ഐക്കര എം.എസ്.ടി.
ഫാ. ജോസ് പാലക്കീൽ എം.എസ്.ടി.

**CIPH 257**

Pp.72; ₹45.00

ഏറെ പ്രാചീനവും എന്നാൽ ഏറെക്കുറേ അജ്ഞാതമായിക്കിടക്കുന്നതുമായ ഒരു പ്രാർത്ഥനാമാതൃകയെ പുനർജീവിപ്പിക്കുകയാണ് കർത്തൃപ്രാർത്ഥനാമാലയിലൂടെ. സൃഷ്ടികർമ്മം, രക്ഷാകർമ്മം, പവിത്രീകരണം എന്നിങ്ങനെ ക്രമേണ പ്രകടമാകുന്ന രക്ഷാകര രഹസ്യങ്ങളെക്കുറിച്ച് വിചിന്തനം നടത്താനും രക്ഷകനായ ഈശോയെ വ്യക്തിപരമായി കണ്ടുമുട്ടുന്നതുവഴി സുവിശേഷത്തിന്റെ സന്തോഷം ഉൾക്കൊള്ളാനും ഇതു സഹായിക്കും.




## എന്റെ ഇടയാ, ആരാധന

പ്രൊഫ. ബി. ദേവദാസൻ

**CIPH 434A**

Pp.88; ₹100.00

ആരാധനയുടെയും സ്തുതിയുടെയും മനോഭാവമാകണം ദൈവത്തിനുമുമ്പിൽ നില്ക്കുമ്പോൾ നമ്മിലുണ്ടാകേണ്ടത്. അത്തരമൊരു പ്രാർത്ഥനാജീവിതത്തിനുപകരിക്കുന്നതാണ് എന്റെ ഇടയാ ആരാധന എന്ന പുസ്തകം.




## വിശുദ്ധ കുർബാന: മഹാരഹസ്യം മഹാത്ഭുതം

ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്

**CIPH 465**

Pp.230; ₹260.00

വിശുദ്ധ കുർബാനയാകുന്ന അമൂല്യ സ്നേഹസാഗരത്തിൽ ഒരു ചെറുസ്നാനം നടത്തുവാനുണ്ടായ അതിറ്റ ആഗ്രഹത്തിന്റെ പ്രതിഫലനമാണ് ഈ ലഘുഗ്രന്ഥം. ഇതിലെ ഓരോ അടരുകളും അതിന്റെ ആഴങ്ങളിലേക്കുള്ള ചെറുപടവുകൾ മാത്രം. ദൈവവചനം, ദൈവശാസ്ത്ര സമീപനങ്ങൾ, തിരുസഭയുടെ പ്രബോധനങ്ങൾ, സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ ഇവയൊക്കെയാണ് ഈ അക്ഷര തീർത്ഥാടന വഴിയിലെ വിളക്കുമരങ്ങൾ.



## അപ്പമായവനെ അനുഭവമാക്കിയവർ

ദിവ്യകാരുണ്യ ഈശോയെ സ്വീകരിക്കുന്ന കുട്ടികൾക്കൊരു സ്നേഹസമ്മാനം

ഫാ. ജോസഫ് നെല്ലിക്കശ്ശേരിൽ ഒ.സി.ഡി.

CIPH 491A

Pp.104; ₹120.00

ദിവ്യകാരുണ്യനാഥനെ അനുഭവമാക്കിയ ചില വിശുദ്ധരുടെ ഓർമ്മക്കുറിപ്പുകളാണ് ഈ ചെറുപുസ്തകം. നിങ്ങളുടെ കുഞ്ഞുങ്ങളുടെ കരങ്ങൾ ഈ വിശുദ്ധരുടെ കരങ്ങളോട് ചേർത്തുവയ്ക്കുക. അങ്ങനെ അവർ വിശുദ്ധിയേയും ദിവ്യകാരുണ്യത്തേയും സ്നേഹിക്കട്ടെ.



## ദൈവത്തിന്റെ ഭാഷ വിശുദ്ധ കുർബാന

സാജു പൈനാടത്ത് MCBS

CIPH 516

Pp.142; ₹160.00

ദൈവത്തിനുവേണ്ടി വിശക്കുന്നവർക്ക് വിശിഷ്ടവിഭവങ്ങൾ അണിനിരത്തുന്ന സദുദ്യമമാണ് ദൈവത്തിന്റെ ഭാഷ എന്ന പുസ്തകം. വിശുദ്ധ കുർബാനയുടെ ആഴങ്ങൾ തേടിയുള്ള യാത്രയാണിത്. വിശുദ്ധ കുർബാനയെന്ന ആഴിയുടെ ആഴങ്ങൾ തേടാതെ തീരക്കടലിൽ തിരയെണ്ണുന്നവരെ ബലിയുടെ ആന്തരാർത്ഥങ്ങളിലേക്ക് നയിക്കുന്ന ഗ്രന്ഥമാണിത്.



## ഒരുമയോടെ ബലിയർപ്പിക്കാം

തങ്കച്ചൻ തുണ്ടിയിൽ

CIPH 589

Pp.156; ₹190.00

ISBN 978-93-90096-53-4

വിശുദ്ധ കുർബാനയെ അറിയുവാനും സ്നേഹിക്കുവാനും അനുഭവിക്കുവാനും സഹായിക്കുന്ന ഗ്രന്ഥം. തന്റെ സ്വന്തം അനുഭവത്തിലൂടെയും സഭാപഠനങ്ങളുടെ വെളിച്ചത്തിലും വചനങ്ങൾ കൂട്ടി ചേർത്തും ലളിതമായ ഭാഷയിൽ രചിച്ചിരിക്കുന്ന ഈ ഗ്രന്ഥം വിശുദ്ധരൊക്കെ അനുഭവിച്ചതുപോലെ പരിശുദ്ധ കുർബാന അനുഭവിക്കാൻ നമ്മെ സഹായിക്കും.

# ECCLESIAL TEACHINGS



## ഇസ്രായേൽ ചരിത്രം

റിച്ചിയോത്തി

വിവ: ഫാ. തോമസ് നടയ്ക്കൽ

CIPH 275

Pp. 1376 ₹750.00

ക്രിസ്തുകേന്ദ്രീകൃതമായി പുരോഗമിക്കുന്ന ഒരു ജനതയുടെ ചിത്രം വാക്കുകളിൽ വരയ്ക്കുകയാണ് ഗ്രന്ഥകാരൻ റിച്ചിയോത്തി. സഭയുടെ ചരിത്രത്തെയും ചരിത്രത്തിലെ സഭയെയും പഠിക്കുന്നവർക്കു മാത്രമല്ല, കാലത്തിന്റെ ഈടുവയ്പുകൾ അക്ഷരങ്ങളിൽ അന്വേഷിക്കുന്ന ഏവർക്കും അനുപേക്ഷണീയമാണ് ഈ പുസ്തകം.



## കേരള സഭാചരിത്രം

ജോർജ്ജ് വെളിപ്പറമ്പിൽ

OUT OF STOCK

CIPH 170

Pp. 280 ₹190.00

കേരള സഭാചരിത്രത്തിലെ സുപ്രധാന മുഹൂർത്തങ്ങളെ മിഴിവോടെ അനാവരണം ചെയ്തിരിക്കുന്നു മോൺ. ജോർജ്ജ് വെളിപ്പറമ്പിൽ. അദ്ദേഹത്തിന്റെ അനുപമമായ രചനാപാടവം ഈ പുസ്തകത്തിൽ ഉടനീളം കാണാം. ആഗോള കത്തോലിക്കാസഭയുടെയും ഭാരത കത്തോലിക്കാസഭയുടെയും ചരിത്ര സംഗ്രഹവും കേരളത്തിലെ ലത്തീൻ കത്തോലിക്കാസഭയുടെ വിശദവും ആധികാരികവും ഒരു പരിധിവരെ സമഗ്രവുമായ ചരിത്രവുമാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കം.



## കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥങ്ങൾ

ഒരു പഠനം

ഡോ. സേവ്യർ കൊച്ചുപറമ്പിൽ

CIPH 227

Pp. 272 ₹140.00

കത്തോലിക്കാസഭയിലെ മതബോധനഗ്രന്ഥങ്ങളെ കേരളസഭയിലെ വിശ്വാസികൾക്കു പരിചയപ്പെടുത്തുകയെന്നതാണ് ഈ പഠനഗ്രന്ഥത്തിന്റെ ലക്ഷ്യം. സഭയിൽ വിശ്വാസപരിശീലനത്തിനു നേതൃത്വം നല്കുന്ന ഏതൊരാൾക്കും ഇതു സഹായകമാകും.



## പൗരസ്ത്യ ഇന്ത്യയിലേക്കുള്ള പ്രേഷിതപ്രയാണങ്ങൾ

മോൺ ജോസഫ് സെബസ്ത്യാനി

വിവ. ഫാ. പാടിക് മൂത്തേരിൽ, ഒ.സി.ഡി.

CIPH 416

Pp. 776 ₹790.00

പൗരസ്ത്യ ഇന്ത്യയിലേക്ക് ജോസഫ് സെബസ്ത്യാനി നടത്തിയ രണ്ടു യാത്രകളുടെ ദീർഘമായ വിവരണമാണ് ഈ പുസ്തകത്തിലുള്ളത്.




സുവിശേഷത്തിന്റെ ആനന്ദം
## പങ്കുവയ്ക്കുന്ന തിരുസഭ
പ്രൊഫ. ഡോ. ജോർജ് അഗസ്റ്റിൻ എസ്എസി
വിവർത്തനം: മോൺ. ഡോ. ജോർജ് കുരുക്കൂർ

CIPH 382

Pp. 176 ₹140.00

ഓരോ ക്രൈസ്തവനും സുവിശേഷം ജീവിക്കുവാനും സുവിശേഷസന്തോഷം പങ്കുവയ്ക്കുവാനും പ്രചരിപ്പിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ് പങ്കുവയ്ക്കുന്ന തിരുസഭയുടെ സന്ദേശം. യേശുവിന്റെ യഥാർത്ഥമുഖം മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാൻ ഓരോ ക്രൈസ്തവനും എന്തുചെയ്യാൻ കഴിയും എന്ന ചോദ്യം അറിയുകയും അനുദിനജീവിതത്തിൽ സുവിശേഷത്തിന്റെ ആനന്ദം കണ്ടുമുട്ടുന്നവർക്ക് പകരാൻ സാധിക്കും എന്നും ഗ്രന്ഥകർത്താവ് ആവർത്തിക്കുന്നുണ്ട്.




## കരുണയുടെ വാതിൽ തുറക്കുക
മോൺ. ഡോ. ജോൺ കൊച്ചുതുണ്ടിൽ

CIPH 314

Pp. 135 ₹90.00

ഗ്രന്ഥകാരൻ, കരുണയുടെ വിവിധ മാനങ്ങളെക്കുറിച്ച് ആഴമായ ഒരു അവബോധനം നമുക്ക് നല്കുന്നു. കാരുണ്യത്തിന്റെ മുഖം, കരുണാസമ്പന്നൻ എന്നീ അപ്പസ്തോലിക തിരുവെഴുത്തുകളുടെ ഉൾപ്പൊരുളും ഈ ഗ്രന്ഥം അനാവൃതമാക്കുന്നു.




CIPH 295

## ദൈവമേഖല
തെയാർ ദ് ഷർദാൻ
വിവർത്തകർ: പോൾ മാറോക്കി,
ജേക്കബ് തടത്തിൽ, ജോർജ്ജ് നെല്ലിശ്ശേരി

Pp. 176 ₹130.00

ശാസ്ത്രസത്യം മതസത്യത്തിന് ഒരിക്കലും വിരുദ്ധമാകുക വയ്യ എന്ന ഉറച്ചവിശ്വാസവുമായി മതമണ്ഡലത്തിൽ ധ്യാനയോഗിയും ശാസ്ത്രരംഗത്തു കർമ്മയോഗിയുമായി ജീവിച്ചു മരിച്ച ധന്യനാണ് തെയാർ ദ് ഷർദാൻ. തെയ്യാറിയൻ വീക്ഷണത്തിന്റെ അടിത്തറ ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്ന ഏവരും അവശ്യം വായിച്ചിരിക്കേണ്ട ഡിവൈൻ മില്യൂ എന്ന കൃതിയുടെ ഭാഷാന്തരീകരണമാണ് ദൈവമേഖല. ആധുനിക ചിന്തകരുടെയിടയിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന തെയാറിനെ അറിയുവാൻ ഭാഷാപ്രേമികൾക്ക് ഈ കൃതി സഹായകമായിരിക്കും.




## മതബോധനം നസ്രാണിസഭയിൽ
(ശ്ലൈഹികകാലം മുതൽ 19-ാം നൂറ്റാണ്ടുവരെ)
ഡോ. സേവ്യർ കൊച്ചുപറമ്പിൽ

CIPH 486

Pp. 152 ₹160.00

''ഭാരതത്തിന് ആദ്യമായി മിശിഹാനുഭവം കൈമാറിയത് തോമ്മാശ്ലീഹായാണ്. അങ്ങനെ രൂപംകൊണ്ടതാണ് ഇന്ത്യയിലെ പുരാതനമായ മാർത്തോമ്മാനസ്രാണിസഭ. തോമ്മാശ്ലീഹാ സ്ഥാപിച്ച അടിസ്ഥാനത്തിന്മേൽ പണിതുയർത്തപ്പെട്ട നസ്രാണിസഭ വിവിധ കാലഘട്ടങ്ങൾ കടന്ന്, വൈവിധ്യമാർന്ന വിശ്വാസപരിശീലന പ്രക്രിയയിലൂടെ ഇന്നത്തെ രൂപത്തിലും ഭാവത്തിലും എത്തിയിരിക്കുന്നു. ശ്ലൈഹികകാലം മുതൽ 19-ാം നൂറ്റാണ്ടുവരെ നസ്രാണിസഭ മതബോധനത്തിലൂടെ നടത്തിയ വിശ്വാസപരിശീലനപ്രക്രിയയെ ചരിത്രപരമായി അവലോകനം ചെയ്യുകയാണ് കൊച്ചുപറമ്പിൽ ബഹു. സേവ്യറച്ചൻ തന്റെ 'മതബോധനം നസ്രാണിസഭയിൽ'''




## സഭയ്ക്ക് ഉത്തരമുണ്ടോ?

ഫാ. ആന്റണി നെറ്റിക്കാട്ട് സി.എം

**CIPH 228A**

Pp. 318 ₹165.00

സാർവത്രികവും അപ്പസ്തോലികവും വിശുദ്ധവുമായ കത്തോലിക്കാ വിശ്വാസത്തിനെതിരെ ഉയരുന്ന അബദ്ധസിദ്ധാന്തങ്ങൾക്കും അപക്വവിമർശനങ്ങൾക്കും ഉത്തരമാണീ ഗ്രന്ഥം. ഉത്തമകത്തോലിക്കാ വിശ്വാസത്തിന്റെ സ്രോതസ്സുകളെയും അടിസ്ഥാനതത്ത്വങ്ങളെയും സമഗ്രമായി പ്രതിപാദിക്കുന്നതോടൊപ്പം അവയെ എതിർക്കുന്നവരുടെ പശ്ചാത്തലം പരിശോധിക്കപ്പെടുകയും അവരുടെ എല്ലാ ചോദ്യങ്ങൾക്കും യുക്തിപൂർവകവും വചനാധിഷ്ഠിതവുമായ വിശദീകരണം നല്കുകയും ചെയ്യുന്നു.

ദൈവവചനാധിഷ്ഠിതമായ ചോദ്യോത്തരരൂപത്തിൽ സ്വീകരിച്ചിരിക്കുന്ന രചനാരീതി വിഷയത്തെ ലളിതവും ഹൃദ്യവുമായി അവതരിപ്പിക്കുന്നു. സത്യം അന്വേഷിക്കുന്നവരും അറിയുവാൻ ആഗ്രഹിക്കുന്നവരുമായ കത്തോലിക്കരും കത്തോലിക്കേതര സഭാവിശ്വാസികളും അവശ്യം സൂക്ഷിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണിത്.




## പേപ്പൽപീഡിയ

നേവി ജോർജ്

**CIPH 221**

Pp. 1118 ₹695.00

കത്തോലിക്കാസഭയുടെ ഭരണസിരാകേന്ദ്രമായ വത്തിക്കാനും സഭാതലവനായ മാർപാപ്പയും ഉൾപ്പെടുന്ന പേപ്പസിയെ സമഗ്രമായി അവതരിപ്പിക്കുന്ന മലയാളത്തിലെ പ്രഥമഗ്രന്ഥം. മാർപാപ്പമാരുടെ ചരിത്രം, ഔദ്യോഗിക രേഖകൾ, പേപ്പൽപദങ്ങളുടെ വിശദീകരണക്കുറിപ്പുകൾ, കർദ്ദിനാൾമാർ, പേപ്പൽ ക്വിസ് പേപ്പസിയുമായി ബന്ധപ്പെട്ട മുഴുവൻ അറിവുകളും എൺപത്തഞ്ചു ഭാഗങ്ങളായി വിവരിച്ചിരിക്കുന്നു ഈ ഗ്രന്ഥത്തിൽ. അനേകം പാരമ്പര്യങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും അത്ഭുതകലവറയായ കത്തോലിക്കാസഭയുടെ ഭരണസംവിധാനത്തെ തൊട്ടറിയാൻ ഈ ഗ്രന്ഥം നിങ്ങളെ സഹായിക്കും.




## പ്രായോഗിക മതബോധനം

ലോറൻസ് കുലാസ്

**OUT OF STOCK**

**CIPH 330C**

Pp. 103 ₹140.00

വിശ്വാസപരിശീലകർക്ക്, അവർ അവശ്യം അറിയേണ്ട കാര്യങ്ങൾ ഉൾക്കൊള്ളുന്ന അനുപേക്ഷണീയഗ്രന്ഥമാണിത്. മതബോധനത്തെ ആനുകാലിക പശ്ചാത്തലത്തിൽ എങ്ങനെ ആകർഷകമാക്കി മാറ്റാമെന്ന ചോദ്യത്തിന് ഈ ഗ്രന്ഥം ഉത്തരം നല്കുന്നു. ഇന്നത്തെ മതബോധനപ്രവർത്തന അപചയങ്ങൾക്കുള്ള മൂലഹേതുക്കൾ ഏതൊക്കെയെന്നും അവയ്ക്കുള്ള പരിഹാരമാർഗങ്ങളെന്തെന്നും ഈ ഗ്രന്ഥം ചർച്ചചെയ്യുന്നു.



## നാഥനരികിൽ
**(ദിവ്യകാരുണ്യ ആരാധനകൾ)**

CIPH 556

എഡിറ്റർ:
ഫാ. ജോസഫ് നെല്ലിക്കശ്ശേരിൽ, ഒ.സി.ഡി.

Pp. 88 ₹120.00
ISBN 978-93-91296-95-7

ഏതു ജീവിതസാഹചര്യങ്ങളിലുള്ളവർക്കും, ഏത് പ്രത്യേക അവസരങ്ങളിലും ദിവ്യകാരുണ്യനാഥനരികിൽ, വ്യക്തിപരമായും സമൂഹമായും ഇരുന്ന ആരാധിക്കുവാനും ധ്യാനിക്കുവാനും ഉപകാരപ്രദമാവുക എന്ന ലക്ഷ്യമാണ് ഈ പുസ്തകത്തിന് പിന്നിലുള്ളത്.

# MARIAN TITLES




## മറിയമകനീശോ

ഫാ. ഇ. നോയിബേർ
വിവ: ഫാ. ഹെർമൻ, ഒ.സി.ഡി
pp 128; ₹50.00

**CPC 120**

Pp. 128 ₹50.00
81-87655-69-0

'മറിയമകനീശോ' എന്ന ഈ ചെറുഗ്രന്ഥത്തിലുള്ളത് മരിയഭക്തിയുടെ ആദർശം, പ്രസ്തുത ആദർശപ്രാപ്തിക്കുവേണ്ടിയുള്ള നിദാനങ്ങൾ, ഈശോയിൽ രൂപാന്തരപ്പെടുന്ന വിജയത്തിന്റെ രഹസ്യം, കർത്തവ്യങ്ങൾ എന്നിവ വിവരിക്കുന്ന നാല് അധ്യായങ്ങൾ. മറിയ പ്രതിഷ്ഠ, മറിയ പ്രതിഷ്ഠാജപം, പൊതുവായ പ്രതിഷ്ഠാജപം, ഈശോയുടെ മാതൃഭക്തി ലഭിക്കുവാനുള്ള ജപം എന്നിങ്ങനെ അനുബന്ധവും പുസ്തകത്തിൽ ചേർത്തിരിക്കുന്നു.




## മരിയാനുകരണം

Discourse XXXV
ഫാ. ഹെർമ്മൻ ഒ.സി.ഡി.
തോമസ് അ കെമ്പിസ്

**CIPH 340A**

Pp. 112 ₹60.00

മറിയമാഹാത്മ്യങ്ങളുടെ വിശദീകരണമാണ് ഈ ചെറുപുസ്തകത്തിന്റെ ഉള്ളടക്കം. മാധുര്യം വഴിഞ്ഞൊഴുകുന്ന ഭക്തചിന്തകളും, ആത്മികഭദ്രതയുടെ ശക്തികേന്ദ്രമായി മാറുന്ന പ്രാർത്ഥനാതല്ലജങ്ങളും അടങ്ങുന്ന മരിയാനുകരണം "ഹൃദയംകൊണ്ടു വായിക്കേണ്ട പുസ്തകമാണ്."



## മറിയത്തിന്റെ മുന്നറിയിപ്പുകളും കാലത്തിന്റെ സാക്ഷ്യങ്ങളും

ടി. ദേവപ്രസാദ്

**CIPH 376**

Pp. 119 ₹100.00

കാൽവരിക്കുരിശിൻചുവട്ടിൽവച്ച് ചാർത്തപ്പെട്ട മഹാമാതൃത്വത്തിന്റെ അഗ്നിയും ഉള്ളിലൊതുക്കി, ദൈവത്തിൽ നിന്നകലുന്ന മക്കളെക്കുറിച്ചുള്ള വിങ്ങുന്ന മനസുമായി, പരിശുദ്ധ അമ്മ സ്വർഗംവിട്ട് ഓടിവരുന്നതിന്റെ കഥകൾ സഭയുടെ ആദിമ നൂറ്റാണ്ടുകൾ മുതലേ നിരവധിയുണ്ട്.

ഇന്നും തുടരുന്ന ആ സ്വർഗ്ഗീയ ഇടപെടലുകളിലൂടെ അമ്മ നല്കിയ മുന്നറിയിപ്പുകൾ നിരവധി. കാലം വിശ്വസിക്കാൻ വിസമ്മതിച്ച ആ പ്രവചനങ്ങൾ നിറവേറുന്നത് ചരിത്രം കണ്ടു. കിബോഹോയിലെ രക്തപ്പുഴ അടക്കം പലതും. ചരിത്രം സാക്ഷ്യപ്പെടുത്തിയ ആ അമ്മപ്രവചനങ്ങളുടെ കഥകളിലൂടെ...



## യേശുവിന്റെ അമ്മ അറിയാത്ത കഥകൾ

ടി. ദേവപ്രസാദ്

CIPH 270D

Pp. 90 ₹190.00

അമ്മയെ മനസ്സിലാക്കി അനുഭവിക്കുവാനുള്ള ഒരു മകന്റെ പ്രാർത്ഥനാപൂർണ്ണമായ തീർത്ഥാടനാനുഭവമാണ് ഈ ലഘുഗ്രന്ഥം.



## കർമ്മെല മാതാവ്

**വിളിച്ചാൽ വിളികേൾക്കുന്ന അമ്മ**

ഡോ. സഖറിയാസ് കരിയിലക്കുളം, ഒ.സി.ഡി.

OUT OF STOCK

CPC 147

Pp. 104 ₹40.00

സഭാചരിത്രത്തിന്റെ പശ്ചാത്തലത്തിലും, സഭയിലെ വിശുദ്ധരുടെ പഠനങ്ങളുടെ പിൻബലത്തിലും, മരിയഭക്തരുടെ ചെറുതും വലുതുമായ അനുഭവങ്ങളുടെ അകമ്പടിയോടെയും, എഴുതപ്പെട്ട ഈ പുസ്തകം കർമ്മെലമാതാവിനെ കൂടുതൽ അടുത്തു മനസ്സിലാക്കാനും മാതാവിന്റെ ശുശ്രൂഷയിൽ സ്വയം സമർപ്പിക്കാനും അനുവാചകരെ പര്യാപ്തമാക്കും.



## ദി ക്രൂസിഫൈഡ് ഹാർട്ട്

സെബാസ്റ്റ്യൻ മോറീസ്

**OUT OF STOCK**

CIPH 229

Pp. 92 ₹60.00

നീതിക്കുവേണ്ടി വചനം ഹൃദയത്തിൽ സംഗ്രഹിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെ വാങ്മയചിത്രമാണീ ഗ്രന്ഥം. ക്രൂശിൻചുവട്ടിലെ അമ്മയേയും യോഹന്നാനെയും മുന്തിരിച്ചെടിയിലെ ശാഖകളായി അവതരിപ്പിക്കുന്ന ആത്മീയതയുടെ സുഖം അനിർവചനീയമാണ്. അമ്മയോടുള്ള ഗ്രന്ഥകർത്താവിന്റെ വ്യക്തിപരമായ സ്നേഹവായ്പ് ഈ ഗ്രന്ഥത്തിലെ ഓരോ വാക്കിലും കാണാം.



## ഫാത്തിമാനാഥ ചരിത്രവും സന്ദേശവും

ഫാ. സക്കറിയാസ് വരിക്കമാക്കൽ, ഒ.സി.ഡി.

CIPH 331A

Pp. 144 ₹120.00

ഫാത്തിമാനാഥയുടെ ദർശനങ്ങളും സന്ദേശങ്ങളും ലഭിച്ച ലൂസിയ, ഫ്രാൻസിസ്, ജസീന്ത എന്നീ കുട്ടികളുടെ ജീവിതങ്ങളും, ഈ നൂറ്റാണ്ടുകളിലെ ലോകചരിത്രത്തിലും സഭാജീവിതത്തിലും വലിയ സ്വാധീനം ചെലുത്തിവരികയാണ്. ഈ സംഭവപരമ്പരകളിലേക്ക് വെളിച്ചം പകരുന്നതാണ് പ്രസ്തുത ഗ്രന്ഥം.



## ഫാത്തിമയുടെ കഥ

**മൂന്നാം രഹസ്യത്തിന്റെ വ്യാഖ്യാനവും**

ടി. ദേവപ്രസാദ്

CIPH 335

Pp. 128 ₹100.00

ജസീന്തയുടെയും ഫ്രാൻസീസിന്റെയും ലൂസിയയുടെയും വ്യക്തിത്വങ്ങളെയും, അവർക്കു ലഭിച്ച മാലാഖയുടെയും പരിശുദ്ധ മറിയത്തിന്റെയും ദർശനങ്ങളെയും, ലോകത്തെ ഏറെക്കാലം ആകാംക്ഷാഭരിതമാക്കിയ ഫാത്തിമയിലെ രഹസ്യസന്ദേശങ്ങളെയും അവതരിപ്പിക്കുന്ന ഗ്രന്ഥമാണിത്.



## ജപമാല ധ്യാനിച്ചു പ്രാർത്ഥിക്കാം

പ്രൊഫ. ബി. ദേവദാസൻ

CIPH 409A

Pp. 92 ₹90.00

ജപമാല ക്രിസ്തുവിനെക്കുറിച്ചുള്ള ആഴത്തിലുള്ള ധ്യാനാത്മകപ്രാർത്ഥനയാണെന്ന ശക്തമായ സന്ദേശം ഈ ഗ്രന്ഥം നല്കുന്നു. ജപമാലയെന്ന അതിമനോഹരമായ പ്രാർത്ഥനയെക്കുറിച്ച് ആത്മാവിനെ ഉണർത്തുന്ന ചിന്തകൾ നല്കി മനുഷ്യരെ ദൈവോന്മുഖരാക്കുന്ന ഈ ഗ്രന്ഥം അടച്ചിട്ട ഗ്രന്ഥശേഖരത്തിലിരിക്കുവാനുള്ളതല്ല.



## പരിശുദ്ധ കന്യകാമറിയത്തിന്റെ ജപമാല

അപ്പസ്തോലിക ലേഖനം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

വിവ. ടി. ദേവപ്രസാദ്

CIPH 197A

Pp. 80 ₹35.00

ജോൺപോൾ രണ്ടാമൻ മാർപാപ്പ തന്റെ, ശുശ്രൂഷയുടെ ഇരുപത്തിയഞ്ചാം വർഷം ആരംഭിക്കുന്ന 2002-ൽ രചിച്ച അപ്പസ്തോലിക ലേഖനമാണ് 'പരിശുദ്ധ കന്യകാമറിയത്തിന്റെ ജപമാല'.



## പരിശുദ്ധ ദൈവമാതാവിന്റെ വിമലഹൃദയ പ്രതിഷ്ഠ

വിവർത്തക: ആശ വിൻസൻ പോൾ

CIPH 524

Pp. 144 ₹80.00

33 ദിവസത്തെ ഒരുക്ക പ്രാർത്ഥനകളും പ്രതിഷ്ഠയും. വിമലഹൃദയത്തിന്റെ സ്തുതിയ്ക്കുള്ള നൊവേന, ലുത്തിനിയ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

# PRIESTLY AND RELIGIOUS LIFE



## സന്യാസത്തിന്റെ ആത്മാവ്

ഫാ. ബനഡിക്ട് പുലിക്കാട്ടിൽ, ഒ.സി.ഡി.

pp 128; ₹64.00

**CPC 145**

Pp. 128 ₹64.00

ISBN 978-81-906131-6-3

സന്യാസത്തിന്റെ ആത്മാവ് എന്ന ഗ്രന്ഥം സന്യാസ വൈദിക ജീവിതാനുഭവത്തിൽനിന്നും ഉരുത്തിരിഞ്ഞ ചില ചിന്തകളും സ്മരണകളുമാണ്. ആഗോളസംസ്കാരത്തിന്റെ കുത്തൊഴുക്കിൽ സന്യാസ പൗരോഹിത്യത്തിന്റെ ആത്മീയതലം നഷ്ടപ്പെടുമ്പോൾ ഒരുവൻ വരിച്ച പാവനമായ ഈ ജീവിതത്തെക്കുറിച്ചു ചിന്തിക്കുവാനും വിലയിരുത്തുവാനും ഈ ഗ്രന്ഥം സഹായകമാകും.



## സമർപ്പിതജീവിതവും ഉത്തരാധുനികതയും

ഡോ. സഖറിയാസ് കരിയിലക്കുളം, ഒ.സി.ഡി.

**CPC 125**

Pp. 136 ₹60.00

ISBN 8187655895

സമർപ്പിതജീവിതവും ഉത്തരാധുനികതയും എന്ന ഈ ഗ്രന്ഥം വളരെ പ്രസക്തവും വസ്തുതകളെ വിവേചിച്ചറിയാൻ സമർപ്പിതരെ പ്രാപ്തമാക്കുന്നതുമാണ്. സമർപ്പിതജീവിതം നയിക്കുന്നവർക്കും, അതിനായി ആഗ്രഹിക്കുന്നവർക്കും ഈ ഗ്രന്ഥം വളരെ പ്രയോജനപ്പെടും. ഇന്നത്തെ കാലത്തിന്റെ അടയാളങ്ങൾ വായിച്ചറിയാനും തള്ളേണ്ടതിനെ തള്ളാനും കൊള്ളേണ്ടതിനെ കൊള്ളാനും ഈ പുസ്തകം സഹായിക്കും എന്നതിൽ സംശയമില്ല.




## വൈദികർക്കൊരു ധ്യാനസാധന

ഫാ. ലെയോപ്പോൾദ് ബെക്കാറോ ഒ.സി.ഡി.

സിസ്റ്റർ. ജോസി സി.എം.സി.

**CIPH 158C**

Pp. 328 ₹390.00

ISBN 81-87655-32-1

വൈദികർ അവശ്യം അറിഞ്ഞിരിക്കേണ്ടതും കൈയിൽ എന്നും സൂക്ഷിക്കേണ്ടതുമായ ഒരു വിശിഷ്ടഗ്രന്ഥമാണിത്. കാലഹരണപ്പെട്ടതെന്നു കരുതുന്ന മൂല്യങ്ങളിലേക്കും വൈദികജീവിതത്തിന്റെ മഹനീയതയിലേക്കും ദൃഷ്ടിപതിപ്പിക്കുന്ന ഈ പുസ്തകം കേരള കത്തോലിക്കാ വൈദികർക്കൊരു കൈത്തിരിയായി തീരുകതന്നെ ചെയ്യും.




## സമർപ്പണം സന്യാസത്തിൽ

ഡോ. അഗസ്റ്റിൻ വാലുമ്മേൽ, ഒ.സി.ഡി.

**CIPH 421**

Pp. 152 ₹130.00

സമർപ്പിതജീവിതം നയിക്കുന്നവർ ബ്രഹ്മചര്യവ്രതംവഴി എല്ലാവരിലും ഉപരിയായി, ദാരിദ്ര്യവ്രതം വഴി എല്ലാവസ്തുക്കളിലും ഉപരിയായി, അനുസരണവ്രതംവഴി തന്നിലും ഉപരിയായി, ദൈവത്തെ സ്നേഹിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നു. സുവിശേഷഉപദേശങ്ങളും അവയുടെ ഉപേക്ഷയുടെ തലങ്ങളും സമർപ്പണത്തിന്റെ ശ്രേഷ്ഠതയും ഈ പുസ്തകത്തിൽ വിശകലനം ചെയ്യുന്നു.




## നീ എവിടെയാണ്?

സമർപ്പിതവിശ്വാസയാത്ര
പ്രീത സി.എസ്.എൻ.

CIPH 419

Pp. 64 ₹80.00

വിശ്വാസത്തിൽ അധിഷ്ഠിതവും അനുദിനജീവിതാനുഭവങ്ങളെ വിശ്വാസക്കണ്ണുകൊണ്ട് കണ്ട് വിശുദ്ധജീവിതം നയിക്കാൻ സ്വയം അഗ്രഹിക്കുന്നവർക്കുള്ള വഴികാട്ടിയാണ് ഈ കൊച്ചു ഗ്രന്ഥം, നീ എവിടെയാണ്.




## നിങ്ങൾ എന്ത് അന്വേഷിക്കുന്നു?

സമർപ്പിതർക്ക് ഒരു സന്ദേശം
പ്രീത സി.എസ്.എൻ.

CIPH 385

Pp. 128 ₹100.00

വിളിച്ചവനോട് വിശ്വസ്തതപുലർത്തി വിളി ജീവിതത്തിൽ സ്നേഹത്തോടെ നിലനിന്ന്, വിശ്വസ്തതയിലും വിശുദ്ധിയിലും അനുദിനം വളർന്ന് സമർപ്പിതജീവിതത്തിന്റെ ശ്രേഷ്ഠത ജീവിക്കാൻ സമർപ്പിതർ പരിശ്രമിക്കണം. സമർപ്പിതജീവിതത്തിന്റെ കാഴ്ചപ്പാടിൽ എഴുതിയ പുസ്തകം.




## ഉണർന്നിരിക്കുവിൻ

CIPH 288

Pp. 120 ₹60.00

സന്യസ്തവർഷത്തോടനുബന്ധിച്ച് ദൈവത്തിന്റെ കാല്പാടുകളിൽ സഞ്ചരിക്കുന്ന സമർപ്പിതരായ സ്ത്രീപുരുഷന്മാർക്കുവേണ്ടി സമർപ്പിത, അപ്പസ്തോലികജീവിതം നയിക്കുന്ന സഭകൾക്കും സമൂഹങ്ങൾക്കും വേണ്ടിയുള്ള തിരുസംഘം പുറപ്പെടുവിച്ച പ്രബോധനരേഖ.




## ആനന്ദത്തിലേക്കുള്ള വിളി

ആഘോഷിക്കപ്പെടുന്ന പൗരോഹിത്യം
പ്രൊഫ. ഡോ. ജോർജ് അഗസ്റ്റിൻ SAC

CIPH 410

Pp. 327 ₹290.00

വെല്ലുവിളികളുടെ കാലത്തും വൈദികന് എങ്ങനെ സന്തോഷവാനായിരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുകയാണ് ഈ ഗ്രന്ഥത്തിലൂടെ റവ. ഫാ. ജോർജ് അഗസ്റ്റിൻ. വൈദികത്വം പ്രശ്നങ്ങളിലൂടെയും സംഘർഷങ്ങളിലൂടെയും കടന്നുപോകുമ്പോഴും സന്തോഷിക്കാൻ വകയുണ്ട്. വൈദികശുശ്രൂഷയിലൂടെ സന്തോഷിക്കാനും സന്തോഷം പകരാനുമുള്ള കാരണങ്ങൾ ഈ പുസ്തകത്തിൽ വ്യക്തമാക്കിയിരിക്കുന്നു.



## വിശ്വസനീയവും സ്ഥിരതയുള്ളതും

ഫ്രാൻസീസ് മാർപാപ്പ

CIPH OTH-21

Pp. 16 ₹10.00

വൈദികാർത്ഥികൾക്കും സന്യസ്തർക്കുമായി ഫ്രാൻസീസ് മാർപാപ്പ നല്കിയ പ്രസംഗത്തിന്റെ പരിഭാഷ.




## മിസ്റ്റിസിസം

ഫാ. സിറിയക്ക് കണിച്ചായ് സി.എം.ഐ.

CIPH 269

Pp. 112 ₹70.00

ക്രിസ്തീയസമർപ്പിതജീവിതത്തിന്റെ ആന്തരികനിയമവും ആത്യന്തികഫലവുമാകുന്നു മിസ്റ്റിസിസം. യേശുജീവനത്തിന്റെ കലയും ശാസ്ത്രവുമായ ക്രിസ്ത്യൻ മിസ്റ്റിസിസത്തിലേക്കുള്ള പ്രവേശികയും പ്രകാശികയുമായി ഈ ഗ്രന്ഥം സമർപ്പിതരായ സാധകർക്ക് തീർച്ചയായും അനുഭവപ്പെടുന്നതാണ്.




## സാഹോദര്യം സന്ന്യാസത്തിൽ

അസസ്റ്റിൻ വാലുമ്മേൽ, ഒ.സി.ഡി.

CIPH 379A

Pp. 136 ₹125.00

ഇന്ന് സന്യാസസമൂഹങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അപജയങ്ങൾക്ക് കാരണം സാഹോദര്യജീവിതത്തിന് ക്ഷതം സംഭവിച്ചതാണ്. സാഹോദര്യം പുഷ്ഷിക്കുന്നത് സമൂഹത്തിലുള്ളവരുടെ ലക്ഷ്യം ഒന്നാകുമ്പോഴാണ്. നിത്യതയാകുന്ന ലക്ഷ്യത്തിലൂന്നി ത്രിത്വൈക ദൈവകൂട്ടായ്മയുടെ ചൈതന്യം അന്തരാത്മാവിന്റെ ഭാവമാക്കിക്കൊണ്ട് തിരുസഭയോട് ചേർന്ന്, ക്രമീകൃതവും ക്രിയാത്മകവുമായ സന്യാസജീവിതശൈലിയിൽ ഊട്ടിയുറപ്പിക്കപ്പെട്ട് നമുക്കും സാഹോദര്യജീവിതത്തിന്റെ മാധുര്യം ആസ്വദിക്കാം.



## ആനന്ദിക്കുവിൻ

Rejoice

ഫ്രാൻസീസ് മാർപാപ്പ

വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

CIPH 268

Pp. 64 ₹30.00

സമർപ്പിത, അപ്പസ്തോലികജീവിതം നയിക്കുന്ന സമൂഹങ്ങൾക്കുവേണ്ടിയുള്ള തിരുസംഘം സന്യസ്തവർഷത്തോടനുബന്ധിച്ച് പുറപ്പെടുവിച്ച പ്രബോധനം.



## പുതിയ വീഞ്ഞ് പുതിയ തോൽക്കുടങ്ങളിൽ

CIPH 363A

New Wine in new Wineskins

വിവ. ഫാ. ജയിംസ് ആലക്കുഴിയിൽ ഒ.സി.ഡി. Pp. 112 ₹130.00

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമുള്ള സമർപ്പിത ജീവിതവും അതു നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളും സംബന്ധിച്ച് സമർപ്പിതജീവിതസമൂഹങ്ങൾക്കും അപ്പസ്തോലിക ജീവിതസംഘങ്ങൾക്കും വേണ്ടിയുള്ള തിരുസംഘം പുറപ്പെടുവിച്ച മാർഗരേഖകൾ



## പ്രഘോഷിക്കുവിൻ

CIPH 370A

(Proclaim)

വിവ. ഫാ. ജയിംസ് ആലക്കുഴിയിൽ ഒ.സി.ഡി. Pp. 184 ₹130.00

മനുഷ്യർക്കിടയിലെ വിശ്വാസത്തിന്റെ സാക്ഷികളായ സ്ത്രീപുരുഷന്മാർക്ക്, സമർപ്പിത ജീവിത സമൂഹങ്ങൾക്കും അപ്പസ്തോലിക ജീവിത സംഘങ്ങൾക്കും വേണ്ടിയുള്ള തിരുസംഘം നല്കിയ പ്രബോധനം.



## ധ്യാനിക്കുവിൻ

CIPH 371

(Contemplate)

വിവ. ഫാ. ജയിംസ് ആലക്കുഴിയിൽ ഒ.സി.ഡി. Pp. 176 ₹135.00

സൗന്ദര്യത്തിന്റെ പാതയിൽ സമർപ്പിത സ്ത്രീപുരുഷന്മാർക്ക്, സമർപ്പിത ജീവിത സമൂഹങ്ങൾക്കും അപ്പസ്തോലിക ജീവിത സംഘങ്ങൾക്കും വേണ്ടിയുള്ള തിരുസംഘം നല്കിയ പ്രബോധനം.



## കുശവന്റെ കളിമണ്ണ്

CIPH 372

(വിശുദ്ധിയുടെ വഴികൾ)

സിസ്റ്റർ സിൻക്ലെയർ എഫ്.സി.സി.

സിസ്റ്റർ റെസ്സി ജോസ് എഫ്.സി.സി. Pp. 160 ₹130.00

കുശവന്റെ കൈയിലെ കളിമണ്ണുപോലെയാണ് ഓരോ ജീവിതവും. കുശവന് മാത്രമേ അറിയൂ തന്റെ കൈയിലെ കളിമണ്ണ് എന്തായിത്തീരുമെന്ന്. അവന്റെ മനസ്സിലാണ് സൃഷ്ടിയും രൂപവും ഭാവവും. അവൻ കളിമണ്ണ് അതിന്റെ പാകത്തിൽ ഞെക്കിക്കുഴച്ച് അച്ചിലിട്ട് രൂപപ്പെടുത്തിയെടുക്കുന്നു. ക്രൈസ്തവജീവിതവുമായി ഇതിന് വളരെയധികം സാമ്യമുണ്ട്. കുശവൻ ദൈവമാണ്, നാം കളിമണ്ണും. ദൈവത്തിന്റെ മനസ്സിൽ നമ്മെക്കുറിച്ചുള്ള പ്ലാനും പദ്ധതിയും പൂർത്തിയാകുവോളം അവിടുന്നു നമ്മെ രൂപപ്പെടുത്തിക്കൊണ്ടേയിരിക്കും. രൂപപ്പെടുത്തലിന്റെ വിവിധ വഴികളുടെ അർത്ഥവും ആഴവുമാണ് ഈ ഗ്രന്ഥം. ഒരിക്കൽ വഴിയറിഞ്ഞാൽ ലക്ഷത്തിലേക്കുള്ള ദൂരം നാം പകുതി പിന്നിട്ടുകഴിഞ്ഞു.




## പുരോഹിതന്റെ ഹൃദയകാതൽ

ഫ്രാൻസീസ് മാർപാപ്പ

CIPH 362

Pp. 88 ₹75.00

ഒരു പുരോഹിതൻ അടിയുറച്ച ലക്ഷ്യബോധമുള്ളവനായിരിക്കണം. ഈ ലക്ഷ്യബോധം അവനെ പൗരോഹിത്യധർമ്മത്തിലേക്കും ഉത്തരവാദിത്തത്തിലേക്കും നയിക്കുന്നു. പൗരോഹിത്യത്തെക്കുറിച്ചുള്ള ഫ്രാൻസീസ് മാർപാപ്പയുടെ വിചിന്തനങ്ങളാണ് ഇതിന്റെ ഉള്ളടക്കം.




## ഓർമ്മകളുടെ നൈവേദ്യം -

**ഒരു ഇടവകവൈദികന്റെ ഓർമ്മക്കുറിപ്പുകൾ**

ഫാ. സാമുവൽ തുണ്ടിയിൽ

CIPH 338

Pp. 232 ₹160.00

ISBN 978-81-933770-7-9

ഇത് ഒരു വന്ദ്യപുരോഹിതന്റെ ജീവിതയാത്രയാണ്. പുഞ്ചിരിനല്കുന്നതും കണ്ണുനനയിപ്പിക്കുന്നതും നെഞ്ചുനീറ്റുന്നതും ദൃഢനിശ്ചയം തരുന്നതുമൊക്കെയായ ജീവിതയാത്ര. നല്ല പുരോഹിതനാകാൻ ആഗ്രഹിക്കുന്നവരും നല്ല പുരോഹിതരെ സ്നേഹിക്കുന്നവരും ഇഷ്ടപ്പെടുന്ന ഗ്രന്ഥം.




## ആത്മാലാപം

(Song of a Soul)

ഫാ. വില്യം, ഒ.സി.ഡി.

CPC 13

Pp. 48 ₹5.00

സുദീർഘമായ അമ്പതുവർഷത്തെ സന്യാസ വൈദികജീവിതത്തിലെ വിജയപരാജയങ്ങളുടെ കഥ ഗ്രന്ഥകർത്താവ് സ്വതസിദ്ധമായ ശൈലിയിൽ ആവിഷ്കരിച്ചിരിക്കുന്നു.




## ദാനവും രഹസ്യവും

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

വിവ: ഫാ. പാട്രിക് മുത്തേരിൽ ഒ.സി.ഡി.

CIPH 390

Pp. 102 ₹90.00

സാർവത്രിക സഭയുടെ പരമാചാര്യനും ഒരു കാലഘട്ടത്തിന്റെ പ്രവാചകസാന്നിദ്ധ്യവുമായിരുന്ന വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ആത്മകഥയുടെ ആദ്യഭാഗമാണ് ദാനവും രഹസ്യവും.



## അധികാരത്തിന്റെ ശുശ്രൂഷയും അനുസരണവും

വിവ. ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.

**CPC 149A**

Pp. 96 ₹40.00

9788190613132

സമർപ്പിതജീവിതസമൂഹങ്ങൾക്കും അപ്പസ്തോലികജീവിതം നയിക്കുന്ന സംഘടനകൾക്കും വേണ്ടിയുള്ള തിരുസംഘം 2008-ൽ പുറപ്പെടുവിച്ച സമർപ്പിതർക്കുവേണ്ടിയുള്ള പ്രബോധനരേഖ. ഈ ചെറു പ്രബോധനത്തിൽ ദൈവഹിതത്തിനായുള്ള അന്വേഷണവും സമർപ്പണവും, അധികാരവും അനുസരണവും സമൂഹജീവിതത്തിൽ, പ്രേഷിതദൗത്യത്തിൽ എന്നി മൂന്ന് ഭാഗങ്ങളുണ്ട്.



## സന്യാസജീവിതം

ഫ്രാൻസീസ് മാർപാപ്പ

**CIPH 405A**

Pp. 216 ₹220.00

ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ സന്യാസജീവിതത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



## സമ്പൂർണ്ണമാകേണ്ട സമർപ്പിതജീവിതം

എഡിറ്റർ : പ്രൊഫ. ഡോ. ജോർജ് അഗസ്റ്റിൻ SAC

**CIPH 453**

Pp. 96 ₹120.00

സുവിശേഷോന്മുഖ ജീവിതത്തിന്റെ ആനന്ദം സ്ഫുരിക്കുന്ന സമർപ്പിതജീവിതമാതൃകകളാണ് സമർപ്പിതരുടെയും സഭയുടെയും ക്രൈസ്തവവിശ്വാസത്തിന്റെയും കീർത്തി ലോകമെങ്ങും പരത്തുന്നത്. അവരുടെ ജീവിതസാക്ഷ്യത്തിലൂടെയാണ് സഭ കൂടുതൽ പ്രശോഭിക്കുന്നത്. കർദ്ദിനാൾ കുർട്ട് കോഹ് ഉൾപ്പെടെ നാലു സന്യസ്തരുടെ ലേഖനങ്ങളുടെ സമാഹാരം.



## ദൈവത്തിന്റെ മുഖം അന്വേഷിക്കുന്ന കല

(The Art of Seeking the Face of God)

വിവ. ഫാ. ജയിംസ് ആലക്കുഴിയിൽ ഒ.സി.ഡി.

**CIPH 457**

Pp. 120 ₹120.00

സമർപ്പിത ജീവിത സമൂഹങ്ങൾക്കും അപ്പസ്തോലിക ജീവിത സംഘങ്ങൾക്കും വേണ്ടിയുള്ള തിരുസംഘം, സമർപ്പിതജീവിതം തിരഞ്ഞെടുക്കുന്ന സ്ത്രീകളുടെ രൂപീകരണത്തിനുള്ള മാർഗനിർദേശങ്ങൾ നല്കിയ പ്രബോധനം




## ക്രൈസ്തവ സന്ന്യാസ ദർശനം

ഒരു പഠനം

ഫാ. ജോബ് വള്ളിപ്പാലം സി.എം.ഐ.

CIPH 594

Pp.256; ₹320.00

ISBN 978-93-90096-59-6

ബൈബിളിന്റെയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ക്രൈസ്തവസന്ന്യാസത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു വിശകലനമാണ് ഈ ഗ്രന്ഥം. മലയാളത്തിൽ ഈ വിഷയത്തെക്കുറിച്ചുള്ള ആധികാരികമായ ഒരു പഠനം ഏറെ ആവശ്യമാണെന്ന മനസ്സിലാക്കിയ സുപ്രസിദ്ധ ധ്യാനപ്രസംഗകനും വിവിധ സമർപ്പിതസമൂഹങ്ങളിൽ രൂപീകരണനിരതനുമായ ഫാ. ജോബ് വള്ളിപ്പാലം സി.എം.ഐ. ആണ് ഇതിന്റെ രചയിതാവ്. തന്റെ അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ എട്ട് അദ്ധ്യായങ്ങളിലൂടെ സന്ന്യാസത്തിന് ഒരു ദിശാബോധം നൽകാൻ ഈ ഗ്രന്ഥത്തിലൂടെ അദ്ദേഹത്തിനു കഴിഞ്ഞിരിക്കുന്നു.




## പ്രാർത്ഥിക്കുന്ന ഹൃദയം

സമർപ്പിതജീവിതസമൂഹങ്ങൾക്കും
അപ്പസ്തോലികജീവിതസംഘങ്ങൾക്കും
വേണ്ടിയുള്ള തിരുസംഘം

CIPH 585

Pp.111; ₹130.00

ISBN 978-93-90096-45-9

കന്യാസ്ത്രീകൾക്കായി മഠങ്ങൾ സ്ഥാപിക്കുന്നതും നടത്തിപ്പുമായി ബന്ധപ്പെട്ടതുമായ എല്ലാ പ്രായോഗിക, ഭരണപരവും നിയമപരവും ആത്മീയവുമായ വശങ്ങളെ സംബന്ധിച്ച കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രമാണരേഖ നൽകുന്നു.




സമർപ്പിതജീവിതസമൂഹങ്ങൾക്കും അപ്പസ്തോലികജീവിത സംഘങ്ങൾക്കും വേണ്ടിയുള്ള തിരുസംഘം

## വിശ്വസ്തതയുടെ സമ്മാനം സ്ഥിരോത്സാഹത്തിന്റെ ആനന്ദം

(The Gift of Fidelity the Joy of Perseverance)

CIPH 550

Pp. 184 ₹220.00

സമർപ്പിതർക്കുവേണ്ടിയുള്ള മാർഗനിർദ്ദേശ രേഖകൾ




## പുരോഹിതൻ

ദൈവകരുണയുടെ ശുശ്രൂഷകൻ

വൈദികർക്കുവേണ്ടിയുള്ള തിരുസംഘം

CIPH 546

Pp.80; ₹100.00

ISBN 978-93-91296-84-1

കുമ്പസാരക്കാർക്കും ആത്മീയ നിയന്താക്കൾക്കുള്ള സഹായി.

# MARRIAGE and FAMILY LIFE



## കുടുംബ മനഃശാസ്ത്രം

ഡോ. സോണി മുണ്ടുനടയ്ക്കൽ

**CIPH 218**

Pp. 160 ₹85.00

ആധുനികസമൂഹത്തിൽ വളരെ സാധാരണമായി കണ്ടുവരുന്ന കുടുംബശൈഥില്യങ്ങളുടെയും മാനസിക പിരിമുറുക്കത്തിന്റെയും, സാഹചര്യത്തിൽ ഏറെ പ്രസക്തിയുള്ളതാണ് കുടുംബ മനഃശാസ്ത്രം.



## ശരീരത്തിന്റെ ദൈവശാസ്ത്രവും ദാമ്പത്യരഹസ്യവും

ഫാ. ഡോ. ആന്റണി ചുണ്ടെലിക്കാട്ട്

**CPC 154A**

Pp. 136 ₹75.00

കുടുംബങ്ങളുടെ പാപ്പയായി അറിയപ്പെടുന്ന പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമന്റെ കുടുംബത്തെക്കുറിച്ചുള്ള ബുധനാഴ്ച പ്രഭാഷണങ്ങളുടെ വ്യാഖ്യാനമാണ് ഈ ഗ്രന്ഥം.



## അമ്മയുടെ ആരോഗ്യം ശിശുവിന്റെയും

സിസ്റ്റർ ശാലു കോയിക്കര

**CIPH 395**

Pp. 160 ₹140.00

ഗർഭിണികൾക്കും ശിശുപരിപാലനവുമായി ബന്ധപ്പെട്ടവർക്കും ഒരുത്തമവഴികാട്ടിയാണ് ഈ ഗ്രന്ഥം. ഗർഭിണിയായിരിക്കുമ്പോഴുള്ള അമ്മയുടെ മാനസികാവസ്ഥയും ശിശുവിന്റെ വ്യക്തിത്വവികാസവും തമ്മിലുള്ള ഗാഢമായ ബന്ധത്തെ ഊടുംപാവുംപോലെ ഇതിൽ നെയ്തു ചേർത്തിരിക്കുന്നു. ഗ്രന്ഥത്തിലുടനീളം ക്ലിനിക്കൽ ഉദാഹരണങ്ങളും പ്രതിപാദിച്ചിട്ടുണ്ട്.



## കുടുംബം ഒരു പങ്കാളിത്തം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ

വിവ: ഫാ. പാടിക് മുത്തേരിൽ ഒ.സി.ഡി.

**CIPH 254**

Pp. 192 ₹75.00

കുടുംബങ്ങൾക്കുവേണ്ടി ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1981 നവംബർ 22ന് പുറപ്പെടുവിച്ച അപ്പസ്തോലിക ഉദ്ബോധനം




## കുടുംബത്തെ ആഘോഷമാക്കുക

ഫ്രാൻസീസ് മാർപാപ്പ

CIPH 325B

Pp. 224 ₹260.00

കുടുംബങ്ങൾക്കുവേണ്ടിയുള്ള 2014 ഒക്ടോബറിലെയും 2015 ഒക്ടോബറിലെയും രണ്ടു സിനഡുകളുടെ ഇടവേളയിൽ ഫ്രാൻസീസ് മാർപാപ്പ നല്കിയ 35 പ്രബോധനങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.




## സ്നേഹത്തിന്റെ രസതന്ത്രം

ഫാ. സെബാസ്റ്റ്യൻ കണ്ണന്താനം

CIPH 206

Pp. 111 ₹60.00

സ്നേഹത്തിന്റെ രസതന്ത്രം എന്ന ഈ ഗ്രന്ഥത്തിൽ ഫാ. സെബാസ്റ്റ്യൻ കണ്ണന്താനം പരസ്നേഹത്തിന്റെ മാനങ്ങൾ ചർച്ചചെയ്യുന്നു. സ്നേഹതരംഗങ്ങളിലൂടെയുള്ള സ്നേഹത്തിന്റെ പ്രേഷണവും അത് നൽകുന്ന ആനന്ദവും അനുഭൂതിയും ഹൃദ്യമായി ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിട്ടുമുണ്ട്.




## സ്നേഹത്തിന്റെ ആനന്ദം

(Amoris Laetitia - The Joy of Love)

ഫ്രാൻസീസ് മാർപാപ്പ

CIPH 315B

Pp. 352 ₹180.00

മെത്രാന്മാർക്കും, വൈദികർക്കും ഡീക്കന്മാർക്കും സമർപ്പിതജീവിതം നയിക്കുന്നവർക്കും ക്രൈസ്തവരായ വിവാഹിതദമ്പതികൾക്കും എല്ലാ അല്മായ വിശ്വാസികൾക്കും കുടുംബത്തിലെ സ്നേഹത്തെക്കുറിച്ച് ഫ്രാൻസീസ് മാർപാപ്പയുടെ സിനഡനന്തര അപ്പസ്തോലിക ആഹ്വാനം.




## മാതാപിതാക്കളും മക്കളും അറിയാൻ

എഡിറ്റർ: ഡോ. തോമസ് കുഴിനാപ്പുറത്ത്

CIPH 459B

Pp. 213 ₹260.00

കുടുംബജീവിതത്തെക്കുറിച്ചും ഇപ്പോൾ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും കുടുംബത്തിന്റെ വിശുദ്ധിയെക്കുറിച്ചും ക്രിസ്തീയ വീക്ഷണത്തിൽ എങ്ങിനെയാണ് കാണേണ്ടതെന്നും മാതാപിതാക്കളും മക്കളും അറിയേണ്ടതെന്തെന്നും പഠിപ്പിക്കുന്ന ലേഖനസമാഹാരമാണ് ഈ പുസ്തകം.




## സ്നേഹത്തിനുള്ള വിളി

**CIPH 504**

ക്രൈസ്തവവിവാഹവും കുടുംബജീവിതവും
ഫ്രാൻസിസ് മാർപാപ്പയുടെ സ്നേഹത്തിന്റെ
ആനന്ദത്തിന്റെ ഉൾകാഴ്ചകൾ
പ്രൊഫ. ഡോ. ജോർജ് അഗസ്റ്റിൻ

Pp. 70 ₹90.00

ക്രൈസ്തവദമ്പതികൾക്ക് അവരുടെ വിവാഹത്തിലും കുടുംബജീവിതത്തിലും വിശ്വാസജീവിതം നയിക്കാൻ മാർപാപ്പ നൽകുന്ന അമൂല്യമായ ഉൾക്കാഴ്ചകൾ അന്വേഷിക്കുകയാണ് ഈ ചെറുഗ്രന്ഥത്തിൽ. പരമാചാര്യന്റെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച്, ഒമ്പത് ചെറിയ അധ്യായങ്ങളിലായി വിവരിക്കുന്നു.

# STORIES



## സുഭാഷിതങ്ങളും സുഖജീവിതവും

ഡോ. ജെ. കട്ടയ്ക്കൽ

CPC 97

Pp. 88 ₹40.00

8187655267

ഡോ. ജെ. കട്ടയ്ക്കലിന്റെ റേഡിയോ പ്രഭാഷണങ്ങൾ ഉൾപ്പെടെ ഏറ്റവും പുതിയ രചനകളുടെ സമാഹാരമാണ് സുഭാഷിതങ്ങളും സുഖജീവിതവും.



## മധുരമുള്ള നുണകൾ

ഡോ. സെഡ് എം. മുഴൂർ

CPC 114

Pp. 144 ₹65.00

8187655631

സ്വർണ്ണത്തിനു സുഗന്ധംപോലെ അനുഭവങ്ങളുടെ ചൂടും അറിവിന്റെ വെളിച്ചവും സമഞ്ജസമായി സമ്മേളിക്കുന്ന ലേഖനസമാഹാരമാണ്, മധുരമുള്ള നുണകൾ. കഥകളും ഉപകഥകളും സുഭാഷിതങ്ങളുംകൊണ്ട് ഹൃദയഹാരിയാണ് മിക്ക ലേഖനങ്ങളും.




## തേൻതുള്ളികൾ

എം.കെ. ജോർജ്, എസ്.ജെ.

CPC 137

Pp. 136 ₹55.00

818765595

'തേൻതുള്ളികൾ' എന്ന പേരിൽ ആകാശവാണിയിൽ പ്രക്ഷേപണം ചെയ്ത് ശ്രദ്ധേയമായിത്തീർന്ന 61 ചെറുലേഖനങ്ങളുടെ സമാഹാരമാണിത്.




## കുടമണികൾ

കുട്ടികൾക്കുള്ള കഥകൾ

സുമംഗല

OUT OF STOCK

CPC 12

Pp. 106 ₹6.00

818765595

കുട്ടികൾക്ക് ആകർഷകമായ ശൈലിയിൽ രചിച്ചിട്ടുള്ള ആറു കഥകളുടെ സമാഹാരമാണ് കുടമണികൾ.



## ആത്മജ്ഞാനം കഥകളിലൂടെ

ഡോ. ആൽഫ്രഡ് അൽപ്പുഴ, ഒ.സി.ഡി.

**CIPH 313A**

Pp. 144 ₹90.00

ദിവ്യഗുരുവായ യേശുവിന്റെ മാതൃകയും ഭാരത ഋഷിമാരുടെ പാരമ്പര്യത്തെയും അനുഗമിച്ച് ഒട്ടനവധി കഥകളുടെ പശ്ചാത്തലത്തിൽ ദൈവശാസ്ത്രം, മനഃശാസ്ത്രം, മിസ്റ്റിസിസം എന്നിവയുടെ വെളിച്ചത്തിൽ ആത്മജ്ഞാനത്തെ പഠിച്ചെടുക്കുവാനും പിടിച്ചെടുക്കാനും ചേതോഹരവും രസകരവുമായി ജീവിതത്തെ വീക്ഷിക്കുന്ന പണ്ഡിതോചിതമായ ഒരു ഗ്രന്ഥം. 50 അർത്ഥവത്തായ കഥകളുടെ സമാഹാരം.



## നിഴൽ

ഡോ. സി. പ്രിൻസി ഫിലിപ്പ്
(സി. മരിയ തെരേസ് FCC)

**CIPH 511**

Pp. 144 ₹160.00

സാധാരണ കാഴ്ചകൾ അവിചാരിതമായി ഉള്ളിലുടക്കുമ്പോൾ തെളിഞ്ഞുകിട്ടുന്ന വെളിച്ചനൂലുകളുടെ നൂറ്റിയിരുപത്തഞ്ച് നിഴൽചിത്രങ്ങളും ചിന്തകളും



## മിസ്പ

ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ

**CIPH 512**

Pp. 104 ₹120.00

ഫാ. സ്റ്റാഴ്സൺ കള്ളിക്കാടന്റെ കുറിപ്പുകൾ മനുഷ്യബോധത്തിലെ ദൈവസാന്നിധ്യത്തെ വീണ്ടെടുക്കുന്നുണ്ട്. പുസ്തകത്തിന്റെ ആദ്യഭാഗം ഹൃദയത്തിൽ കനലൂതുന്ന ചിന്തകളാണെങ്കിൽ രണ്ടാം ഭാഗം മറിയത്തിന്റെ വാഴ്വാണ്. വിനയം കൊണ്ട് ധ്യാനനിമഗ്നയായിപ്പോയെങ്കിലും വിശ്വാസം കൊണ്ട് ധീരവനിതയായി കുരിശിൻ ചുവട്ടിലും, അമ്മയുടെ മനസ്സോടെ ഒരുമിച്ചുകൂട്ടുന്നവളായി ശിഷ്യന്മാരുടെ നടുവിലും ലാവണ്യത്തോടെയാണ് മറിയം കാണപ്പെടുന്നത്.



## പ്രതിസ്പന്ദം

സിസ്റ്റർ എലൈസ് മേരി FCC

**CIPH 518**

Pp. 120 ₹140.00

നമ്മുടെ ജീവിതത്തെക്കുറിച്ച്, പ്രതികരണങ്ങളെക്കുറിച്ച് ഒരു വീണ്ടുവിചാരത്തിന് പ്രേരിപ്പിക്കുന്നു എന്നതു തന്നെയാണ് പ്രതിസ്പന്ദം എന്ന ഈ കൃതിയുടെ പ്ലസ്പോയിന്റ്. വായനയ്ക്കൊടുവിൽ സിസ്റ്റർ എലൈസ് മേരിയുടെ പ്രതിസ്പന്ദം നമ്മുടെയും ഹൃദയത്തിൽ ആഴത്തിൽ പതിയുന്ന ചിന്താതരംഗങ്ങൾ ഉണർത്തിവിടുകയാണ്.



## അത്തിപ്പഴങ്ങളുടെ വീട്

ജെയ്സൻ എലുവത്തിങ്കൽ

**CIPH 522**

Pp. 87 ₹120.00

നല്ല കഥകൾ എന്നും കുഞ്ഞുങ്ങളുടെ മനസ്സിൽ നന്മയുടെ വിത്തുകൾ പാകാൻ വളരെയധികം സ്വാധീനിക്കുന്ന ഘടകമായി മാറാറുണ്ട്. നല്ല കഥകളും, അതിലെ നല്ല കഥാപാത്രങ്ങളും അവരുടെ ജീവിതയാത്രയിൽ അവർക്ക് നല്ല കൂട്ടുകാരായിരിക്കും. അത്തരത്തിൽ ഈ പുസ്തകത്തിലെ ഓരോ താളും ദൈവസ്നേഹത്തിലേക്ക് നമ്മെ കൈപിടിച്ച് നടത്താൻ സഹായിക്കും.



## സൗഹൃദങ്ങളുടെ ഓർമ്മ പൂക്കാലം

കലാലയ ഓർമ്മകൾ

അനിൽകുമാർ എം. എസ്

**CIPH 527**

Pp. 64 ₹80.00

ഗ്രന്ഥകാരൻ തൻറെ കലാലയജീവിതാനുഭവങ്ങളെ വളരെ രസകരമായും സത്യസന്ധമായും ഈ കൊച്ചുഗ്രന്ഥത്തിലൂടെ വായനക്കാർക്കുമുന്നിൽ പങ്കുവയ്ക്കുന്നു.

# SERMONS




## ഒറ്റ നോമ്പുകാല ചിന്തകൾ

ഫാ. ക്രിസ്റ്റഫർ ഹെൻട്രി

CIPH 487

Pp. 136 ₹140.00

നോമ്പ്. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നീ പുണ്യങ്ങളിലൂടെ ഹൃദയത്തിൽ വിശുദ്ധിയുടെ പുതുവസന്തം വിരിയിക്കുന്ന നന്മയുടെ പൂക്കാലം. കാരുണ്യത്തിന്റെ ഉറവവറ്റിയ മിഴികളിൽ സ്നേഹത്തിന്റെ അഞ്ജനമെഴുതാനുള്ള കാലം... അപരന്റെ വിശപ്പിന്റെ നിലവിളികൾക്കു മുന്നിൽ അന്നമായി മാറേണ്ട കാലം.... ഒറ്റപ്പെട്ടവന്റെ ഓരം ചേർന്നുനില്ക്കാനുള്ള കാലം. കഠിനമായ തപശ്ചര്യകളിലൂടെ ആഗ്രഹങ്ങൾക്ക് കടിഞ്ഞാണിട്ട് പ്രലോഭനങ്ങളെ ചെറുക്കാനുള്ള അതിജീവനമന്ത്രം അഭ്യസിച്ചെടുക്കേണ്ട കാലം. ആത്മവിശുദ്ധീകരണത്തിന്റെ തപസുകാലം ഈ ഹൃദയാക്ഷരങ്ങളുടെ ഓരം ചേർന്നു നടന്ന് ധ്യാനിക്കുവാനും, തുടർന്ന് ഉത്ഥാനത്തിന്റെ ആനന്ദം സ്വന്തമാക്കാനും കഴിയട്ടെ.




## കുട്ടികളുടെ കുരിശിന്റെ വഴി

ഫ്രാൻസീസ് മാർപാപ്പ

CIPH 488

Pp. 48 ₹30.00

2021 ദുഃഖവെള്ളിയാഴ്ച പരിശുദ്ധപിതാവ് നയിച്ച കുരിശിന്റെ വഴിയിലെ ധ്യാനങ്ങളും പ്രാർത്ഥനകളും



## ചെവിയുള്ളവൻ കേൾക്കട്ടെ

ഫാ. ഡൈസൻ

CPC 144

Pp. 192 ₹85.00

ISBN 978-81-906131-4-9

ആശയസമ്പുഷ്ടവും ആകർഷകവുമായ സുവിശേഷപ്രഭാഷണങ്ങളാണ് ‘ചെവിയുള്ളവൻ കേൾക്കട്ടെ.’ വചനത്തിന്റെ ആഴം ജനഹൃദയങ്ങളിലെത്തിക്കുവാൻ ഫാ. ഡൈസൻ നൽകുന്ന വലിയൊരു സംഭാവനയാണ്, ചെവിയുള്ളവൻ കേൾക്കട്ടെ എന്ന ഈ വചനവിചിന്തനസഹായി.



## വിശുദ്ധവാര പ്രസംഗങ്ങൾ

വിവ: ഫാ. പോൾ മാറോക്കി

CIPH 169B

Pp. 168 ₹95.00

ഒരു നല്ല വിശുദ്ധവാര ആചരണത്തിനൊരുങ്ങുവാൻ സഹായിക്കുന്ന ഒരു ഗ്രന്ഥമാണിത്. ഈ വിശിഷ്ടഗ്രന്ഥം വിശുദ്ധവാരത്തിൽ മാത്രമല്ല ആണ്ടുവട്ടത്തിലെ മറ്റു ദിവസങ്ങളിലും ഭക്തിപൂർവ്വം പാരായണം ചെയ്യുകയും ഗാഢമായി ധ്യാനിക്കുകയും അങ്ങനെ ആത്മീയ നവീകരണം സാധ്യമാക്കുവാനും നമ്മെ പര്യാപ്തമാക്കുന്നു.



## നമ്മൾ ജറുസലേമിലേക്ക് പോകുന്നു

ആർച്ച്ബിഷപ്പ് സൂസപാക്യം എം.

CPC123

Pp. 376 ₹150.00

81-87655-72-0

ഗലീലിയിൽനിന്ന് ജറുസലേമിലേക്ക്... ജറുസലേമിൽനിന്ന് കാൽവരിയിലേക്ക്... കാൽവരിയിൽനിന്ന് ജീവനിലേക്ക്... അർത്ഥപൂർണ്ണമായി യേശുവിനെപ്പോലെ കടന്നുപോകാൻ പ്രചോദനമേകുന്ന വചനവിചിന്തനങ്ങളുടെ സമാഹാരം. അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ ആത്മീയാനുഭവങ്ങളുടെയും വചനവിചിന്തനങ്ങളുടെയും ഒരമൂല്യകൃതി.



## ഓർമ്മ

(വിശുദ്ധവാര വിചിന്തനസഹായി)

ഡോ. ലോറൻസ് കുലാസ്

OUT OF STOCK

CIPH 233

Pp. 80 ₹50.00

ഹോസാന മുതൽ ഉയിർപ്പുവരെയുള്ള യാത്രയിൽ സംഭവിച്ചിരിക്കുന്ന സമാനതകൾ, അതുല്യതകൾ, തിരുവചനപൂർത്തീകരണം മുതലായവ പണ്ഡിതോചിതമായ ശൈലിയിൽ അന്വേഷിച്ചു കണ്ടെത്തി സാധാരണക്കാർക്കു മനസ്സിലാകുന്ന രീതിയിൽ ഭംഗ്യന്തരേണ ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു.



## നമുക്ക് ബേത്‌ലെഹെം വരെ പോകാം

ആർച്ച്ബിഷപ്പ് സൂസപാക്യം എം.

CPC 109

OUT OF STOCK

Pp. 128 ₹55.00

81-87-65547

മൂന്നു വർഷങ്ങളിലേയും (ABC) ആഗമനകാലത്തിലെ വായനകൾക്ക് തികച്ചും ലളിതവും മനോഹരവുമായ വ്യാഖ്യാനങ്ങൾ നല്കിക്കൊണ്ട് ദിവ്യബലി ഒരു അനുഭവമാക്കിത്തീർക്കാനുള്ള അക്ഷീണമായ പരിശ്രമത്തിന്റെ ഫലമാണ് ഈ പുസ്തകം.

വിശുദ്ധ കുർബാന ഒരനുഭവമാക്കിത്തീർക്കാൻ ആഗ്രഹിക്കുന്ന ഏതൊരു വിശ്വാസിക്കും ഒരമൂല്യ മാർഗദർശിയാണ് അഭിവന്ദ്യ പിതാവിന്റെ വരിഷ്ഠതൂലികയിൽ നിന്നടർന്നുവീണ ഈ വിശിഷ്ടഗ്രന്ഥം.



## ധ്യാനനിലയം

ജെ.എം. ജ്ഞാനപ്രകാശം

CPC 116

Pp. 512 ₹190.00

ISBN 81-87655-65-8

വചനബദ്ധവും അനുഭവത്തിന്റെ അച്ചിൽ വാർത്തെടുത്തതുമായ 307 വിചിന്തനങ്ങൾ ഉൾക്കൊള്ളുന്ന ഈ വിശിഷ്ടഗ്രന്ഥം ക്രിസ്തീയപൂർണ്ണതയിൽ പുരോഗതി പ്രാപിച്ചിട്ടുള്ളവരും, ആദ്ധ്യാത്മികജീവിതത്തിൽ വളരാനാഗ്രഹിക്കുന്നവരുമായി, പ്രണിധാനത്തിന്റെ ആ "നല്ല ഭാഗം തിരഞ്ഞെടുത്തിട്ടുള്ള" എല്ലാവർക്കും അനുദിനം വഴികാട്ടുന്ന ഉത്തമസഹായിയത്രേ.



## പുണ്യം പൂക്കും പൊരുളുകങ്ങൾ

ലോറൻസ് കുലാസ്

CIPH 359

Pp. 102 ₹75.00

ISBN 81-87655-65-8

തിരുനാളുകൾ ഓരോ വിശ്വാസത്തിന്റെയും അകക്കാമ്പുകളാണ്. ഈശ്വരനിലേക്ക്, നന്മയിലേക്ക്, നീതിയിലേക്ക്, വെളിച്ചത്തിലേക്ക്, ജീവനിലേക്ക്, നമ്മെ വഴികാട്ടുന്ന സ്നേഹത്തോണികൾ.... ഇരുപത്തിരണ്ട് തിരുനാളുകളുടെ വിചിന്തനങ്ങളാണ് ഈ ലഘുസമാഹാരത്തിലുള്ളത്. ഭക്താഭ്യാസങ്ങൾ മാത്രം ഒരാളെ ക്രിസ്തുവിശ്വാസത്തിൽ ആഴപ്പെടുത്തില്ലെന്നും വിശ്വാസത്തിന്റെ സാമൂഹികമാനത്തിന് പ്രാധാന്യമേറുന്നുവെന്നും പറഞ്ഞുകൊണ്ട് ഒരിടയന്റെ കർത്തവ്യബോധം വെളിവാക്കുകയാണ് പ്രസ്തുത വിചിന്തനങ്ങൾ.



## യേശു എനിക്ക് ആര്

ബിഷപ്പ് ബോസ്കോ പുത്തൂർ

CIPH 308

Pp. 47 ₹20.00

വളരെ ഹൃദ്യവും ലളിതവുമായ രീതിയിൽ ആറ് നോമ്പുകാല ചിന്തകൾ അവതരിപ്പിച്ചിരിക്കുന്നു.




## കുറവുകളിലെ നിറവുകൾ

ജോസഫ് ഇടപ്പുളവൻ, ഒ.സി.ഡി.

CIPH 380

Pp. 144 ₹125.00

വചനവായന, വചനശ്രവണം, വിചിന്തനം, വ്യാഖ്യാനം എന്നി ആത്മീയചര്യകളിലൂടെയാണ് ആത്മാവ് ദൈവത്തോടും ദൈവവചനത്തോടും അടുക്കുന്നത്. വചനവായന എന്നു പറയുന്നത് വചനത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ വായിക്കുന്നതാണ്. എല്ലാ ജീവിതാനുഭവങ്ങളേയും വചനത്തിലൂടെ കാണാൻ കഴിയുമ്പോൾ കർത്താവിന്റെ പദ്ധതികളെല്ലാം ക്ഷേമത്തിനുള്ളതാണെന്ന ബോധ്യമാണ് നമുക്ക് ലഭിക്കുന്നത്.




## വിളക്കും വെളിച്ചവും

കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ

CIPH 401A

Pp. 208 ₹180.00

അനുവാചകരിൽ ആത്മീയചൈതന്യവും മൂല്യബോധവും സാമൂഹികപ്രതിബദ്ധതയും പരിപോഷിപ്പിക്കുവാൻ ഇടയാകുന്ന 8 വിഷയങ്ങളെ സംബന്ധിച്ച് 61 ലേഖനങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു.




## കുരിശിന്റെ വഴി ധ്യാനിച്ചു പ്രാർത്ഥിക്കാം

ഫ്രാൻസീസ് മാർപാപ്പ

CIPH 418

Pp. 96 ₹70.00

ഫ്രാൻസീസ് മാർപാപ്പ നയിച്ച കുരിശിന്റെ വഴിയിലെ (3 വർഷത്തെ) ധ്യാനങ്ങളും വിചിന്തനങ്ങളുമാണ് ഉള്ളടക്കം.




## വഴിവിളക്ക്

ഡോ. ഡിക്സൺ, ഒ.സി.ഡി.

CIPH 400

Pp.450 ₹250.00

പാതകളിലെ വിഘ്നങ്ങളെ തിരിച്ചറിയുവാനുള്ള ഒരു വിവേകത്തിന്റെ വിനയത്തിന്റെ സൂചികയാണ് വഴിവിളക്ക്. നമ്മുടെയൊക്കെ കൊച്ചുബുദ്ധികൾ നിർമ്മിക്കുന്ന കുഞ്ഞുലോകങ്ങൾക്കപ്പുറത്തേക്ക് പോകലാണ് മനുഷ്യനാവുക. 215 വിവിധ വിഷയങ്ങളെപ്പറ്റി ഈ ഗ്രന്ഥത്തിൽ വിശദമാക്കുന്നു.



## പെനുവേൽ

ഫാ. അഗസ്റ്റിൻ പുന്നോലിൽ ഒ.സി.ഡി.

CIPH 394

Pp. 192 ₹160.00

വചനപ്രഘോഷണവേദികളിലും വചനധ്യാനനിമിഷങ്ങളിലും, വ്യക്തിപരമായി ധ്യാനിക്കുമ്പോഴും, വചനവിചിന്തനങ്ങൾ പങ്കുവയ്ക്കുന്ന പ്രാർത്ഥനാവേളകളിലും, ഈ പുസ്തകത്തിലെ ധ്യാനചിന്തകൾ വളരെ സഹായകമാകും.




## ഒരു കല്ലേറു ദൂരം
### ക്രൂശിതനൊപ്പം

ഫാ. അഗസ്റ്റിൻ പുന്നോലിൽ ഒ.സി.ഡി.

CIPH 449

Pp. 104 ₹120.00

ഈ പുസ്തകം ഒരു യാത്രയാണ്. ഈശോയുടെ പീഡാനുഭവരംഗങ്ങളിലൂടെയുള്ള യാത്ര... യാത്രയിൽ നാം തനിച്ചല്ല... നമ്മുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും സഹനങ്ങളും പ്രതീക്ഷകളും നിരാശയുമെല്ലാം നമ്മെ അനുഗമിക്കുന്നുണ്ട്. ഒപ്പം പരിശുദ്ധ അമ്മ തന്റെ മേലങ്കിക്കുള്ളിൽ നമ്മെ ചേർത്തുപിടിച്ചിട്ടുണ്ട്. ഓശാനവിളികളുടെ അകമ്പടിയോടെ വിശുദ്ധ നഗരിയിലേക്ക് പ്രവേശിക്കുന്ന ഈശോ നമ്മുടെ ഉള്ളിലേക്കുനോക്കി 'എന്റെ പിന്നാലെ വരൂ' എന്നു മന്ത്രിക്കുന്നുണ്ട്.




## ദൈവകരുണയുടെ ശക്തി

പ്രൊഫ. ജോർജ് അഗസ്റ്റിൻ SAC

CIPH 450

Pp. 88₹120.00

ദൈവം നല്കിയ ദാനമാണ് ഓരോ മനുഷ്യജീവിതവും. നാം വിലകൊടുത്ത് വാങ്ങിയതല്ല നമ്മുടെ ജീവിതം. ഒരാളുടെ ജീവിതനിർണ്ണയങ്ങൾക്കും തീരുമാനങ്ങൾക്കും കരുണയുടെ പശ്ചാത്തലം ഉണ്ടാകുമ്പോൾ മാത്രമേ പ്രവൃത്തിപഥത്തിൽ കരുണ നിറയുകയുള്ളൂ. ദൈവകരുണയെപ്പറ്റി ഗ്രന്ഥകാരന്റെ 14 ലേഖനങ്ങളുടെ സമാഹാരം.

# SPIRITUALITY




## അറിവിൽപ്പെടാത്ത മേഘപടലം

CPC 141

വിവ: ഡോ. മാത്യു ഉപ്പാണി, സി.എം.ഐ.

Pp. 176 ₹85.00

ISBN 81-87655-99-2

പ്രാർത്ഥനാജീവിതത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നവർക്കും തീവ്രമതനിഷ്ഠയുള്ളവർക്കും വേണ്ടിയുള്ള പുസ്തകം. പ്രാർത്ഥിക്കാൻ അഭ്യസിക്കുന്നവർക്കുവേണ്ടി ഉപകാരപ്രദമായ ആദ്ധ്യാത്മിക പ്രബോധനങ്ങൾ നൽകി ന്യായശാസ്ത്രാനുസാരമായും വ്യക്തമായും ആദർശപരമായ പ്രാർത്ഥനയിലേയ്ക്ക് നയിക്കുന്നു.




## എഫ്ഫാത്ത

OUT OF STOCK

CIPH 202

എഡിറ്റർ: ഫാ. എ.ആർ. ജോൺ

Pp. 168 ₹90.00

ISBN 81-87655-99-2

നവസുവിശേഷവത്കരണത്തെപ്പറ്റി 23 പ്രൗഢലേഖനങ്ങൾ. ബെസേലിയൂസ് മാർ ക്ലീമീസ് കാതോലിക്കാ ബാവ, ആർച്ച്ബിഷപ്പ് സൂസപാക്യം, ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ, ഡോ. തോമസ് നെറ്റോ, ഡോ. ഡി. ബാബുപോൾ, ഡോ. സ്റ്റീഫൻ ആലത്തറ, ഡോ. ജോർജ്ജ് ഓണക്കൂർ തുടങ്ങിയവർ തയ്യാറാക്കിയ ലേഖനങ്ങൾ.




## സർവ്വാഭിലാഷസിദ്ധി

The Fulfillment of All Desire

CIPH 205B

റാൾഫ് മാർട്ടിൻ

വിവ: ഡോ. ജോർജ് കുരുക്കൂർ

Pp. 592 ₹425.00

ISBN 978-93-804833-9-9

കത്തോലിക്കാസഭയുടെ സമ്പന്നമായ മിസ്റ്റിക്കൽ പാരമ്പര്യത്തിന്റെ ഉറവിടങ്ങൾ റാൾഫ് മാർട്ടിൻ ഈ ഗ്രന്ഥത്തിലൂടെ തുറന്നുകാട്ടുന്നു. ആധ്യാത്മികപോഷണത്തിനു വളരെ നല്ല പുസ്തകമാണിത്. വിശുദ്ധരുമായുള്ള ഉറ്റസൗഹൃദത്തിലേക്ക് അനുവാചകനെ നയിക്കുകയും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിലേക്ക് അയാളെ തുറക്കുകയും ആദ്ധ്യാത്മിക വിവാഹപരമായ ഐക്യത്തിനുവേണ്ടിയുള്ള താത്പര്യം ജനിപ്പിക്കുകയും ചെയ്യുന്ന ഒരു സൗന്ദര്യം ഈ ഗ്രന്ഥത്തിനുണ്ട്. "ഞാൻ വായിച്ചിട്ടുള്ളതിൽ ഏറ്റവും നല്ല ആദ്ധ്യാത്മികഗ്രന്ഥം" എന്ന് ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് സാക്ഷ്യപ്പെടുത്തിയ കൃതി.




## വിശ്വാസവും യുക്തിയും ഉത്തരാധുനികതയിൽ

CIPH 230

ഡോ. സഖറിയാസ് കരിയിലക്കുളം, ഒ.സി.ഡി.

Pp. 184 ₹95.00

വിശ്വാസത്തെയും യുക്തിയേയും സംബന്ധിക്കുന്ന ഈടുറ്റ ലേഖനങ്ങളുടെ സമാഹാരം.



## മിശിഹായുടെ വഴികൾ നമ്മുടെയും

സെബാസ്റ്റ്യൻ ഡി. കുന്നേൽ

CIPH 332

Pp. 72 ₹60.00

മിശിഹായുടെ ജീവിതം പഠിക്കുവാനും ജീവിതസവിശേഷതകളെ സ്വാംശീകരിക്കുവാനും ഉപകരിക്കുന്ന ഈ ഗ്രന്ഥം ക്രൈസ്തവർക്കുമാത്രമല്ല അക്രൈസ്തവർക്കും പ്രചോദനാത്മകമാണ്. ശാശ്വതമൂല്യങ്ങൾ സംരക്ഷിക്കുന്ന സമൂഹത്തിന് രൂപംകൊടുക്കാൻ ഇതു സഹായിക്കും.



## ദൈവത്തിന്റെ കൈയൊപ്പുപേറുന്ന ആത്മീയത

സെബാസ്റ്റ്യൻ ഡി. കുന്നേൽ

CIPH 274

Pp. 72 ₹55.00

അത്ഭുതകരമായ അപ്പം വർദ്ധിപ്പിച്ച്, ആയിരങ്ങളെ തൃപ്തരാക്കിയതിന്റെ പിറ്റേന്ന്, തന്നെ അന്വേഷിച്ച് കഫർണാമിലെത്തിയ ജനക്കൂട്ടത്തിന് യേശു നല്കിയ ഈ ഉപദേശം യഥാർത്ഥ ആത്മീയതയുടെ കാതലിലേക്ക് വിരൽചൂണ്ടുന്നു. ഈ കാതൽ കണ്ടെത്താനുള്ള ശ്രമമാണ് ഈ ലഘുഗ്രന്ഥത്തിലൂടെ ഗ്രന്ഥകാരൻ ശ്രമിക്കുന്നത്.



## ദൈവദർശനം

ഫാ. മാർസെലിനോ ഇരാഗ്വി ഒ.സി.ഡി.

വിവർത്തനം: ഡോ. ജോർജ്ജ് സഖറിയ

CIPH 386

Pp. 128 ₹100.00

ഈ ഗ്രന്ഥം എഴുതപ്പെട്ടിരിക്കുന്നത് ദാഹിക്കുന്നവർക്കുവേണ്ടിയാണ്. ഇന്ന് അനേകരുണ്ട്, പ്രത്യേകിച്ച് യുവജനങ്ങൾ, ജീവിക്കുന്ന ദൈവത്തെക്കാണുവാനുള്ള ആഗ്രഹവുമായി നടക്കുന്നവർ. വ്യക്തിപരമായി അവനെ അനുഭവിച്ചറിയുവാനുള്ള ആഗ്രഹമാണ് അതിന് അവരെ പ്രേരിപ്പിക്കുന്നത്. ഈശോയ്ക്കുമാത്രം നല്കാൻ കഴിയുന്ന ദാഹത്തിന്റെ നീരുറവയാണ് അവരുടെ ലക്ഷ്യം. അവർക്കെങ്ങനെ സ്വന്തം പരിശ്രമത്താൽ ഒരു യഥാർത്ഥ ദൈവാനുഭവത്തിൽ എത്തിച്ചേരാമെന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.



## ഇടയന്റെ വഴിയിൽ

ആർച്ച്ബിഷപ്പ് സൂസപാക്യം എം

CPC 105

Pp. 176 ₹80.00

ഇടയധർമ്മത്തിന്റെ ഇടവേളകളിലെ ആലോചനകളെന്നതിനെക്കാൾ ആത്മീയാന്വേഷണത്തിന്റെയും ആത്മനൊമ്പരത്തിന്റെയും സ്വാഭാവിക സ്പന്ദനങ്ങളാണ് അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ ഈ രചനയിൽ നിറഞ്ഞുനില്ക്കുന്നത്.




## രക്ഷാകരരഹസ്യങ്ങൾ ധ്യാനിക്കാം

സി.ജി. തോമസ്

OUT OF STOCK

CIPH 423

pp 76; ₹100.00

നമ്മുടെ കർത്താവിനെ അടുത്തനുകരിക്കാൻ ശ്രമിക്കുന്നവർ നിശ്ചയമായും അവിടുത്തെ പീഡാനുഭവത്തിലും ഉത്ഥാനത്തിലും പങ്കുകാരായേ പറ്റൂ. അവിടുത്തെ കുരിശിനോട് നാമും ചേർന്നുനിൽക്കണം, ക്രൂശിതന്റെ വേദനയിലൂടെയും കുരിശിന്റെ വഴിയിലൂടെയും നാമും നടന്നുനീങ്ങണം. അവിടുത്തെ ശരീരത്തിലെ മുറിപ്പാടുകൾ നമ്മുടെ ശരീരത്തിലും കാണണം. ഇതിന് നമ്മെ ഏറെ സഹായിക്കുന്ന ധ്യാനചിന്തകളാണ് ഗ്രന്ഥകാരൻ ഈ പുസ്തകത്തിലൂടെ പങ്കുവയ്ക്കുന്നത്.




## വിളിച്ചവന്റെ പിന്നാലെ

ഡോ. തോമസ് പുളിക്കൽ, ഒ.സി.ഡി.

CIPH 445

pp 228; ₹200.00

വിളിയും, ക്രൈസ്തവജീവിതവും, കൗദാശികജീവിതവും സമർപ്പിതജീവിതവും, ജപമാലയും, മാതാവും, യൗസേപ്പിതാവും, കർമ്മെല സഭയിലെ വിശുദ്ധരും വിവിധ വിഷയങ്ങളായി പ്രതിപാദിക്കപ്പെടുമ്പോൾ മനോഹരമായ ഈ രചനയ്ക്ക് നൂറുമേനി തിളക്കംതന്നെ. വൈവിധ്യമാർന്ന വിഷയങ്ങൾ ലളിതമായ ഭാഷയിൽ അവതരിപ്പിച്ചതിലൂടെ അവ അറിവിന്റെയും വിശുദ്ധിയുടെയും നൈർമ്മല്യം തുളുമ്പുന്ന പാഠങ്ങളായി പരിണമിച്ചിരിക്കുന്നു. അറിവിന്റെയും അനുഭവത്തിന്റെയും അകമ്പടിയിൽ തീർത്ത വിചിന്തനങ്ങളും ഭക്തിമാർഗ്ഗനിർദ്ദേശങ്ങളും അനുവാചകർക്ക് വേറിട്ട അനുഭവത്തിന്റെ തീരത്തേക്കുള്ള തീർത്ഥയാത്രയായി തീരുമെന്നുള്ളതിൽ സംശയമില്ല.




## ദൈവശാസ്ത്രപഠനങ്ങൾ

ഡോ. തോമസ് കുഴിനാപ്പുറത്ത്

CIPH 521

pp 140; ₹180.00

യേശുക്രിസ്തു തന്റെ ജനന-ജീവിത-മരണോത്ഥാനങ്ങളിലൂടെ നമുക്ക് പ്രദാനം ചെയ്ത രക്ഷയുടെ അനുഭവം. ഈ രക്ഷയുടെ ആനുകാലിക ആവിഷ്കരണം സഭയിലൂടെ എപ്രകാരം സാധിതമാകുന്നു, സഭയുടെ ഈ രക്ഷാപാതയിൽ ഇന്ന് അഭിമുഖീകരിക്കേണ്ടിവരുന്ന വെല്ലുവിളികൾ തുടങ്ങിയ സമസ്യകളാണ് ഈ ഗ്രന്ഥത്തിൽ ചർച്ചചെയ്യപ്പെടുന്നത്.




## ആടുകളുടെ മണമുള്ള ഇടയരാകാൻ

**CIPH 535**

എഡിറ്റേഴ്സ്: ഡോ. ഗ്രിഗറി ആർബി/
ഡോ. ക്രിസ്തുദാസ് തോംസൺ

Pp.246; ₹280.00

2023 ലെ ലോഗോസ് ക്വിസ് മത്സരപ്പരീക്ഷകൾക്കുവേണ്ടി തയ്യാറാക്കിയ 2772 ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരവും

# LITERATURE



മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ പുസ്തകം
## സംക്ഷേപവേദാർത്ഥം
ഫാ. ക്ലെമെന്റ് പിയാനിയസ്, ഒ.സി.ഡി.

OUT OF STOCK

CPC 3

Pp. 584 ₹75.00

മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ പുസ്തകം. ക്രൈസ്തവ ആദർശങ്ങളും സാന്മാർഗ്ഗിക സിദ്ധാന്തങ്ങളും ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിന്റെ പുതിയ പതിപ്പിൽ മൂലഗ്രന്ഥത്തിലെ ഓരോ പേജും ഫോട്ടോസ്റ്റാറ്റിൽ പകർത്തുകയും പരാവർത്തനവും വ്യാഖ്യാനവും സഹിതം പുതിയ ലിപിയിൽ അച്ചടിക്കുകയും ചെയ്തിട്ടുണ്ട്.




## പ്രാചീനമലയാള ലിപിമാല
പാഠവും പഠനവും
ഫാ. എമ്മാനുവേൽ ആട്ടേൽ

CPC 93

Pp. 170 ₹90.00

81-87655-21-6

ലിപിവിജ്ഞാനീയത്തിനും ദേശത്തിന്റേയും ഭാഷയുടേയും ചരിത്രപഠനത്തിനും ഏറെ സഹായകമായ പിയാനിയസ് ഗ്രന്ഥത്തിന്റെ വിവർത്തനവും വിമർശനാത്മകപഠനവുമാണ് 'പ്രാചീനമലയാള ലിപിമാല - പാഠവും പഠനവും' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നത്.




## പൗലിനോസിന്റെ പഴഞ്ചൊൽമാല
പാഠവും പഠനവും
ഫാ. എമ്മാനുവേൽ ആട്ടേൽ

CPC 122

Pp. 56 ₹45.00

81-87655-71-2

ഭാഷാചരിത്രപഠം പ്രോജ്ജ്വലമാക്കിയ അപൂർവ്വ കൃതിയാണ് പാശ്ചാത്യനായ പൗലിനോസു പാതിരി 1791-ൽ റോമിൽ പ്രസാധനം ചെയ്ത 'Centum Adagia Malabarica' (മലബാറിലെ നൂറു പഴഞ്ചൊല്ലുകൾ). മലയാളത്തിൽ മുദ്രണം ചെയ്ത ആദ്യത്തെ പഴഞ്ചൊൽ സമാഹാരമാണ് ഇത്. ഓരോ ചൊല്ലിന്റെയും താഴെ അതിന്റെ ലത്തീൻ വിവർത്തനവുംകൂടി നൽകാൻ പൗലിനോസ് ഉദ്യമിച്ചിട്ടുണ്ട്. പ്രാചീനകേരള സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ചില തലപ്പുകൾ കണ്ടെത്താൻ അതിലെ പഴഞ്ചൊല്ലുകൾ സഹായിക്കുന്നു.



## വേദതർക്കത്തിന്റെ ഭാഷാശാസ്ത്ര ഭൂമിക
വിവ: എമ്മാനുവേൽ ആട്ടേൽ

CIPH 171

Pp. 272 ₹175.00

മാർ ജോസഫ് കരിയാറ്റിയുടെ വേദതർക്കം സാധാരണക്കാർക്ക് അപ്രാപ്യമായ കർസോൺ ലിപിയിൽ രേഖീയമായതുകൊണ്ട് നാളിതുവരെ ഈ ഹസ്തലിഖിതകൃതി നിദ്രാണതയിൽ ശയിക്കുകയായിരുന്നു. ഭാഷയുടെയും ചരിത്രത്തിന്റെയും പഠനം ത്വരിതപ്പെടുത്തുന്ന ഒരു പുരാവസ്തുവിജ്ഞാനീയ ചിഹ്നമായ ഈ ആദ്യകാലഗ്രന്ഥം ലിപ്യന്തരണം നടത്തി പഠനത്തോടൊപ്പം വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക എന്ന പേരിൽ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നു.




## മലയാളഭാഷയെ ധന്യമാക്കിയ ക്രിസ്ത്യൻ മിഷനറിമാർ

ജി. കമലമ്മ

CIPH 150

Pp. 216 ₹120.00

ISBN 978-93-804830-8-5

ആധുനിക മലയാളഭാഷയുടെയും ഗദ്യസാഹിത്യശാഖകളുടെ വികസനോന്മുഖ ഘട്ടത്തിന്റെ നാൾവഴിയുടെയും തുടക്കത്തിൽ വിദേശികളും സ്വദേശികളുമായ മിഷണറിമാരുടെ ജീവചരിത്രക്കുറിപ്പുകളുടെയും കാതലായ സംഭാവനകളെയുംകുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥമാണിത്. മിഷണറിമാരുടെ ഭാഷാസേവനത്തിനൊപ്പം മിഷണറി ചൈതന്യത്തോടെ ഭാഷാ പരിപോഷണം നടത്തിയ മറ്റുചില പണ്ഡിതന്മാരെക്കൂടി ഇത് അനുസ്മരിച്ചിരിക്കുന്നു. ഇനി വരുംതലമുറകൾക്ക് നിർവിശങ്കം ആശ്രയിക്കാവുന്ന ഒരു ആധികാരിക ഗ്രന്ഥംകൂടിയാണ്.




## ഡോൺ ക്വിക്സോട്ട്

(നോവൽ)

മിഗുവൽ ഡി സെർവാന്റസ്

വിവ: ഫാ. തോമസ് നടയ്ക്കൽ

CPC 111

Pp. 1198 ₹675.00

ISBN 81-87655-55-0

യാഥാർത്ഥ്യവും മിഥ്യയും തമ്മിലുള്ള ഒരു സംഘട്ടനമാണ് ഡോൺ ക്വിക്സോട്ട് എന്ന നോവലിലൂടെ കാട്ടിത്തരുന്നത്. ഒരാത്മത്യാഗത്തിന്റെ വേദനയുൾക്കൊണ്ട് ആദർശവും, സാഹസികതയും ഒരു വ്രതമായെടുക്കുന്ന ഡോൺ ക്വിക്സോട്ടിന്റെ ജീവിതകഥയെ ആസ്പദമാക്കി രചിച്ചതാണീ ഗ്രന്ഥം. സ്പാനീഷ് ബൈബിൾ എന്ന് വിശേഷിപ്പിച്ചിരിക്കുന്ന ഈ ഗ്രന്ഥം ബൈബിൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള പുസ്തകമാണ്.




## കട്ടക്കയം കൃതികൾ

സമ്പാദനവും പഠനവും: ഡോ. കുര്യാസ്

OUT OF STOCK

CPC 32

Pp. 1230 ₹160.00

ശ്രീയേശുവിജയം മഹാകാവ്യത്തിന്റെ കർത്താവായ മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ സാഹിത്യരചനകളുടെ സമ്പൂർണ്ണ സമാഹാരം.




## നെപ്പോളിയൻ ബോണപ്പാർട്ട്

ജോസഫ് എസ്.സി. ആബട്ട്

വിവർത്തനം: പി.ഡി. ജോസ്

CIPH 333

Pp. 1536 ₹850.00

മഹാനായ നെപ്പോളിയനെ സമഗ്രമായ ആകാരപ്പൊലിമയോടെ അവിശ്വസനീയമായ സൂക്ഷ്മതയോടെ പുനർനിർമ്മിക്കുന്ന മഹത്തായ പുസ്തകമാണ് ജോസഫ് എസ്.സി. ആബട്ട് രചിച്ചിരിക്കുന്നത്. ആ ആശയപ്രപഞ്ചം ഹൃദയംഗമമായി പരിഭാഷപ്പെടുത്തി പുനർനിർമ്മിച്ചിരിക്കുകയാണ് വിവർത്തകൻ പി.ഡി. ജോസ്. മികച്ച ബഹുവർണ്ണചിത്രങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

# GENERAL TITLES



## യേശു: യുവജനങ്ങൾക്കൊരു മാതൃക

സെബാസ്റ്റ്യൻ പാലംപറമ്പിൽ

CIPH 402

Pp. 176 ₹150.00

യുവത്വത്തിന്റെ കാലഘട്ടം മനുഷ്യജീവിതത്തിന്റെ രൂപീകരണസമയമാണ്. അറിവിന്റെ വഴിയേ സഞ്ചരിച്ച് മഹത്ത്വത്തിന്റെ പാതയിലേക്ക് ഉയരാൻ യുവതയെ നയിക്കേണ്ട കാലഘട്ടവുമാണത്. സ്വയം അറിയുവാനും, അതിലൂടെ വളർച്ചയുടെ പടവുകൾ കയറുവാനും യുവതയെ സഹായിക്കുന്ന മാർഗദീപമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.



## പൗരസ്ത്യ ഇന്ത്യയിലേക്കുള്ള പ്രേഷിതപ്രയാണങ്ങൾ

മോൺ ജോസഫ് സെബസ്ത്യാനി

വിവ. ഫാ. പാടിക് മൂത്തേരിൽ, ഒ.സി.ഡി.

CIPH 416

Pp. 776 ₹790.00

പൗരസ്ത്യ ഇന്ത്യയിലേക്ക് ജോസഫ് സെബസ്ത്യാനി നടത്തിയ രണ്ടു യാത്രകളുടെ ദീർഘമായ വിവരണമാണ് ഈ പുസ്തകത്തിലുള്ളത്.



## ആൾക്കൂട്ടത്തിൽ തനിയെ

OUT OF STOCK

ജെയ്മോൻ കുമരകം

CIPH 157

Pp. 160 ₹80.00

978-93-804830-0-9

പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളിലേക്കുള്ള നേർക്കാഴ്ചയാണീ ലേഖനങ്ങൾ. സാമൂഹിക ജീവിതത്തിൽ ഒളിഞ്ഞും, തെളിഞ്ഞും കടന്നുകൂടിയിട്ടുള്ള ചില വിപത്തുകൾക്കുനേരെ വിരൽ ചൂണ്ടുന്നതോടൊപ്പം അധാർമ്മികതയ്ക്കെതിരെ പ്രതികരിക്കാൻ ശക്തമായ ആഹ്വാനവും ഈ ഗ്രന്ഥം നല്കുന്നു.




## The Guru (മലയാളം)
A NEW TREND SETTER IN LEARNING MUSIC AT HOME

Fr. Thomas D. Thaikktatusseril

CIPH 150C

Pp. 352 ₹700.00

978-93-804830-7-8

നമ്മുടെ ആരാധന കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാനും, ഗായകസംഘങ്ങൾക്കെല്ലാം ഏറെ പ്രയോജനകരമാകാനും ഈ ഗ്രന്ഥംവഴി സാധിക്കുന്നു. മാത്രമല്ല സംഗീതപാഠങ്ങൾ ആർക്കും വീട്ടിലിരുന്ന് പഠിക്കാൻ ഉതകുന്ന രീതിയിൽ ചിട്ടപ്പെടുത്തിയ പുസ്തകമാണ് The Guru. കേരളത്തിലെ എല്ലാ സഭാവിഭാഗങ്ങളിലുംപെട്ട ഗായകർക്കും സംഗീതജ്ഞർക്കും ഉപകാരപ്രദമാണ് ഈ ഗ്രന്ഥം.




## വിജ്ഞാനവും വീക്ഷണവും
പ്രൊഫ. പി.ടി. ചാക്കോ

CPC 118

Pp. 838 ₹350.00

81-87655-67-4

കേരളത്തിലെ ക്രൈസ്തവചിന്തകരിൽ പ്രമുഖനായ പ്രൊഫ. പി.ടി. ചാക്കോയുടെ ലേഖന സമാഹാരമാണ് 'വിജ്ഞാനവും വീക്ഷണവും'. തത്ത്വചിന്ത, ആധുനിക തത്ത്വചിന്തകന്മാർ, കല-സാഹിത്യം-കവിത, മതം-ദൈവശാസ്ത്രം-ആധ്യാത്മികത, സാമൂഹിക ചിന്ത എന്നിങ്ങനെ അഞ്ചു ഭാഗങ്ങളുണ്ട് ഈ വൈജ്ഞാനിക സാഹിത്യഗ്രന്ഥത്തിൽ. യുക്തിയെയും വിശ്വാസത്തെയും ആരോഗ്യകരമായി സമന്വയിപ്പിച്ച കത്തോലിക്കാ പാരമ്പര്യത്തിൽ വേരൂന്നി നില്ക്കുന്ന ഈ പഠനങ്ങളും വീക്ഷണഗതികളും ഒരു ചരിത്ര പ്രാധാന്യമാർന്ന പങ്ക് നിർവഹിക്കുന്നുണ്ട്.



## ജീവിതരശ്മികൾ
പി.കെ. സെബാസ്റ്റ്യൻ

CPC 81

Pp. 80 ₹35.00

ISBN 81-87655-04-6

നഷ്ടപ്പെടലിന്റെ വേദനയിൽനിന്ന് എങ്ങനെ നിത്യതയുടെ സന്തോഷത്തിലേക്കു കരകയറാം എന്നാണ് 'ജീവിതരശ്മികൾ' എന്ന ഈ ചെറുഗ്രന്ഥത്തിലൂടെ ശ്രീ.പി.കെ. സെബാസ്റ്റ്യൻ കാട്ടിത്തരുന്നത്. മനുഷ്യജീവിതത്തെ ധന്യമാക്കുന്ന ക്രിസ്തുവചനങ്ങളിൽ അധിഷ്ഠിതവും സഭയുടെ പ്രബോധനങ്ങളാൽ കരുത്തുറ്റതും പ്രായോഗികജീവിതാനുഭവങ്ങളാൽ സമ്പുഷ്ടവുമാണ് ഈ ഗ്രന്ഥം.




## ഹൃദയം ഹൃദയത്തോട്
ഫാ. ഡൈസൻ

OUT OF STOCK

CPC 107

Pp. 72 ₹40.00

ISBN 81-87655-40-2

കർമ്മം തനിക്കായ് നൽകിയ യാഗഭൂമിയിൽ അറിവിന്റെ ശാന്തിമന്ത്രമുതിർക്കുന്ന ഫാ. ഡൈസൻ ഈ യാഗത്തിൽ പങ്കുചേരാൻ നമ്മെ വിളിക്കുകയാണ്. 'ഹൃദയം ഹൃദയത്തോട്' പറയുന്നത് മനുഷ്യന്റെ ഭാഷയാണ്. തലമുറകളോട് നിത്യം സംവദിക്കാൻ തയ്യാറെടുക്കുകയാണ് ഈ കൃതി.



## തിരുമുഖം കാണാൻ

ഫാ. ലെയോപ്പോൾദ് ബൊക്കാറോ, ഒ.സി.ഡി.

CPC 110A

Pp. 304 ₹150.00

ISBN 81-87655-48-8

ബഹു. ലെയോപ്പോൾദ് അച്ചൻ പഴയ മലയാള ലിപിയിൽ എഴുതിയ 'നന്മരണായത്തം' എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പാണ് തിരുമുഖം കാണാൻ. ജീവിതതീർത്ഥാടനത്തിൽ അവശ്യം സ്വീകരിക്കേണ്ട സാധനകളെയും തപശ്ചര്യകളെയും, ആർജ്ജിക്കേണ്ട പുണ്യങ്ങളെയുമെല്ലാം വിശദമാക്കുന്നവയാണ് ഓരോ അധ്യായങ്ങളും.



## വിജ്ഞാനരശ്മികൾ

ഡോ. ഫാ. ലൂയിസ് റോച്ച്

CPC 115

Pp. 240 ₹90.00

ISBN 81-87655-64-x

സൂര്യനു കീഴിലുള്ള ഒട്ടുമിക്ക വിഷയങ്ങളും വിജ്ഞാനരശ്മികൾ എന്ന ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്. വിഷയങ്ങളുടെ വൈവിധ്യം ഗ്രന്ഥത്തെ ശ്രദ്ധേയമാക്കുന്നു. മതവും ശാസ്ത്രവും കലയും സാഹിത്യവും ആത്മീയവും ഭൗതികവും രാഷ്ട്രീയവും സാമൂഹികവുമായ വിഷയങ്ങൾപോലും ലളിതമായി ഉപന്യസിച്ചിരിക്കുന്നു.



## പീഡകളുടെ മനുഷ്യൻ

ഫാ. ബർണർഡിൻ വല്ലാത്തറ, ഒ.സി.ഡി.

OUT OF STOCK

CPC 130

Pp. 56 ₹25.00

ISBN 81-87655-75-5

സഹിക്കുന്ന മനുഷ്യന് ക്രൂശിതനായ ക്രിസ്തു എന്നും സമീപസ്ഥനാണ്; അവിടുത്തെ സഹനത്തെക്കുറിച്ചുള്ള ധ്യാനം എന്നും ആശ്വാസകരവും. കുരിശിന്റെയും വേദനകളുടെയും നിമിഷങ്ങളിലൂടെ കടന്നുപോയ ക്രിസ്തു ധ്യാനചിന്തകളിലൂടെ പുനരവതരിക്കുകയാണ് ഈ പുസ്തകത്തിലെ ലേഖനങ്ങളിൽ.



## പ്രകാശരേഖ

ഫാ. ജിയോ പയ്യപ്പിള്ളി

CPC 132

Pp. 264 ₹120.00

ISBN 81-87655-86-0

ക്രൈസ്തവസഭയുടെ വിശ്വാസസംഹിത, ആരാധനാക്രമം, ആദ്ധ്യാത്മികത, നൈതികത, മതാന്തരസംവാദം എന്നിവയെക്കുറിച്ചുള്ള ആധികാരികവും ആനുകാലികവുമായ പ്രൗഢലേഖനങ്ങളുടെ സമാഹാരമാണ് പ്രകാശരേഖ.



## പ്രകാശത്തിന്റെ ഉത്സവം

റവ. ഡോ. സാമുവൽ മാർ ഐറേനിയസ്

OUT OF STOCK

CPC 119

Pp. 168 ₹65.00

ISBN 81-87655-76-3

ജീവിതത്തിന്റെ സങ്കീർണ്ണമായ ഇടനാഴികളിൽ ഓടിത്തളരുമ്പോൾ യഥാർത്ഥ വഴിത്താര ദർശിക്കുവാൻ, പിന്നോട്ടു തിരിഞ്ഞുനോക്കി അല്പനേരം വിചിന്തനം ചെയ്യുവാൻ വായനക്കാരനെ സഹായിക്കുന്ന ഗ്രന്ഥമാണ് 'പ്രകാശത്തിന്റെ ഉത്സവം'.



## ഞാൻ എന്തിനു കരയണം

ടി. ദേവപ്രസാദ്

OUT OF STOCK

CPC 126

Pp. 72 ₹35.00

ISBN 81-87655-74-7

ഞാൻ കരയാനുള്ളവനല്ല. എന്നെക്കുറിച്ചുള്ള എന്റെ ദൈവത്തിന്റെ പദ്ധതി ഞാൻ സന്തോഷിക്കണമെന്നുള്ളതാണ്. ആ പദ്ധതിയുമായി സഹകരിക്കുവാൻ ഞാൻ തയ്യാറാകുമ്പോൾ എന്റെ തേങ്ങലുകൾ പുതുയുഗപ്പിറവിയുടെ ഉണർത്തുപാട്ടുകളാവും. എന്റെ ഉത്തരവാദിത്തങ്ങൾ എനിക്ക് ആവേശം പകരുന്ന വെല്ലുവിളികളാവും.



## ചിന്താരത്നങ്ങൾ

ഫാ. ജെയിംസ് റ്റി. ഞാറയ്ക്കാട്ട്

OUT OF STOCK

CIPH 211

Pp. 224 ₹120.00

ഗ്രന്ഥകാരൻ തന്റെ ഹൃദയത്തെ സ്പർശിച്ച, മഹാന്മാരുടെ ചിന്തകളും മഹത്‌വചനങ്ങളും പുസ്തകരൂപത്തിൽ ആവിഷ്കരിക്കുന്നു. ഓരോ വാക്യങ്ങളും വിലപ്പെട്ടവയാണ്. അവ നമ്മെ ജ്ഞാനികളാക്കും. വിഷമഘട്ടങ്ങളിൽ ആശ്വാസമാകും.



## നൂറുമടങ്ങ്

സിസ്റ്റർ എം.എസ്. നിർമ്മല, സി.സി.ആർ

CIPH 217

Pp. 144 ₹70.00

സമർപ്പിതർ തന്റെ വിളിയുടെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കിയാൽ, വിളിച്ചവനോട് വിശ്വസ്തത പാലിച്ചാൽ ഈ ജീവിതത്തിലുണ്ടാകുന്ന വിജയപരാജയങ്ങൾ പക്വതയോടെ നേരിടാനും, ഈ ജീവിതം അർത്ഥവത്താക്കാനും സാധിക്കുമെന്ന് ഈ ഗ്രന്ഥം നമ്മെ മനസ്സിലാക്കിത്തരും.



## ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക്

ഡോ. ഫാ. ലൂയീസ് റോച്ച്

OUT OF STOCK

CPC 96

Pp. 168 $75.00

വിഷയ വൈവിധ്യംകൊണ്ടും, ആഴമായ പഠനങ്ങൾകൊണ്ടും, അവതരണ ശൈലികൊണ്ടും ഏറെ ശ്രദ്ധേയമായ ലേഖനങ്ങളാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേയ്ക്ക്.



## ക്ഷമയുടെ സുവിശേഷം

ഡോ. സഖറിയാസ് കരിയിലക്കുളം, ഒ.സി.ഡി.

OUT OF STOCK

CPC 142B

Pp. 112 ₹60.00

ISBN 978-81-906131-5-6

ക്ഷമയുടെ വ്യത്യസ്ത രീതികളിലേക്കൊരു പ്രയാണം അഥവാ തീർത്ഥയാത്രയാണ് ഈ പുസ്തകം.



## പ്രത്യാശയുടെ വഴിയിൽ

ഫാ. സ്റ്റീഫൻ പാമ്പയ്ക്കൽ

CIPH 184

Pp. 96 ₹55.00

കാഴ്ചയും കേൾവിയും അനുഭവമാകുമ്പോൾ അറിവ് ആത്മനിഷ്ഠമാകുന്നു. ആത്മനിഷ്ഠമായ അറിവിന്റെ ആഴങ്ങളിലാണ് പ്രചോദനത്തിന്റെ പവിഴപ്പുറ്റുകൾ. ജീവിതപ്രയാണത്തിന്റെ പടവുകളിൽ അടുത്തും അകലെയുംനിന്ന് സംവേദനക്ഷമമായ ഒരു മനസ്സ്, സൂക്ഷിച്ചുവയ്ക്കാൻ കണ്ടെത്തിയ അപൂർവ്വാനുഭവങ്ങളുടെ അക്ഷരക്കൂട്ട്...



## നിന്നെയും കാത്ത് ഒരു നക്ഷത്രം

ഫാ. ശാന്തപ്പൻ എം.

OUT OF STOCK

CIPH 226

Pp. 192 ₹100.00

വെളിച്ചവും വഴികാട്ടിയുമായി ദ്വിമാനധർമ്മങ്ങൾ നിർവ്വഹിക്കുന്ന ഒരു നക്ഷത്രത്തെപ്പോലെ. ശാന്തപ്പനച്ചന്റെ നിന്നെയും കാത്ത് ഒരു നക്ഷത്രം എന്ന പുസ്തകം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രത്യേകിച്ച് മതബോധന അധ്യാപകർക്കും അറിവിന്റെ വെളിച്ചവും ആഴമാർന്ന ആത്മീയ അനുഭവത്തിന്റെ വഴികാട്ടിയുമാണ്. അറിവും അനുഭവവും സംവദിക്കുന്ന ഈ പുസ്തകം വിശ്വാസജീവിതത്തിൽ ഒരു അമൂല്യനിധിതന്നെയാണ്.




## വികാരങ്ങളുടെ വിശുദ്ധീകരണം

ഫാ. സാമുവൽ തുണ്ടിയിൽ

CIPH 239B

Pp. 240 ₹150.00

ആധുനിക ലോകത്തിലെ തകർച്ചകൾക്കു കാരണമാകുന്ന വെല്ലുവിളികളെയും മനുഷ്യജീവിതത്തെ നാമാവശേഷമാക്കാൻ കഴിവുള്ള തിന്മകളെയും ഈ പുസ്തകത്തിലൂടെ ഗ്രന്ഥകാരൻ വിശകലനം ചെയ്യുന്നു. ഇതൊരു വചനാധിഷ്ഠിത, പരിശുദ്ധാത്മാഭിഷേക ചിന്തകളുടെ ആവിഷ്കാരമാണ്.



## വിശ്വസ്നേഹപഠനങ്ങൾ

ടി. ദൈവദാസൻ

CIPH 168

Pp. 136 ₹75.00

നിത്യവും സുഭാഷിതങ്ങൾ ശ്രവിക്കുന്നതിലൂടെ സമൂഹത്തിൽ മൂല്യബോധമുള്ളവരായി ജീവിക്കുവാനും നന്മയുടെ വക്താക്കളായി മാറാൻ കഴിയുമെന്നും സാക്ഷ്യപ്പെടുത്തുന്ന ഒരുത്തമ ഗ്രന്ഥം.



## കാഴ്ചയ്ക്കപ്പുറം

സിസ്റ്റർ എലൈസ് മേരി എഫ്.സി.സി.

CIPH 293A

Pp. 144 ₹110.00

ആഴമേറിയ വായനയിൽനിന്ന് രൂപമെടുക്കുന്ന മൗലികദർശനങ്ങളുടെ ഭാവഭംഗികൾകൊണ്ട് അനുഗൃഹീതമാണ് സിസ്റ്റർ എലൈസ് മേരിയുടെ ലേഖനങ്ങൾ. അവ ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിച്ച് നിൽക്കുന്നു. പ്രൗഢഗംഭീരമായ 13 ലേഖനങ്ങളുടെ സമാഹാരം.




## കടം വാങ്ങിയ കല്ലറ

സി. രാജൻ

CIPH 356

Pp. 80 ₹75.00

ബേത്‌ലെഹെം: കാൽവരിയുടെ പ്രഭാതം, കാനായിലെ വിവാഹവിരുന്ന്, നവാനും ലാസറും, ധൂർത്തപുത്രനും മൂത്തപുത്രനും, ആരാണ് അയൽക്കാരൻ?, യേശു എഴുതിയത് എന്ത്? മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർ, ജലപ്രളയവും ജലക്ഷാമവും, പറുദീസാപ്രവേശം ത്യാഗത്തിന്റെ വല്ക്കം പുതച്ച കുരിശ്, കടം വാങ്ങിയ കല്ലറ, അപ്പോസ്തോലരുടെ അപ്പോസ്തല, എമ്മാവൂസ് വിശേഷം തുടങ്ങി 18 കവിതകളുടെ സമാഹാരം.



## ഒരു ലില്ലിപ്പൂവിന്റെ നറുമണം

OUT OF STOCK

**CIPH 442**

മാജി സാജി

Pp. 104 ₹160.00

സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം മാതൃസ്നേഹമായി മറ്റുള്ളവരിലേക്ക് പകർന്നുനല്കുന്നതിൽ വിജയിച്ച ഒരമ്മ... വിശപ്പിന്റെ വിളിക്ക് ചെവികൊടുത്ത ഒരമ്മ... ആരുമില്ലാത്തവരെ തീറ്റിപ്പോറ്റുന്നതിൽ സംതൃപ്തി കണ്ട ഒരമ്മ... സ്നേഹിക്കുന്നതിൽ പിശുക്കു കാണിക്കാത്ത ഒരമ്മ... ആ അമ്മയെക്കുറിച്ചുള്ള ചെറിയ വിവരണമാണ് ഈ കൊച്ചുപുസ്തകത്തിലൂടെ സാധിച്ചിരിക്കുന്നത്...



## നെബോ മുതൽ പിരമിഡ് വരെ

**CIPH 164**

പ്രൊഫ. ബി. ദേവദാസൻ &

എം. ജി. രാജേശ്വരി അമ്മാൾ

Pp. 127 ₹70.00

ഗ്രന്ഥകർത്താക്കൾ സംയുക്തമായി തയ്യാറാക്കിയ വിശുദ്ധനാട് യാത്രാവിവരണ ഗ്രന്ഥമാണ് 'നെബോ മുതൽ പിരമിഡ് വരെ.' യേശുക്രിസ്തുവിന്റെ വീടും നാടും, പ്രവർത്തിച്ച സ്ഥലങ്ങളും അടുത്തറിഞ്ഞ് എഴുതിയ വിവരണം; വിശുദ്ധനാടുകൾ സന്ദർശിക്കുവാൻ അവസരം ലഭിക്കാത്ത അനേകർക്ക് ആഴമുള്ള പ്രചോദനമാണീഗ്രന്ഥം. ഇതിലെ യാത്രാവിവരണങ്ങൾ മനസ്സിനെയും ആത്മാവിനെയും ആനന്ദിപ്പിക്കുന്നവയും, വിശുദ്ധനാട് സന്ദർശിക്കാനൊരുങ്ങുന്നവർക്ക് ഉപകാരപ്രദവുമാണ്.



## വിശ്വാസം വിശുദ്ധിക്കൊരാമുഖം

**CIPH 427**

സിസ്റ്റർ ഷാരോൺ, സി.എം.സി.

(ഷീബ സി.വി.)

Pp. 72 ₹90.00

വിശ്വാസത്തിലേക്ക് അനുനിമിഷം പ്രയാണം ചെയ്തിരുന്ന രാജാളിപ്പക്ഷിയായിരുന്നു വി. എവുപ്രാസ്യ. വിശ്വാസജീവിതം ഏറ്റവും മഹനീയമായ വിധത്തിൽ മുന്നോട്ടുകൊണ്ടുപോയ വി. എവുപ്രാസ്യയുടെ ജീവിതം വചനത്തിന്റെയും കത്തോലിക്കാപ്രബോധനങ്ങളുടെയും വെളിച്ചത്തിൽ ഒരു പഠനം.



## നന്മപ്രകാശം

ജയിംസ് മങ്കുഴിക്കരി

CIPH 247

Pp. 240 ₹145.00

മരിയൻ ദൈവശാസ്ത്രത്തിലെ നവീനങ്ങളും അത്യുൽകൃഷ്ടങ്ങളുമായ ചിന്താരത്നങ്ങൾ, മഹാവിശുദ്ധരും സഭാതാരങ്ങളുമായ വ്യക്തികളുടെ പുതുമയാർന്ന ജീവചരിത്ര സംഗ്രഹങ്ങൾ, സന്യാസജീവിതത്തെക്കുറിച്ചും പൗരോഹിത്യത്തെക്കുറിച്ചുമുള്ള വസ്തുനിഷ്ഠമായ പഠനങ്ങൾ തുടങ്ങി 37 ലേഖനങ്ങൾ കൊരുത്തെടുത്ത നന്മപ്രകാശത്തിന്റെ തിരിനാളങ്ങൾ.




## ഹൃദയമൊഴി

സിസ്റ്റർ എലൈസ് മേരി FCC

CIPH 373

Pp. 144 ₹120.00

നാഗരികതയുടെ കടന്നാക്രമണങ്ങൾ മനസ്സിലെ ഗ്രാമീണതയെ നശിപ്പിക്കാൻ അനുവദിക്കരുത് എന്നതാണ് ഹൃദയമൊഴിയുടെ സന്ദേശം. ധസരസങ്കല്പങ്ങൾക്കോ ലോകസ്വഭാവങ്ങൾക്കോ നമ്മുടെ മനസ്സിലെ കൊന്നപ്പൂവുകളെ അറുത്തെറിയാൻ കഴിയരുത് എന്ന ആശയമാണ് ഗ്രന്ഥകാരി ആവർത്തിക്കുന്നത്.




## ഒരു നേപ്പാൾയാത്രയുടെ നാൾവഴികൾ

പ്രൊഫ. ബി. ദേവദാസൻ & എം. ജി. രാജേശ്വരി അമ്മാൾ

CIPH 309

Pp. 118 ₹85.00

ഗ്രന്ഥകർത്താക്കൾ നടത്തിയ മൂന്നു യാത്രകളുടെ വിവരണമാണ് ഈ ലഘുഗ്രന്ഥത്തിന്റെ ആവിഷ്കാരം. ഒന്നാംഭാഗം കാശ്മീർ യാത്രയുടെയും രണ്ടാംഭാഗം കൊച്ചുവേളിയിൽ നിന്ന് ഉത്തരാപഥത്തിലേക്ക് നടത്തിയ യാത്രയുടെയും മൂന്നാം ഭാഗം നേപ്പാൾ യാത്രയെക്കുറിച്ചും. ലളിതമായ ഭാഷയും യാഥാർത്ഥ്യബോധത്തോടെയുള്ള വിവരണങ്ങളും ഈ ഗ്രന്ഥത്തിന്റെ വായന സുഖകരമാക്കുന്നു.




## യൂറോപ്പിലൂടെ ഒരു തീർത്ഥാടനം

പ്രൊഫ. ബി. ദേവദാസൻ &
എം. ജി. രാജേശ്വരി അമ്മാൾ

CIPH 366

Pp. 198 ₹160.00

ഇറ്റലി, സ്വിറ്റ്സർലണ്ട്, പാരീസ്, പോർച്ചുഗൽ, സ്പെയിൻ എന്നിങ്ങനെ വിശ്വവിഖ്യാതമായ സ്ഥലങ്ങളിലൂടെയാണ് യാത്ര. പ്രധാന തീർത്ഥാടനകേന്ദ്രങ്ങളുടെ സന്ദർശനരേഖകൾ അവതരിപ്പിച്ചും പ്രകൃതിരമണീയമായ പ്രദേശങ്ങളുടെ യഥാർത്ഥ ചിത്രങ്ങൾ നല്കിയും യാത്രയിലെ അനുഭവങ്ങൾ പങ്കിട്ടും മുന്നേറുന്ന വിവരണം വായനക്കാർക്ക് ഹൃദ്യമായ അനുഭൂതി പകരുന്നതാണ്.



## നസറായനായ യേശുവിനെക്കുറിച്ചുള്ള അന്വേഷണം
### വിശുദ്ധ നാട്ടിലേക്കുള്ള തീർത്ഥാടനം
ഫാ. തോമസ് ജൂനിപ്പർ ജോൺസ്

CIPH 439

Pp. 210 ₹230.00 OUT OF STOCK

നസറായനായ യേശുവിനെക്കുറിച്ചുള്ള അന്വേഷണം; ദൈവവും മനുഷ്യനുമായ യേശുവിനെ വസ്തുതകളുടെ വെളിച്ചത്തിൽ ചരിത്രത്താളുകളിലൂടെ മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു ഗ്രന്ഥമാണ്. നസറായനെക്കുറിച്ച് താൻ വിശ്വസിച്ച കാര്യങ്ങൾ കണ്ടു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥകാരൻ എഴുതുമ്പോൾ വായനക്കാരിലും അതേ പ്രതീതി ജനിപ്പിക്കാൻ ഈ ഗ്രന്ഥത്തിനു സാധിച്ചിട്ടുണ്ട്.



## ക്രൈസ്തവഗീതിക
ടി.പി. ശാസ്തമംഗലം

CIPH 451

Pp. 110 ₹130.00

മലയാളചലച്ചിത്രങ്ങളിൽ ഗണ്യമായ സ്ഥാനമുള്ളവയാണ് ക്രിസ്തീയഭക്തിഗാനങ്ങൾ. ഏതാണ്ട് തുടക്കകാലം മുതൽതന്നെ അവ വെള്ളിത്തിരയിൽ മുഴങ്ങിക്കേട്ടിരുന്നു. പരമ്പരാഗതഗാനങ്ങളെ അതിശയിക്കുന്ന രചനാഗുണവും സംഗീതമേന്മയും അവയെ എന്നും വേറിട്ടതാക്കി. ചലച്ചിത്രങ്ങളിൽ കേട്ട മുപ്പത് മികച്ച ക്രൈസ്തവ ഭക്തിഗാനങ്ങൾ തിരഞ്ഞെടുത്ത് പഠനാർഹമായ രീതിയിൽ അവയെ അപഗ്രഥിച്ചിരിക്കുകയാണ് പ്രശസ്തഗാനനിരൂപകനായ ശ്രീ. ടി.പി. ശാസ്തമംഗലം. മലയാളികളുടെ മനസ്സിൽ മധുരമൂറിനില്ക്കുന്ന, ചുണ്ടുകളിൽ സദാ ശ്രുതിയിടുന്ന അത്തരം പാട്ടുകളുടെ ആസ്വാദനം വായനക്കാർക്ക് പുതിയ അനുഭവമായിരിക്കും സമ്മാനിക്കുക എന്നതിൽ സംശയമില്ല.



## മൺപാത്രത്തിലെ നിധി
സിസ്റ്റർ ട്രീസ ജേക്കബ്ബ് എച്ച്.സി.

CIPH 471

Pp. 191 ₹190.00

